
# വേദ പുസ്തക സഭ




by

J.C. CHOATE

*Published by*

WORLD LITERATURE PUBLICATIONS, TRIVANDRUM

## ഈ പുസ്തകം തപാൽ പഠനത്തിനു ഉപയോഗിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ

പാഠങ്ങൾ ഓരോന്നും ശരിയായി വായിച്ച് മനസിലാക്കിയശേഷം നിങ്ങളുടെ കൈവശമുള്ള പുതിയ നിയമമോ പഴയതും പുതിയതും അടങ്ങുന്ന പൂർണ്ണബൈബിളോ എടുത്തു പരിശോധിക്കണം. അതിനുശേഷം വേറൊരു കടലാസിൽ ഓരോ ചോദ്യങ്ങൾക്കും ഉള്ള ഉത്തരങ്ങൾ ഓരോ പാഠത്തിൽ നിന്നും എടുത്ത് എഴുതണം. ഏതു പാഠത്തിലെ ചോദ്യങ്ങൾക്കുള്ള ഉത്തരമാണ് എന്ന് മുകളിൽ കാണിച്ചിരിക്കണം. പുസ്തകം നിങ്ങൾ സൂക്ഷിക്കുകയും ഉത്തരങ്ങൾ എഴുതിയ കടലാസു മാത്രം അദ്ധ്യാപകനു മാർക്കിടാൻ അയച്ചുകൊടുക്കുകയും ചെയ്യുക. അയക്കേണ്ട വിലാസം താഴെ കൊടുത്തിട്ടുണ്ട്. കുറെ പാഠങ്ങളുടെ ചോദ്യങ്ങൾ പൂരിപ്പിച്ചോ അല്ലെങ്കിൽ എല്ലാ പാഠങ്ങളുടേയും ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങൾ ആയോ പൂരിപ്പിച്ച് അയക്കാം. അതു തെറ്റു തിരുത്തി മാർക്ക് ഇട്ട് അയച്ചുതരുന്നതാണ്. ഈ കോഴ്സ് പഠിച്ച് പൂർത്തിയാക്കുന്നവർക്ക് അനുമോദനം. ഇതു നിങ്ങൾക്കു പ്രയോജനപ്പെടും എന്ന് പ്രത്യാശിക്കുന്നു.

ഗ്രന്ഥകർത്താവ്

പകർപ്പവകാശം – ജെ. സി. ചോട്ട് പബ്ലിക്കേഷൻസ്

ഇന്ത്യ, ശ്രീലങ്കാ, പാക്കിസ്ഥാൻ, ഇൻഡോനേഷ്യാ, സിംഗപ്പൂർ, ഗ്വാട്ടിമാല, റഷ്യാ, ഘാനാ, ദക്ഷിണാഫ്രിക്കാ, കൊറിയ, ഫിലിപ്പിയാ തുടങ്ങിയ അനേകം രാജ്യങ്ങളിൽ പ്രിന്റ് ചെയ്തിട്ടുണ്ട്.

ഇംഗ്ലീഷ്, ഹിന്ദി, പയിറ്റെ, ഉർദു, തെലുങ്ക്, കൊറിയൻ, സൂലൂ, ജാപ്പനീസ്, തമിഴ്, മലയാളം, ഇൻഡോനേഷ്യൻ, ചൈനീസ്, സ്പാനിഷ്, റഷ്യാ, ബംഗാളി, ഫ്രഞ്ച്, പഞ്ചാബി എന്നീ ഭാഷകളിൽ പുസ്തകം ഇറക്കിയിട്ടുണ്ട്.

ഈ പുസ്തകം 5000 കോപ്പി, 1997

കോപ്പികൾക്ക്

**ജെ. സി. ചോട്ട് പബ്ലിക്കേഷൻസ്**

ചർച്ച് ഓഫ് ക്രൈസ്റ്റ്

തിരുവനന്തപുരം – 695 034

# മുഖവുര

ശ്രീലങ്കയിലെ കൊളംബൊയിൽ നിന്നു ഇറക്കുന്ന "വീക്കെന്റ് മാഗസീനിൽ" 13 പാഠങ്ങൾ ആയി ബൈബിൾ കറസ്പോണ്ടൻസ് കോഴ്സ് ആയി എഴുതി പ്രസിദ്ധീകരിച്ചതാണ്. സഭയെകുറിച്ച് അറിയാത്തവർക്കു വേണ്ടി ആയതുകൊണ്ട് പരമാവധി ലളിതമാക്കാൻ ഞാൻ ശ്രമിച്ചിട്ടുണ്ട്. ഒന്നിനൊന്നു പുരോഗമിക്കുന്ന രീതിയിലാണ് പാഠങ്ങൾ രൂപപ്പെടുത്തിയിരിക്കുന്നത്. മുഖ്യമായ കാര്യങ്ങൾ ഉൾപ്പെടുത്തിയാണ് ചോദ്യങ്ങൾ ക്രമപ്പെടുത്തിയിരിക്കുന്നത്.

ഇന്ത്യയിൽ ഡെൽഹിയിലേക്കു മാറിയതോടെ ഇതു പുസ്തകരൂപത്തിൽ പുനഃ പ്രകാശനം നടത്തുകയും ഇന്നുവരെ പുസ്തകം ഉപയോഗിക്കയും ചെയ്തു വരുന്നു. പിന്നീട് ശ്രീലങ്ക, സിംഗപ്പൂർ, അമേരിക്കയിലെ ഗ്വാട്ടിമാല തുടങ്ങിയ അനേകം രാജ്യങ്ങളിൽ പ്രിന്റ് ചെയ്യുകയുണ്ടായി. ഈ രാജ്യങ്ങൾക്കു പുറമെ ലോകത്തിൽ മിക്കവാറും രാജ്യങ്ങളിലേക്ക് അയച്ചുകൊടുക്കുകയും പലരും വായിച്ചു മനസിലാക്കുകയും ചെയ്തിട്ടുണ്ട്.

വായനക്കാരനെ ബൈബിളിലെ സഭയിലേക്കു നയിക്കുക എന്നതാണ് ഈ പുസ്തകം പരിചയപ്പെടുത്തുന്നതിന്റെ ഉദ്ദേശം. നിങ്ങൾ ഈ പുസ്തകം ശരിയായി ബൈബിളുമായി നോക്കി ഒരു താരതമ്മ്യ പഠനം നടത്തിയാൽ കർത്താവിനു ഒരേ ഒരു സഭയാണുള്ളതെന്നും ആ സഭ ക്രിസ്തുവിന്റെ പേരാണ് ധരിക്കേണ്ടതെന്നും നിങ്ങൾ അതിൽ അംഗമാകേണ്ടതാണെന്നും നിങ്ങൾക്കു വിശ്വാസമാകും എന്നാണ് എന്റെ വിശ്വാസം. എന്റെ വാക്കു കേട്ടുകൊണ്ടല്ല, നിങ്ങൾ വായിച്ച് ഗ്രഹിക്കുക. അതു സത്യമാണെങ്കിൽ സ്വീകരിക്കുക. അസത്യമാണെങ്കിൽ തള്ളിക്കളയാം. അങ്ങനെ മാത്രമെ നിങ്ങൾക്കു ശരിയായ വഴി എടുക്കാൻ പറ്റു.

ക്രിസ്തീയ സഹോദരങ്ങൾ ഈ പുസ്തകം അവരുടെ സ്നേഹിതന്മാർക്കു ഉപയോഗിക്കുവാൻ പരിചയപ്പെടുത്തണമെന്നാണ് അവരോടുള്ള എന്റെ ഉത്തേജനം. എവിടെയെല്ലാം നല്ല രീതിയിൽ ഇതിനെ ഉപയോഗിക്കുന്നുവോ അവിടെയെല്ലാം നല്ല ഫലവും പ്രതീക്ഷിക്കാം എന്നാണ് എന്റെ അഭിപ്രായം.

ഭാവിയിലും ഇത്തരത്തിലുള്ള പ്രസിദ്ധീകരണങ്ങളുടെ അനേകം കോപ്പികൾ പ്രിന്റു ചെയ്യുവാൻ സഹായിക്കട്ടെ എന്നും ഇതു വളരെയധികം ആത്മാക്കളെ ക്രിസ്തുവിലേക്കു എത്തുവാൻ സഹായിക്കട്ടെ എന്നും പ്രാർത്ഥിക്കുകയും പ്രതീക്ഷിക്കുകയും ചെയ്യുന്നു.


ജെ. സി. ചോട്ട്
മീഡ്സ് ലൈൻ, തിരുവനന്തപുരം

ഒക്ടോബർ 1997

# വിഷയവിവരം


പേജ്

*പാഠം ഒന്ന്*

സഭയുടെ അർത്ഥം ........ 5

*പാഠം രണ്ട്*

സഭയുടെ വരവ് ........ 11

*പാഠം മൂന്ന്*

സഭയുടെ സ്ഥാപനം ........ 17

*പാഠം നാല്*

സഭയുടെ കണ്ടെത്തൽ ........ 24

*പാഠം അഞ്ച്*

സഭയുടെ പേർ ........ 31

*പാഠം ആറ്*

സഭയുടെ ഘടന ........ 38

*പാഠം ഏഴ്*

സഭയിലേക്കുള്ള പ്രവേശനം ........ 45

*പാഠം എട്ട്*

സഭയുടെ ആരാധന ........ 52

*പാഠം ഒൻപത്*

സഭയുടെ പ്രവർത്തി ........ 59

*പാഠം പത്ത്*

സഭയുടെ ഐക്യം ........ 67

*പാഠം പതിനൊന്ന്*

സഭയുടെ തത്വസംഹിത ........ 73

*പാഠം പന്ത്രണ്ട്*

സഭയുടെ ചരിത്രം ........ 80

*പാഠം പതിമൂന്ന്*

സഭ ഇന്ന് ........ 88

## പാഠം 1

# സഭയുടെ അർത്ഥം

ഒരു സഭയെക്കുറിച്ചു ബൈബിൾ സംസാരിക്കുന്നുണ്ടെന്നുള്ള കാര്യം ആരും നിഷേധിക്കയില്ല. എന്നാൽ ആരുടെ സഭ? ഏതു സഭ? ഈ ചോദ്യങ്ങളും മറ്റനേകം ചോദ്യങ്ങളും പരിഗണിച്ച് ഉത്തരങ്ങൾ പിന്നീട് നല്കാം. എന്നാൽ ഇപ്പോൾ സഭ എന്നാൽ എന്തു എന്നു നാം കണ്ടെത്തേണ്ടിയിരിക്കുന്നു.

ആരംഭത്തിൽ അതു എന്തല്ല എന്നു നോക്കാം. തിരുവെഴുത്തിൽ വിവരിച്ചിരിക്കുന്ന സഭ, കത്തോലിക്കാ സഭയോ, പ്രൊട്ടസ്റ്റൻഡ് സഭയോ, യെഹൂദസഭയോ അല്ല. അതു നാമധേയമോ, പരസ്പരബന്ധിതമായ സഭയോ, വിഭാഗമോ അല്ല. അതു ഒരു രാഷ്ട്രീയ സംഘടനയോ സാമൂഹ്യസംഘടനയോ, ഭൗതികമായി കൂടിവരുന്ന ഒരു കെട്ടിടമോ അല്ല. അപ്പോൾ സഭ എന്നു പറഞ്ഞാൽ ഇവയൊന്നും അല്ലെങ്കിൽ പിന്നെ എന്താണ്?

സഭ എന്താണെന്നു ഭൂരിഭാഗം പേർക്കും അറിഞ്ഞുകൂടാത്തതുകൊണ്ടു അവർക്ക് അതു മനസിലാക്കാൻ കഴിയുന്നില്ല. അതിന്റെ ഉദ്ദേശമോ പ്രാധാന്യമോ പ്രവൃത്തികളോ എന്തെന്നു അവർക്ക് മനസിലാകുന്നില്ല. എന്നാൽ ബൈബിളിൽ അതു വ്യക്തമായി വെളിപ്പെടുത്തിയിട്ടുണ്ട്. സഭ എന്ന വാക്ക് ഗ്രീക്ക് പദമായ എക്ലേസിയ എന്ന പദത്തിൽ നിന്നും വന്നിട്ടുള്ളതാണ്. അതിന്റെ അർത്ഥം "വിളിച്ചു വേർതിരിക്കപ്പെട്ടവർ" എന്നാണ്. ലോകത്തിൽ നിന്നും ദൈവത്തിന്റെ പ്രിയ പുത്രന്റെ രാജ്യത്തിലേക്ക് വിളിച്ച് വേർതിരിച്ചിരിക്കുന്ന ഒരു കൂട്ടം ആളുകളെ സഭ എന്നു വിളിക്കുന്നു (കൊലൊസ്യർ 1:13). അതു ക്രിസ്തുവിന്റെ ആത്മീയ ശരീ

രമാണ് (1 കൊരിന്ത്യർ 12:27). അവർ ക്രിസ്തുവിന്റെ കല്പനകളെ അനുസരിച്ചവരായിരിക്കും (എബ്രായർ 5:8–9). അതുകൊണ്ടു അവനാൽ അവർ രക്ഷിക്കപ്പെടുകയും അവരെ അവന്റെ സഭയോടു ചേർക്കുകയും ചെയ്യുന്നു (മർക്കൊസ് 16:16; പ്രവൃത്തി 2:47). മറ്റൊരുവിധത്തിൽ പറഞ്ഞാൽ ക്രിസ്തുവിനെ പിൻപറ്റുന്ന അവന്റെ ശിഷ്യന്മാരാണ് സഭയിൽ ഉണ്ടായിരിക്കുന്നതു എന്നു സാരം.

സഭ എന്ന വാക്ക് രണ്ടു അർത്ഥത്തിൽ ഉപയോഗിച്ചിരിക്കയാണ് ബൈബിളിൽ. ആദ്യമായി ഇതു സാർവ്വദേശീയമായ രീതിയിൽ പ്രതിപാദിച്ചിരിക്കുന്നു. നീ പത്രോസ് ആകുന്നു; ഈ പാറമേൽ ഞാൻ എന്റെ സഭയെ പണിയും; പാതാളഗോപുരങ്ങൾ അതിനെ ജയിക്കയില്ല എന്നു കർത്താവു പറഞ്ഞപ്പോൾ തന്റെ മനസിൽ ഉണ്ടായിരുന്ന ആശയം അതായിരുന്നു (മത്തായി 16:18). മറ്റനേകം വേദഭാഗങ്ങളിലും സാർവ്വദേശിയമായ അർത്ഥത്തിൽ സഭയെ എടുത്തു കാണിച്ചിട്ടുണ്ട്. ലോകത്തിൽ എവിടെയായാലും ബൈബിളിലെ സഭയെ നമുക്ക് കണ്ടെത്താൻ കഴിയുമ്പോൾ, കർത്താവ് പണിയുമെന്നു പറഞ്ഞ സഭ ഇതുതന്നെ എന്നു നമുക്കു മനസിലാക്കാം. രണ്ടാമതായി പ്രാദേശികം എന്ന അർത്ഥത്തിലാണ് ഈ വാക്ക് ഉപയോഗിച്ചിട്ടുള്ളത്. ഉദാഹരണമായി പൌലോസ്, റോമയിലുള്ള വിശുദ്ധന്മാർക്കു ലേഖനം എഴുതുമ്പോൾ വിവിധ ഇടവകകളെ ഉൾപ്പെടുത്തി പറയുന്നത്: ക്രിസ്തുവിന്റെ സകലസഭകളും നിങ്ങളെ വന്ദനം ചെയ്യുന്നു" എന്നത്രെ (റോമർ 16:16). ഇവിടെ അവൻ പറയുന്നതു അനേക നാമധേയ വിഭാഗങ്ങളല്ല. മറിച്ച് കർത്താവിന്റെ സഭ എവിടെയെല്ലാം ഉണ്ടോ അവയെ എല്ലാം ഉൾപ്പെടുത്തിക്കൊണ്ടാണ്.

കൂടുതൽ വിവരിക്കുമ്പോൾ, കൊരിന്ത്യയിലെ സഭ, എഫേസോസിലെ സഭ, ഫിലിപ്പിയയിലെ സഭ എന്നിങ്ങനെ ഓരോ പ്രദേശത്തുള്ള ഇടവകകളെ പരാമർശിച്ചിരിക്കുന്നതായി തിരുവെഴു

ത്തിൽ നിന്നും നിങ്ങൾക്കു ഗ്രഹിക്കാം (1 കൊരിന്ത്യർ 1:2; എഫെസ്യർ 1:1; ഫിലിപ്പിയർ 1:1). സഭ എന്നു കേൾക്കുമ്പോൾ ആളുകളുടെ മനസിൽ എപ്പോഴും നാമധേയ വിഭാഗങ്ങളാണ് വരുന്നത്. അതുകൊണ്ട് മുകളിൽ പറഞ്ഞകാര്യങ്ങൾ ഇവരിൽ പരിഭ്രാന്തിയുണർത്തുന്നതാണ്. പക്ഷെ നാമധേയ വിഭാഗങ്ങൾ ഒന്നും ബൈബിളിൽ നിങ്ങൾക്കു കാണാൻ കഴിയുകയില്ല. എണ്ണമറ്റ ഇടവകകളെ തിരുവചനത്തിൽ വായിക്കുന്നുണ്ട്. അവയെല്ലാം കർത്താവിന്റെ സഭകളാണ്. പ്രാദേശികമായ ഈ സഭകളെയെല്ലാം ചേർത്തുകൊണ്ടു സാർവ്വദേശിയമായ അർത്ഥത്തിൽ സഭയെന്നും പറഞ്ഞിരിക്കുന്നു. നാമധേയ വിഭാഗങ്ങളെ പൂർണ്ണമായി മറക്കത്തക്ക വിധത്തിൽ ബൈബിളിൽ വായിക്കുന്നതു കർത്താവ് തന്നെത്താൻ കൊടുത്ത സഭയാണ്.

സഭയുടെ അർത്ഥം മനസിലാക്കുവാൻ സഹായകരമായ ചിത്രീകരണങ്ങൾ വേദപുസ്തകത്തിൽ നാം കാണുന്നുണ്ട്.

1. **ക്രിസ്തുവിന്റെ ശരീരം:** ക്രിസ്തു തലയായ അവന്റെ ആത്മീയ ശരീരമാണ് സഭ (എഫേസ്യർ 5:23). ഏക ശരീരവും ആ ശരീരം സഭയുമാണ് (എഫേസ്യർ 4:4; കോലോസ്യർ 1:18).

2. **ദൈവത്തിന്റെ ഭവനം:** തിരുവെഴുത്തിൽ പറയുന്ന ഭവനം മനസിലാകുന്ന രീതിയിൽ ഒരു കുടുംബമായിട്ടാണ് ചിത്രീകരിച്ചിരിക്കുന്നതു. അപ്പോൾ സഭ എന്നതു ദൈവത്തിന്റെ കുടുംബമാണ് (1 തിമൊഥെയോസ് 3:15). ജീവനുള്ള ദൈവത്തിന്റെ ആലയമാണ് സഭ. ദൈവം നമ്മുടെ പിതാവും നാം അവന്റെ മക്കളും ആകുന്നു (ഗലാത്യർ 3:26,27; എഫേസ്യർ 1:3).

3. **ദൈവരാജ്യം:** ഒരു രാജ്യത്തിൽ രാജാവുണ്ടാകണം. ക്രിസ്തു അതിന്റെ രാജാവ് (വെളിപ്പാട് 17:14). രാജാവാണെങ്കിൽ രാജ്യം നിലനില്ക്കണം. അതു നില നില്ക്കുന്നുണ്ട് (പ്രവൃത്തി 8:12). നാം അവന്റെ പ്രജകളാണ്. ലോകം അതിന്റെ പ്രദേശമാകു

ന്നു. പുതിയ നിയമം അതിന്റെ ചട്ടങ്ങളാകുന്നു. ഇതാണ് സഭ (മത്തായി 16: 18–19).

4. കർത്താവിന്റെ മുന്തിരിത്തോട്ടം: ക്രിസ്തു മുന്തിരിവള്ളിയും വ്യക്തികളാകുന്ന നാം ക്രിസ്തുവിന്റെ തോട്ടത്തിൽ വേല ചെയ്തു ഫലം കായ്ക്കുക എന്നതാണ് ഉദ്ദേശം.

സഭ ഇങ്ങനെ നിർവ്വചിച്ചിരിക്കുന്നു. ഈ കാര്യങ്ങൾ ദൈവ വചനവെളിച്ചത്തിൽ സ്വയമായി കണ്ടെത്തി പഠിക്കുക. ദൈവം ആഗ്രഹിച്ചു നിർമ്മിച്ചതായ സഭ നിങ്ങൾ വേദപുസ്തകത്തിൽ നിന്നും കണ്ടെത്തിയാൽ നിങ്ങളുടെ സ്വഭാവം തന്നെ മാറും. മാത്ര മല്ല, നിങ്ങളുടെ ജീവിതം പോലും മാറും.

### ചോദ്യങ്ങൾ

*ശരിയായ ഉത്തരം ഏതെന്ന് വൃത്താകൃതിയിൽ അടയാളപ്പെടുത്തുക*

1. ബൈബിളിൽ ഒരു സഭയെക്കുറിച്ച് പറയുന്നു — ശരി തെറ്റ്
2. സഭ കത്തോലിക്കയാണ് — ശരി തെറ്റ്
3. ഭൂരിഭാഗം പേർക്കും സഭ എന്നു പറഞ്ഞാൽ മനസിലാകും — ശരി തെറ്റ്
4. സഭ എന്ന വാക്ക് ബൈബിളിൽ ഒരർത്ഥത്തിൽ മാത്രമെ പറഞ്ഞിട്ടുള്ളു — ശരി തെറ്റ്
5. അവൻ സഭകളെ പണിയുമെന്നു ക്രിസ്തു പറഞ്ഞു — ശരി തെറ്റ്
6. ആസ്യയിലെ ഏഴുസഭകൾ, ഏഴു ജില്ലകളിലെ നാമധേയ വിഭാഗങ്ങൾ ആകുന്നു — ശരി തെറ്റ്
7. സഭ എന്നതു ക്രിസ്തുവിന്റെ ശരീരമാകുന്നു — ശരി തെറ്റ്

8. ഒരു ശരീരം മാത്രം ശരി തെറ്റ്

9. സഭയുടെ തല ക്രിസ്തു ആകുന്നു ശരി തെറ്റ്

10. രാജ്യം വരാനിരിക്കുന്നേയുള്ളു ശരി തെറ്റ്

***ശരിയായ ഉത്തരം എഴുതുക***

1. സഭ എന്തല്ല എന്നതിനു ചില ഉദാഹരണങ്ങൾ എഴുതുക............

....................................................................................................

2. ഏതു ഗ്രീക്കു വാക്കിൽ നിന്നാണ് സഭ എന്ന വാക്ക് വന്നത് ?.........

....................................................................................................

3. സഭയിൽ ഉൾപ്പെടുന്നതെന്ത് ?...................................................................

....................................................................................................

4. ഏതെല്ലാം രണ്ട് അർത്ഥത്തിലാണ് സഭ എന്ന വാക്ക് പ്രതിപാദിച്ചിരിക്കുന്നത് ?............................................................................

....................................................................................................

5. ഞാൻ എന്റെ സഭയെ പണിയും എന്നു ആരു പറഞ്ഞു?...................................................................................

....................................................................................................

6. അവൻ എത്ര സഭ പണിതു?.....................................................................

....................................................................................................

7. ആസ്യയിലെ ഏഴു സഭകൾ ഏവ?...............................................................

....................................................................................................

8. എത്ര ശരീരങ്ങൾ ഉണ്ട്?......................................................................

....................................................................................................

9. ആരാണ് രാജാധിരാജാവ്?.......................................................................

10. കർത്താവിന്റെ മുന്തിരിത്തോട്ടത്തിൽ നാം ചെയ്യേണ്ടതെന്ത്?..........................................................................................
......................................................................................................................

*ചുരുക്കി നിർവ്വചിക്കുക*

1. എക്ലേസ്യാ..........................................................................................
2. ക്രിസ്തുവിന്റെ ശരീരം..........................................................................
3. ദൈവത്തിന്റെ ഭവനം...........................................................ദൈവ രാജ്യം..........................................................................................
5. കർത്താവിന്റെ മുന്തിരിത്തോട്ടം..........................................................

പാഠം 2

# സഭയുടെ വരവ്

പെട്ടെന്ന് ഒരു പ്രഭാതത്തിൽ പൊട്ടിവീണതല്ല സഭ. അതിനു പദ്ധതി ആവിഷ്ക്കരിച്ച്, പ്രവചിച്ച്, വാഗ്ദാനം ചെയ്തശേഷം സ്ഥാപിച്ചതാണ്. ഇവയെല്ലാം ബൈബിളിൽ വ്യക്തമാക്കിയിട്ടുണ്ട്.

ആദ്യമായി ദൈവത്തിന്റെ മനസിലാണ് സഭ നിലവിൽ വന്നത്. എഫെസോസിലെ വിശുദ്ധന്മാർക്കു പൌലൊസ് ഇതു വെളിപ്പെടുത്തുന്നുണ്ട് "സ്വർഗ്ഗത്തിലെ സകല ആത്മികാനുഗ്രഹത്താലും നമ്മെ ക്രിസ്തുവിൽ അനുഗ്രഹിച്ചിരിക്കുന്ന നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ ദൈവവും പിതാവുമായവൻ വാഴ്ത്തപ്പെട്ടവൻ. നാം തന്റെ സന്നിധിയിൽ വിശുദ്ധരും നിഷ്ക്കളങ്കരും ആകേണ്ടതിനു അവൻ ലോകസ്ഥാപനത്തിനു മുമ്പെ അവനിൽ നമ്മെ തിരഞ്ഞെടുക്കയും തിരുഹിതത്തിന്റെ പ്രസാദപ്രകാരം യേശുക്രിസ്തു മുഖാന്തരം നമ്മെ ദത്തെടുക്കേണ്ടതിനു അവൻ പ്രിയനായവനിൽ നമുക്കു സൌജന്യമായി നല്കിയ തന്റെ കൃപാ മഹത്വത്തിന്റെ പുകഴ്ച്ചക്കായി സ്നേഹത്തിൽ നമ്മെ മുന്നിയമിക്കയും ചെയ്തുവല്ലൊ (എഫെസ്യർ 1:3–6) എഫെസോസിലെ സഭയ്ക്കു എഴുതുകയാണ് എന്നോർക്കുക. ദൈവം അവരെ ലോക സ്ഥാപനത്തിനു മുൻപെ തിരഞ്ഞെടുത്തിരിക്കുന്നു. ലോകം ഉണ്ടാകുന്നതിനു മുൻപ് തന്നെ ദൈവ മനസിൽ ഉണ്ടായിരുന്ന ഒന്നായിരുന്നു സഭ. ദൈവം രൂപപ്പെടുത്തി തയ്യാറാക്കിക്കൊണ്ടിരുന്ന അങ്ങനെയുള്ള ഒരു സ്ഥാപനത്തെ മനുഷ്യനു എങ്ങനെ വില കുറച്ചു കാണാൻ കഴിയും? അപ്രധാനമായി കാണുവാൻ കഴിയും?

രണ്ടാമതായി, സഭയെ പ്രവചനത്തിലൂടെ നിരവധി പ്രാവശ്യം മുന്നറിയിച്ചിട്ടുണ്ട്. അന്ത്യകാലത്തു യഹോവയുടെ ആലയമുള്ള പർവ്വതം പർവ്വതങ്ങളുടെ ശിഖരത്തിൽ സ്ഥാപിതവും കുന്നുകൾക്കു മീതെ ഉന്നതവുമായിരിക്കും. സകല ജാതികളും അതിലേക്കു ഒഴുകിച്ചെല്ലും. അനേകവംശങ്ങളും ചെന്നു; വരുവിൻ, നമുക്കു യഹോവയുടെ പർവ്വതത്തിലേക്കു, യാക്കൊബിൻ ദൈവത്തിന്റെ ആലയത്തിലേക്കു കയറിച്ചെല്ലാം; അവൻ നമുക്കു തന്റെ വഴികളെ ഉപദേശിച്ചു തരികയും നാം അവന്റെ പാതകളിൽ നടക്കുകയും ചെയ്യും എന്നു പറയും. സീയോനിൽ നിന്നു ഉപദേശവും യെരുശലേമ്മിൽ നിന്നു യഹോവയുടെ വചനവും പുറപ്പെടും (യെശയ്യാവ് 2:2–3). യോവേലും പ്രവചിക്കുന്നതു കേൾക്കുക – അതിന്റെ ശേഷമോ, ഞാൻ സകല ജഡത്തിന്മേലും എന്റെ ആത്മാവിനെ പകരും; നിങ്ങളുടെ പുത്രന്മാരും പുത്രിമാരും പ്രവചിക്കും, നിങ്ങളുടെ വൃദ്ധന്മാർ സ്വപ്നങ്ങളെ കാണും; നിങ്ങളുടെ യൌവ്വനക്കാർ ദർശനങ്ങളെ ദർശിക്കും. ദാസന്മാരുടെ മേലും ദാസിമാരുടെ മേലും കൂടെ ഞാൻ ആ നാളുകളിൽ എന്റെ ആത്മാവിനെ പകരും (യോവേൽ 2:28–29). ദാനിയേലും സൂചിപ്പിച്ചിട്ടുണ്ട് "ഈ രാജാക്കന്മാരുടെ കാലത്ത് സ്വർഗ്ഗസ്ഥനായ ദൈവം ഒരു നാളും നശിച്ചു പോകാത്ത ഒരു രാജത്വം സ്ഥാപിക്കും; ആ രാജത്വം വേറെ ഒരു ജാതിക്കു ഏല്പിക്കപ്പെടുകയില്ല. അതു ഈ രാജ്യങ്ങളെ ഒക്കെയും തകർത്തു നശിപ്പിക്കയും എന്നേക്കും ഉണ്ടാവുകയും ചെയ്യും. തീർച്ചപ്പെടുത്താവുന്ന ചില സംഗതികൾ താഴെ കൊടുക്കുന്നു.

1. രാജ്യം അന്ത്യകാലത്തു സ്ഥാപിതമാകും
2. അതു പർവ്വതങ്ങളിന്മേൽ സ്ഥാപിതമാകും
3. എല്ലാ ദേശക്കാരും അതിലേക്കു ഒഴുകി ചെല്ലും
4. സകല ജഡത്തിന്മേലും കർത്താവു തന്റെ ആത്മാവിനെ പകരും
5. അതു നാലാമത്തെ ലോക രാജത്വകാലയളവിൽ സ്ഥാപിതമാകും

6. അതു മറ്റെല്ലാ രാജത്വങ്ങളെയും തകർത്തു എന്നേക്കും നില നില്ക്കും

ഇതെല്ലാം എവിടെയാണ് സംഭവിച്ചത് എന്ന് അറിയാൻ അപ്പൊസ്തല പ്രവൃത്തികൾ രണ്ടാം അദ്ധ്യായം ശ്രദ്ധിച്ചു വായിക്കുക.

മൂന്നാമതായി സഭയെ വാഗ്ദാനം ചെയ്തിരുന്നു. യോഹന്നാൻ പറഞ്ഞതു: ദൈവരാജ്യം ആസന്നമായിരിക്കുന്നു എന്നാണ് (മത്തായി 3:3). അതിന്റെ അർത്ഥം അതു അടുത്ത സമയത്തു തന്നെ സ്ഥാപിതമാകും എന്നാകുന്നു. നീ പത്രൊസ് ആകുന്നു, ഈ പാറമേൽ ഞാൻ എന്റെ സഭയെ പണിയും പാതാളഗോപുരങ്ങൾ അതിനെ ജയിക്കയില്ല എന്നു യേശു പത്രൊസിനോടു പറഞ്ഞിരുന്നു (മത്തായി 16:18). കർത്താവ് പറഞ്ഞതു: ദൈവരാജ്യം ശക്തിയോടെ വരുന്നതു കാണുവോളം മരണം ആസ്വദിക്കാത്തവർ ചിലർ ഈ നില്ക്കുന്നവരിൽ ഉണ്ട് എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു എന്നത്രെ (മർക്കൊസ് 9:1). ക്രിസ്തു കഷ്ടം അനുഭവിക്കുകയും മൂന്നാം നാൾ മരിച്ചവരിൽ നിന്നു ഉയിർത്തെഴുന്നേല്ക്കുകയും അവന്റെ നാമത്തിൽ മാനസാന്തരവും പാപമോചനവും യെരുശലേമിൽ തുടങ്ങി സകല ജാതികളിലും പ്രസംഗിക്കയും വേണം എന്നിങ്ങനെ എഴുതിയിരിക്കുന്നു. ഇതിനു നിങ്ങൾ സാക്ഷികൾ ആകുന്നു. എന്റെ പിതാവു വാഗ്ദാനം ചെയ്തതിനെ ഞാൻ നിങ്ങളുടെ മേൽ അയക്കും. നിങ്ങളോ ഉയരത്തിൽ നിന്നു ശക്തി ലഭിക്കുവോളം നഗരത്തിൽ പാർപ്പിൻ എന്നു അവരോടു പറഞ്ഞു (ലൂക്കൊസ് 24: 46-49) ഈ വസ്തുതകൾ പരിശോധിക്കുക

1. ദൈവരാജ്യം അടുത്തിരിക്കുന്നു
2. ക്രിസ്തു മരിച്ചാലും പണിയും എന്നു വാഗ്ദാനം ചെയ്തിരിക്കുന്നു.
3. രാജ്യം സ്ഥാപിതമാകുമ്പോൾ ക്രിസ്തുവിനോടുകൂടെ ജീവിച്ചിരുന്നവരിൽ ചിലർ ഉണ്ടാകും.
4. അത് ശക്തിയോടെ വരും.

5. മാനസാന്തരവും പാപമോചനവും അവന്റെ നാമത്തിൽ സകല ജാതികളോടും പ്രസംഗിക്കപ്പെടും.

6. അതു യെരുശലേമിൽ ആരംഭിക്കും.

7. ശക്തി ലഭിക്കുവോളം അപ്പൊസ്തലന്മാർ യെരുശലേം നഗരത്തിൽ പാർക്കണം.

ദൈവരാജ്യം സ്ഥാപിക്കുന്ന ഘട്ടത്തിലേക്കു പ്രവേശിക്കുമ്പോൾ ഈ പറഞ്ഞ കാര്യങ്ങളെല്ലാം മനസിൽ സംക്ഷിപ്തമാക്കുക. അപ്പോൾ നിങ്ങൾക്കു സത്യം വെളിപ്പെട്ടു കിട്ടും.

അപ്പൊസ്തല പ്രവൃത്തികൾ രണ്ടാം അദ്ധ്യായം ജാഗ്രതയോടെ വായിച്ചാൽ സഭ സ്ഥാപിതമായതു ഈ സമയത്താണ് എന്നു മനസിലാകും. എല്ലാ ബൈബിൾ പണ്ഡിതന്മാരും ഇതു സമ്മതിക്കും. കൂടാതെ സ്ഥലം യെരുശലേം ആണ്. നാലാമത്തെ റോമാസാമ്രാജ്യമാകുന്നു അപ്പോൾ നിലവിലുള്ളതു. അതു അന്ത്യകാലവുമാകുന്നു. ശക്തി വരികയും മാനസാന്തരവും പാപമോചനവും സകല ജാതികളോടും പ്രസംഗിക്കാൻ തുടങ്ങുകയും ചെയ്തു. അങ്ങനെ ആദ്യമായി സഭ നിലവിൽ വന്നു. പ്രവചിച്ചതും വാഗ്ദാനം ചെയ്തതും നിറവേറ്റി ദൈവം തന്റെ മനസ്സിൽ രൂപപ്പെടുത്തിയ സഭ സ്ഥാപിക്കുകയും ചെയ്തു

### *ചോദ്യങ്ങൾ*

*ശരിയായ ഉത്തരങ്ങൾ എഴുതുക*

1. എവിടെയാണ് സഭ ആദ്യമായി നിലവിൽ വന്നതു?..................

..........................................................................................................

2. എപ്പോഴാണ് ദൈവം സഭയെ തിരഞ്ഞെടുത്തത്?................

.................................................................................................

3. രാജ്യം വരുന്നതിനെകുറിച്ച് പ്രവചിച്ച മൂന്നു പ്രവാചകന്മാരുടെ പേരുകൾ?____________________________________________

.................................................................................................

4. രാജ്യം എത്രകാലം നിലനില്ക്കും?.............................................

5. സഭ പണിയുമെന്ന് വാഗ്ദാനം ചെയ്തതു ആർ?.................................................................................

6. അവൻ വാഗ്ദാനം ചെയ്ത സഭ ആരുടേത്?..................................

.................................................................................................

7. എത്ര സഭ പണിയുമെന്നാണ് പറഞ്ഞത്?......................................

.................................................................................................

8. രാജ്യം എങ്ങനെ വരുമെന്നാണ് അറിയിച്ചത്?...............................

.................................................................................................

9. യെരുശലേമിൽ എന്തു പ്രസംഗിക്കപ്പെടുമെന്നാണ് പറഞ്ഞത്?.................................................................................

.................................................................................................

10. സഭയുടെ സ്ഥാപനത്തെപറ്റി നിങ്ങൾക്ക് എവിടെ വായിക്കാൻ കഴിയും?.................................................................................

*ശരിയോ തെറ്റോ എന്ന് അടയാളപ്പെടുത്തുക (✓) (X)*

1. സഭ, ആവിഷ്ക്കരിച്ച്, പ്രവചിച്ച്, വാഗ്ദാനം ചെയ്തു സ്ഥാപിച്ചു
2. സഭയുടെ ഉത്ഭവം ദൈവമനസിൽ ആയിരുന്നു.
3. യോഹന്നാൻ സ്നാപകൻ പറഞ്ഞതു ദൈവരാജ്യം ആസന്നമായിരിക്കുന്നു എന്നാണ്.
4. രാജ്യം ശക്തിയോടുകൂടെ വരും.
5. മാനസാന്തരവും പാപമോചനവും അവന്റെ നാമത്തിൽ സകല

ജാതികളോടും പ്രസംഗിക്കപ്പെടും.

6. സഭ ആരംഭിക്കുന്നതു യെരുശലേമിൽ

7. സഭയുടെ സ്ഥാപനത്തെ പറ്റി പ്രവൃത്തികളുടെ പുസ്തകത്തിൽ വിവരിക്കുന്നു.

8. ഇതു റോമാ സാമ്രാജ്യകാലയളവിൽ സംഭവിക്കുന്നു.

9. അന്ത്യകാലം ആരംഭിച്ചു കഴിഞ്ഞു.

10. പ്രവചനങ്ങളും വാഗ്ദാനങ്ങളും നിറവേറ്റി.

*പൂരിപ്പിക്കുക*

1. ..........................................................................മുൻപ് തിരഞ്ഞെടുത്തിരിക്കുന്നു.

2. ..............................................................................................ത് സ്ഥാപിതമാവും.

3 ........................നശിച്ചുപോകാത്ത രാജ്യമാണ് ദൈവം സ്ഥാപിക്കുന്നത്.

4. ഞാൻ എന്റെ...........................................................................

5. മാനസാന്തരവും പാപമോചനവും..................................................
.......................................സകലജാതികളോടും പ്രസംഗിക്കയും വേണം.

## പാഠം 3

# സഭയുടെ സ്ഥാപനം

കർത്താവിന്റെ രാജ്യമാകുന്ന സഭയുടെ ആഗമനം, ആത്മാവിനെ പകരുന്നതും എല്ലാദേശക്കാരും ഭാഷക്കാരും അതിലേക്കു ഒരുമിച്ചുചെല്ലുമെന്നും അതു എന്നേക്കും നിലനില്ക്കുമെന്നും കഴിഞ്ഞ പാഠത്തിൽ യെശയ്യാവ് 2:2–3; യോവേൽ 2:28–29; ദാനിയേൽ 2:44 എന്നീ വാക്യങ്ങളിൽ നിന്നും നാം കാണുകയുണ്ടായി. പിന്നീട് മത്തായി 16:18; മർക്കൊസ് 9:1; ലൂക്കൊസ് 24:47 എന്നീ വാക്യങ്ങളിൽ കർത്താവ് സഭ പണിയുമെന്നും രാജ്യം ശക്തിയോടുകൂടി വരുമെന്നും മാനസാന്തരവും പാപമോചനവും അപ്പൊസ്തല പ്രവൃത്തികൾ രണ്ടാം അദ്ധ്യായം വായിച്ചാൽ ഈ പ്രവചനങ്ങളും വാഗ്ദാനങ്ങളും നിറവേറുന്നതായും മനസിലാകും.

അപ്പൊസ്തലന്മാരോടു യെരുശലേമിൽ കാത്തിരിക്കാൻ കർത്താവു പറഞ്ഞതുകൊണ്ട് അവർ അവിടെ ഒരുമിച്ചിരിക്കയാണ്. “പെന്തെകൊസ്തുനാൾ വന്നപ്പോൾ എല്ലാവരും ഒരു സ്ഥലത്തു ഒന്നിച്ചുകൂടിയിരുന്നു. പെട്ടെന്നു കൊടിയ കാറ്റടിക്കുന്നതുപോലെ ആകാശത്തുനിന്നു ഒരു മുഴക്കം ഉണ്ടായി. അവർ ഇരുന്നിരുന്ന വീടു മുഴുവനും നിറെച്ചു. അഗ്നിജ്വാല പോലെ പിളർന്നിരിക്കുന്ന നാവുകൾ അവർക്കു പ്രത്യക്ഷമായി അവരിൽ ഓരോരുത്തന്റെ മേൽ പതിഞ്ഞു. എല്ലാവരും പരിശുദ്ധാത്മാവ് നിറഞ്ഞവരായി സംസാരിച്ചു തുടങ്ങി. അന്നു ആകാശത്തിൻ കീഴുള്ള സകല ജാതികളിൽ നിന്നും യെരുശലേമിൽ വന്നു പാർക്കുന്ന യെഹൂദന്മാരായ ഭക്തിയുള്ള പുരുഷൻമാർ ഉണ്ടായിരുന്നു. ഈ മുഴക്കം ഉണ്ടായപ്പോൾ പുരുഷാരം വന്നുകൂടി, ഓരോരുത്തൻ താന്താന്റെ ഭാഷയിൽ അവർ സംസാരിക്കുന്നതു കേട്ടു” (പ്രവൃത്തി 2: 1–6).

അനേകദേശങ്ങളെ പ്രതിനിധീകരിച്ചുകൊണ്ട് ആളുകൾ അന്നു അവിടെ കൂടിയിരുന്നു എന്നു വിവരിക്കുന്നു. എല്ലാവരും ഭ്രമിച്ചു ആശ്ചര്യപ്പെട്ടു. ഈ സംസാരിക്കുന്നവർ എല്ലാം ഗലീലക്കാർ അല്ലയോ? പിന്നെ നാം ഓരോരുത്തർ ജനിച്ച നമ്മുടെ സ്വന്ത ഭാഷയിൽ അവർ സംസാരിച്ചു കേൾക്കുന്നതു എങ്ങനെ? ദൈവത്തിന്റെ വൻ കാര്യങ്ങളെയാണ് അവർ പ്രസ്താവിച്ചതു. സകല ദേശക്കാരും ഭാഷക്കാരും സന്നിഹിതരായിട്ടുണ്ട്. അപ്പൊസ്തലന്മാർ വന്നുചേർന്നവരുടെ ഭാഷകളിൽ സംസാരിക്കയാണ് ചെയ്തത്. ജനമെല്ലാം ഭ്രമിച്ചു ചഞ്ചലിച്ചു. ഇതു എന്തായിരിക്കും എന്നു തമ്മിൽ പറഞ്ഞു. ഇവർ പുതുവീഞ്ഞുകുടിച്ചവരായിരിക്കും എന്നു മറ്റു ചിലർ പരിഹസിച്ചു പറഞ്ഞു. അപ്പോൾ പത്രൊസ് പതിനൊന്ന് പേരോടുകൂടെ നിന്നുകൊണ്ട് ഉറക്കെ അവരോടു പറഞ്ഞതു: യെഹൂദാ പുരുഷന്മാരും യെരുശലേമിൽ വന്നു പാർക്കുന്ന എല്ലാവരുമായുള്ളോരേ, ഇതു നിങ്ങൾ അറിഞ്ഞിരിക്കട്ടെ; എന്റെ വാക്കു ശ്രദ്ധിച്ചുകൊൾവിൻ. നിങ്ങൾ ഊഹിക്കുന്നതുപോലെ ഇവർ ലഹരി പിടിച്ചവരല്ല. പകൽ മൂന്നാം മണി നേരമേ ആയിട്ടുള്ളൂവല്ലൊ. ഇതു യോവേൽ പ്രവാചകൻ മുഖാന്തരം അരുളിച്ചെയ്തതു അത്രെ. അന്ത്യകാലത്തു ഞാൻ സകല ജഡത്തിന്മേലും എന്റെ ആത്മാവിനെ പകരും; എന്റെ ദാസന്മാരുടെമേലും ദാസിമാരുടെമേലും കൂടെ ആ നാളുകളിൽ എന്റെ ആത്മാവിനെ പകരും; അവരും പ്രവചിക്കും യൌവ്വനക്കാർ ദർശനങ്ങൾ ദർശിക്കും വൃദ്ധന്മാർ സ്വപ്നങ്ങൾ കാണും. എന്നാൽ കർത്താവിനെ വിളിച്ചപേക്ഷിക്കുന്നവൻ രക്ഷിക്കപ്പെടും (പ്രവൃത്തി 2: 12,17,21).

ഈ സംഭവിച്ചതെല്ലാം പ്രവചന നിവർത്തീകരണം ആയിരുന്നു എന്നു തെളിയിച്ചശേഷം പത്രൊസ് തന്റെ പ്രസംഗം തുടരുന്നു. ദൈവത്താൽ അംഗീകരിക്കപ്പെട്ടവനാണ് യേശു എന്നും അവർ ചെയ്ത പ്രവൃത്തികളും അടയാളങ്ങളും അത്ഭുതങ്ങളും അതുറപ്പിക്കുന്നു എന്നും വ്യക്തമാക്കി. ദൈവത്തിന്റെ മുൻ നിർണ്ണ

യത്താൽ അയച്ചതായ യേശുവിനെ യെഹൂദന്മാർ അധർമ്മികളുടെ കയ്യിൽ ഏല്പിച്ചുകൊന്നു. ദൈവമോ മരണപാശങ്ങളെ അഴിച്ചിട്ടു അവനെ ഉയിർത്തെഴുന്നേല്പിച്ചു . മരിച്ചു അടക്കപ്പെട്ട ദാവീദിന്റെ ഒരു ഉദ്ധരണി അതിനുശേഷം പത്രൊസ് എടുത്തു പറഞ്ഞു അവരെ ബോദ്ധ്യപ്പെടുത്തുന്നുണ്ട്. ദാവീദിന്റെ സിംഹാസനത്തിൽ കർത്താവ് ഇരുന്നു വാഴുമെന്നും അവന്റെ ജഡം ദ്രവത്വം കാണുകില്ല എന്നും അവനെ പാതാളത്തിൽ വിട്ടുകളയില്ല എന്നും ക്രിസ്തുവിന്റെ പുനരുത്ഥാനത്തെക്കുറിച്ചു പ്രവചിച്ചിരുന്നു. അങ്ങനെ കർത്താവ് ഉയിർത്തെഴുന്നേറ്റു സ്വർഗ്ഗത്തിൽ പിതാവിന്റെ വലതു ഭാഗത്തു ഇരിക്കുന്നതായും പത്രൊസ് വിവരിച്ചു പറഞ്ഞു.

പത്രോസ് തന്റെ പ്രസംഗം അവസാനിപ്പിക്കുന്നതു താഴെ പറയുംപോലെയാണ്. "ഈ യേശുവിനെ ദൈവം ഉയിർത്തെഴുന്നേല്പിച്ചു; അതിനു ഞങ്ങൾ എല്ലാവരും സാക്ഷികൾ ആകുന്നു; അവൻ ദൈവത്തിന്റെ വലതുഭാഗത്തേക്കു ആരോഹണം ചെയ്തു പരിശുദ്ധാത്മാവ് എന്ന വാഗ്ദത്തം പിതാവിനോടുവാങ്ങി, നിങ്ങൾ കാണുകയും കേൾക്കുകയും ചെയ്യുന്നതു പകർന്നുതന്നു. ദാവീദ് സ്വർഗ്ഗാരോഹണം ചെയ്തില്ലല്ലൊ. എന്നാൽ അവൻ "ഞാൻ നിന്റെ ശത്രുക്കളെ നിന്റെ പാദപീഠം ആക്കുവോളം നീ എന്റെ വലതുഭാഗത്തു ഇരിക്ക എന്നു കർത്താവ് എന്റെ കർത്താവിനോട് അരുളിച്ചെയ്തു എന്നു പറയുന്നു. ആകയാൽ നിങ്ങൾ ക്രൂശിച്ച ഈ യേശുവിനെ തന്നേ ദൈവം കർത്താവും ക്രിസ്തുവുമാക്കി വെച്ചു എന്നു യിസ്രായേൽ ഗൃഹം ഒക്കെയും നിശ്ചയമായി അറിഞ്ഞുകൊള്ളട്ടെ. ഇതു കേട്ടിട്ടു അവർ ഹൃദയത്തിൽ കുത്തുകൊണ്ടു പത്രൊസിനോടും ശേഷം അപ്പൊസ്തലന്മാരോടും: സഹോദരന്മാരായ പുരുഷന്മാരേ, ഞങ്ങൾ എന്തുചെയ്യേണ്ടു എന്നു ചോദിച്ചു. പത്രൊസ് അവരോടു: നിങ്ങൾ മാനസാന്തരപ്പെട്ടു നിങ്ങളുടെ പാപങ്ങളുടെ മോചനത്തിനായി ഓരോരുത്തൻ യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നാനം ഏല്പിൻ; എന്നാൽ പരിശുദ്ധാത്മാവ് എന്ന ദാനം ലഭിക്കും. വാഗ്ദത്തം നിങ്ങൾക്കും നിങ്ങളുടെ

മക്കൾക്കും നമ്മുടെ ദൈവമായ കർത്താവു വിളിച്ചു വരുത്തുന്ന ദൂരസ്ഥന്മാരായ ഏവർക്കും ഉള്ളതല്ലോ എന്നു പറഞ്ഞു. അവന്റെ വാക്കു കൈക്കൊണ്ടവർ സ്നാനം ഏറ്റു; അന്നു മൂവായിരം പേർ അവരോടു ചേർന്നു. അവർ കൂട്ടായ്മ ആചരിച്ചും അപ്പം നുറുക്കിയും പ്രാർത്ഥന കഴിച്ചും പോന്നു (പ്രവൃത്തി 2: 32–42). കർത്താവു രക്ഷിക്കപ്പെടുന്നവരെ ദിനമ്പ്രതി സഭയോടു ചേർത്തു കൊണ്ടിരുന്നു (2:47).

ഇതിനു മുൻപ് നാം വായിച്ച വേദഭാഗത്തിൽ നിന്നും സഭ സ്ഥാപിതമായതു യെരുശലേമിൽ ആയിരുന്നു എന്നു ശ്രദ്ധിച്ചു മനസിലാക്കിയല്ലോ. പരിശുദ്ധാത്മാവിന്റെ ശക്തി അപ്പൊസ്തലന്മാരിൽ പകർന്നു, അതു പ്രവചനനിവർത്തീകരണം ആയിരുന്നു (പ്രവൃത്തി 2:16). അതുകൊണ്ട് ഇതിൽ സംശയിക്കേണ്ട കാര്യമില്ല. അന്ത്യകാലത്തിൽ സംഭവിക്കുന്ന കാര്യങ്ങളെയാണ് പ്രവാചകൻ പറഞ്ഞതു. പത്രൊസ് പറഞ്ഞു ഈ പ്രവാചകൻ അരുളി ചെയ്തതു നിറവേറുന്നതായിട്ടു. അപ്പോൾ സഭയുടെ ആരംഭം അന്ത്യകാലത്തിലാണ് എന്നു സ്പഷ്ടം. എല്ലാ ദേശക്കാരും അന്നു അവിടെ സന്നിഹിതരായിരുന്നു. മാനസാന്തരവും പാപമോചനവും പ്രസംഗിക്കപ്പെട്ടു. 3000പേർ വചനം അനുസരിച്ച് സ്നാനമേല്ക്കുകയും രക്ഷിക്കപ്പെടുകയും കർത്താവിന്റെ സഭയോടു ചേർക്കപ്പെടുകയും ചെയ്തു. ആകയാൽ ക്രിസ്തുവിന്റെ സഭ, എ. ഡി. 33–ൽ യെരുശലേമിൽ ആരംഭിച്ചു. അന്നു മുതൽ ഇന്നുവരെ അതു നിലനില്ക്കുന്നു.

## *ചോദ്യങ്ങൾ*

***ദയവായി ഇതു ആരാണ് പറഞ്ഞത് എന്നു എഴുതുക***

1. സഭ പണിയുമെന്ന് പറഞ്ഞതു ആർ ?..............................................

2. അന്ത്യകാലത്തു ഞാൻ സകല ജഡത്തിന്മേലും എന്റെ ആത്മാവിനെ

പകരും ? ..................................................................................................

3. "നീ എന്റെ വലതു ഭാഗത്തു ഇരിക്ക എന്നു കർത്താവിനോടു അരുളിചെയ്തത്?..................................................................................

4. മാനസാന്തരപ്പെട്ടു നിങ്ങൾ ഓരോരുത്തൻ പാപങ്ങളുടെ മോചനത്തിനായി യേശു ക്രിസ്തുവിന്റെ നാമത്തിൽ സ്നാനം ഏല്പിൻ ?..................................................................................

5. "ഈ വക്രതയുള്ള തലമുറയിൽ നിന്നു രക്ഷിക്കപ്പെടുവിൻ"? ..................................................................................

*പ്രവചനങ്ങളിൽ നിന്നു എഴുതുക*

1. കർത്താവിന്റെ രാജ്യം എപ്പോൾ സ്ഥാപിതമാകും ?................ ..................................................................................

2. ഏതു പട്ടണത്തിൽ ?..................................................................

3. അതിലേക്കു എത്രപേർ ഒഴുകി ചെല്ലും ?.................................

4. എന്തോടു കൂടി അതു വരും ?.....................................................

5. അതു എത്ര കാലത്തോളം ഉണ്ടാകും ?........................................

*വാഗ്ദാനങ്ങൾ എഴുതുക*

1. ആരാണ് സഭ പണിയുമെന്ന് പറഞ്ഞത് ?...................................

2. അതു എന്തോടുകൂടി വരും ?.......................................................

3. എന്തു പ്രസംഗിക്കപ്പെടും ?..........................................................

4. അതു എത്ര ദേശത്ത് പ്രസംഗിക്കപ്പെടും ?..............................

5. ഇതെല്ലാം പ്രസംഗിക്കേണ്ടതു ആരുടെ നാമത്തിൽ ?...............

..............................................................................................

*പ്രവൃത്തി 2–ാം അദ്ധ്യായത്തിൽ നിന്നും ഉത്തരം എഴുതുക*

1. പരിശുദ്ധാത്മാവ് ലഭിച്ചത് ആർക്ക് ?.........................................

..............................................................................................

2. അവന്റെ സാന്നിദ്ധ്യത്തിന്റെ അടയാളങ്ങൾ എന്തായിരുന്നു?

..............................................................................................

3. ക്രിസ്തു ദൈവപുത്രനാണെന്നു പത്രൊസ് എങ്ങനെ ബോധ്യപ്പെടുത്തി ?.

..............................................................................................

4. ആളുകൾ ചോദിച്ച ചോദ്യം എന്തായിരുന്നു ?...........................

..............................................................................................

5. രക്ഷിക്കപ്പെട്ടവരെ ആരാണ് സഭയോടു ചേർത്തു വന്നത് ?.........

..............................................................................................

*നിർവ്വചിക്കുക*

1. സഭ..........................................................................................

2. പ്രവചനം.................................................................................

3. പെന്തെകൊസ്ത്.................................................................................

4. മാനസാന്തരം.......................................................................................

5. സ്നാനം..............................................................................................

പാഠം 4

# സഭയെ കണ്ടെത്തൽ

നഷ്ടപ്പെട്ട അല്ലെങ്കിൽ കാണാതായ ഒരു സ്നേഹിതനെ കണ്ടെത്തുവാൻ നിങ്ങൾ എന്താണ് ചെയ്യുക? തിരിച്ചറിയാവുന്ന എല്ലാ അടയാളങ്ങളും ശേഖരിച്ചിട്ടല്ലേ അന്വേഷണം ആരംഭിക്കുക? അതുപോലെയുള്ള ഒരാളെ ആരെങ്കിലും കണ്ടു എന്നു പറഞ്ഞാൽ നിങ്ങൾ പോയി ആൾ അതു തന്നെയാണോ എന്നു പരിശോധിച്ചശേഷമാണല്ലോ ഉറപ്പുവരുത്തുന്നതു. അതുപോലെ ഇന്നു ലോകത്തിൽ ധാരാളം സഭകൾ ഉണ്ട്. അവയ്ക്കിടയിൽ നിന്നു ക്രിസ്തുവിന്റെ സഭ ഏത് എന്നു വാസ്തവത്തിൽ എങ്ങനെ കണ്ടുപിടിക്കാം? ഒരു പോലെതോന്നിക്കുന്നവയും ക്രിസ്തുവിന്റെ സഭയുടെ എല്ലാ അടയാളങ്ങളും എടുത്തുകൊണ്ടുവേണം താരതമ്യം ചെയ്തു ശരിയായതു ഉറപ്പുവരുത്തുവാൻ. എന്നാൽ ഏതെല്ലാമാണ് അടയാളങ്ങൾ? അവ എവിടെ കിടക്കുന്നു എന്നതിനുള്ള ഉത്തരം ബൈബിൾ നല്കുന്നുണ്ട്.

1. ക്രിസ്തു സഭ സ്ഥാപിച്ചു "നീ പത്രോസ് ആകുന്നു; ഈ പാറമേൽ ഞാൻ എന്റെ സഭയെ പണിയും; പാതാള ഗോപുരങ്ങൾ അതിനെ ജയിക്കയില്ല" (മത്തായി 16:18).

2. അതിന്റെ ആരംഭം യെരുശലേമിൽ. അതു ലൂക്കൊസിന്റെ സുവിശേഷം ഇരുപത്തിനാലാം അദ്ധ്യായം അഞ്ചാം വാക്യം വായിച്ചാൽ കാണാം.

3. സഭ ക്രിസ്തുവിന്റെ നാമം ധരിച്ചിരിക്കുന്നു. പല സ്ഥല

ങ്ങളിലുള്ള ഇടവകകളെ എല്ലാം ചേർത്തുകൊണ്ടു പൌലൊസ് പറയുന്നു: ക്രിസ്തുവിന്റെ സകല സഭകളും നിങ്ങളെ വന്ദനം ചെയ്യുന്നു (റോമർ 16:16). കൂടാതെ കൊരിന്ത്യ സഭക്കു ലേഖനം എഴുതുമ്പോൾ പറയുന്നു: " എന്നാൽ നിങ്ങൾ ക്രിസ്തുവിന്റെ ശരീരവും ഓരോരുത്തൻ വെവ്വേറെയായി അവയവങ്ങളും ആകുന്നു" (1 കൊരിന്ത്യർ 12:27). എന്നാൽ ശരീരം എന്താണ്? സഭയാണ് (കൊലൊസ്യർ 1:18; എഫെസ്യർ 1:22–23).

4. ആരംഭ തീയതി എ. ഡി. 33 (പ്രവൃത്തി 2 വായിച്ചാൽ പെന്തെകൊസ്തുനാളിൽ ആയിരുന്നു എന്നു കാണാം.

5. അതിലെ അംഗങ്ങളെ ക്രിസ്ത്യാനികൾ എന്നു വിളിച്ചിരുന്നു. ആദ്യം അന്ത്യോക്യയിൽ വെച്ചു ശിഷ്യന്മാർക്കു ക്രിസ്ത്യാനികൾ എന്നു പേർ ഉണ്ടായി (പ്രവൃത്തി 11:26). അഗ്രിപ്പാ രാജാവ് പൌലൊസിനോടു: നീ എന്നെ അല്പം കൊണ്ടു ക്രിസ്ത്യാനിയാക്കാൻ ശ്രമിക്കുന്നു എന്നു പറഞ്ഞു (പ്രവൃത്തി 26:28). ക്രിസ്ത്യാനിയായിട്ടു കഷ്ടം സഹിക്കേണ്ടിവന്നാലോ ലജ്ജിക്കരുത്. ഈ നാമം ധരിച്ചിട്ടു ദൈവത്തെ മഹത്വപ്പെടുത്തുകയത്രെ വേണ്ടതു (1 പത്രൊസ് 4:16).

6. ക്രിസ്തുമാത്രമാണ് അതിന്റെ തല. അവൻ സഭ എന്ന ശരീരത്തിന്റെ തലയും ആകുന്നു; സകലത്തിലും താൻ മുമ്പനാകേണ്ടതിനു അവൻ ആരംഭവും മരിച്ചവരുടെ ഇടയിൽ നിന്നും ആദ്യമായി എഴുന്നേറ്റവനും ആകുന്നു (കൊലൊസ്യർ 1:18).

7. സഭ ഒന്നു മാത്രം. നിങ്ങളെ വിളിച്ചപ്പോൾ ഏക പ്രത്യാശക്കായിട്ടത്രെ വിളിച്ചതു; ശരീരം ഒന്നു, ആത്മാവ് ഒരുവൻ (എഫെസ്യർ 4:4). ആ ശരീരമാണ് സഭ (കൊലൊസ്യർ 1:18). ശരീരം ഒന്നായിരിക്കയാൽ, സഭ ശരീരമാകയാൽ, സഭ ഒന്നു മാത്രം.

**8. സഭയിൽ പ്രവേശിക്കുന്നതിനുള്ള ഉപാധികൾ.** വിശ്വാസം (എബ്രായർ 11:6) മാനസാന്തരം (പ്രവൃത്തി 17:30), വിശ്വാസം ഏറ്റു പറച്ചിൽ (റോമർ 10:9–10), സ്നാനം (മർക്കൊസ് 16:16). ഇപ്രകാരം ഒരാൾ രക്ഷിക്കപ്പെടുമ്പോൾ ആ വ്യക്തി സഭയോടു ചേർക്കപ്പെടും (പ്രവൃത്തി 2:47). ഒരാൾ സ്നാനമേൽക്കുന്നതു ക്രിസ്തുവിനോടും അവന്റെ സഭയോടും ചേരുന്നതിനുവേണ്ടിയാണ് എന്നു താഴെ കൊടുത്തിട്ടുള്ള വാക്യങ്ങൾ തെളിയിക്കുന്നു (ഗലാത്യർ 3:26–27; റോമർ 6:3–4; 1 കൊരിന്ത്യർ 12:13). ഈ കല്പനകൾ അനുസരിക്കുന്നതിലൂടെ ഒരാൾ സഭയിലേക്ക് അഥവാ ദൈവരാജ്യത്തിലേക്ക് ജനിക്കുന്നു (യോഹന്നാൻ 3:3–5).

**9. സഭയുടെ ആരാധന പ്രത്യേകതയുള്ളതാകുന്നു.** ക്രിസ്ത്യാനികൾ ആഴ്ച്ചവട്ടത്തിന്റെ ഒന്നാം നാൾ കൂടി വരണം (പ്രവൃത്തി 20:7) പാട്ടു പാടുകയും (എഫെസ്യർ 5:19) പ്രാർത്ഥിക്കുകയും (പ്രവൃത്തി 2:42) വചനം പഠിക്കയും (2 തിമൊഥെയോസ് 2:15) കർത്തൃമേശയിൽ നിന്നു പങ്കെടുക്കുകയും (1 കൊരിന്ത്യർ 11: 23–27) ധർമ്മം ശേഖരിക്കയും (1 കൊരിന്ത്യർ 16:2)) വേണം.

**10. സഭയുടെ ഉപദേശം ബൈബിളിനെ അടിസ്ഥാനമാക്കി മാത്രം.** **അതു** കൂട്ടുചേർക്കാതെ, ഒന്നും എടുത്തുമാറ്റാതെ **പകരം മറ്റൊന്നും** എടുക്കാതെ സ്വീകരിക്കുന്നു (വെളിപ്പാട് 22: 18–19). വേദ പുസ്തകം ഒന്നു മാത്രമാണ് സഭയുടെ പ്രമാണം. ഇതിനപ്പുറമായതെല്ലാം നിരസിക്കുന്നു.

**11. സഭയെ സംഘടിപ്പിക്കേണ്ടതു ദൈവ പദ്ധതി അനുസരിച്ചു മാത്രം.** ക്രിസ്തു അതിന്റെ തല (എഫെസ്യർ 5:23). ഓരോ ഇടവകയിൽ അതിന്റേതായ മൂപ്പന്മാരും ശുശ്രൂഷകന്മാരും ഉണ്ടായിരിക്കും (1 തിമൊഥെയോസ് 3; തീത്തൊസ് 1). കർത്താവിന്റെ സഭക്കു ഭൗതികമായ തലയോ തലസ്ഥാനമോ, മനുഷ്യനിർമ്മിതമായ ദേശീയമോ അന്തർദേശീയമോ ആയ സംഘടനകളോ ഇല്ല.

12. സഭയുടെ പ്രവർത്തികൾ മൂന്ന്. സുവിശേഷം പ്രസംഗിക്കുക എന്നതാണ് ആദ്യത്തെ പ്രവൃത്തി (മർക്കൊസ് 16: 15–16). ആവശ്യമുള്ളവരെ സഹായിക്കുക (ഗലാത്യർ 6; യാക്കോബ് 2) സഭയിലെ അംഗങ്ങളെ പ്രബോധിപ്പിക്കയും വേണം (എബ്രായർ 3:12–14).

13. ഓരോ ക്രിസ്ത്യാനിയും വിശ്വസ്ഥമായ ക്രിസ്തീയ ജീവിതം നയിക്കണം. നമുക്കു ലോകത്തെ സ്നേഹിച്ചുകൂടാ (1 യോഹന്നാൻ 2:15; യാക്കൊബ് 4:4). എന്നാൽ ആത്മാവിന്റെ ഫലങ്ങൾ പുറപ്പെടുവിക്കണം (ഗലാത്യർ 5:22–23). വിശ്വസ്ഥരായി ജീവിച്ചവർക്കു മാത്രമെ ജീവകിരീടം ലഭിക്കുകയുള്ളു (വെളിപ്പാട് 2:10). മുകളിൽ പ്രസ്താവിച്ചതെല്ലാം സഭയുടെ ചില അടയാളങ്ങളാണ്. ഈ മാതൃക ബൈബിളിൽ നിന്നും എടുത്തിട്ടുള്ളതാണ്. നിങ്ങളുടെ സഭയെ ഇതുമായി താരതമ്യം ചെയ്യുക. ഉദാഹരണമായി ആദ്യത്തെ നാലു കാര്യങ്ങൾ എടുത്തു നിങ്ങളോടുതന്നെ ചോദിക്കുക. ആരാണ് എന്റെ സഭ പണിതത്? അതു ക്രിസ്തുവിനാൽ ആരംഭിച്ചതോ അതോ ഏതെങ്കിലും മനുഷ്യനാലോ? എവിടെയാണ് എന്റെ സഭ ആരംഭിച്ചതു എന്നു ചോദിക്കുക. അതു യെരുശലേമിലാണോ അതോ വേറെ എവിടെയെങ്കിലും ആണോ? തുടർന്നു ചോദിക്കുക: എപ്പോഴാണ് എന്റെ ഈ സഭ ആരംഭിച്ചത്. അതു എ. ഡി. 33നു ശേഷമാണെങ്കിൽ കർത്താവിന്റേതായിരിക്കയില്ല. അവസാനം ചോദിക്കുക. എന്റെ സഭയുടെ പേർ എന്താണ്? അതു ക്രിസ്തുവിന്റെ നാമമല്ലെങ്കിൽ പിന്നെ എങ്ങനെ ക്രിസ്തുവിന്റേതായിതീരും? നിങ്ങൾ നിങ്ങളോടും ദൈവത്തോടും ആത്മാർത്ഥതയുള്ളവരാണെങ്കിൽ ഈ അടയാളങ്ങളെ നിങ്ങളുടെ സഭയുമായി, ചുറ്റുപാടും കാണുന്ന സഭകളുമായി താരതമ്യം ചെയ്തു അവ ദൈവത്തിന്റേതോ മനുഷ്യരുടേതോ എന്നു തിരിച്ചറിയുക.

നിങ്ങൾ അംഗമായിരിക്കുന്ന സഭ ബൈബിളിലെ സത്യസഭ അല്ലെങ്കിൽ എനിക്കു നിങ്ങളോടുള്ള അപേക്ഷയെന്തെന്നാൽ

അതിനെ വിട്ടുകളഞ്ഞു സത്യം പഠിക്കുകയും അനുസരിക്കുകയും ചെയ്തു, രക്ഷ പ്രാപിച്ച് കർത്താവിന്റെ സഭയിൽ അംഗമായിതീരുക. കാരണം ദൈവവചനത്തിൽ വായിക്കുന്ന സഭയിൽ ആണ് രക്ഷയുള്ളതു.

## *ചോദ്യങ്ങൾ*

***ശരിയായ ഉത്തരങ്ങൾ എഴുതുക***

1. കാണാതെ പോയ നിങ്ങളുടെ പഴയസ്നേഹിതനെ നിങ്ങൾ എങ്ങനെ കണ്ടുപിടിക്കും?..................................................................

.............................................................................................................

2. ഇന്നു ലോകത്തിൽ ധാരാളം നാമധേയ വിഭാഗങ്ങൾ ഉണ്ടോ?

.............................................................................................................

3. ഏതാണ് ശരി എന്ന് ഓരാൾക്ക് എങ്ങനെ അറിയാം?

.............................................................................................................

.............................................................................................................

4. തിരിച്ചറിയാവുന്ന അടയാളങ്ങൾ എവിടെ കിടക്കുന്നു?..................................................................................

.............................................................................................................

5. സഭ പണിതത് ആര്?.....................................................................

6. സഭയുടെ ആരംഭം എവിടെ?........................................................

7. എപ്പോൾ സ്ഥാപിച്ചു?...................................................................

8. സഭയുടെ പേർ നല്കുക?..............................................................

9. ശരീരം എന്നാൽ എന്ത്?..............................................................

10. അവയവങ്ങൾ എന്തുപേരിൽ അറിയപ്പെടുന്നു?..................

..........................................................................................

11. സഭയുടെ തല ആർ?..........................................................................

12. എത്ര സഭകൾ ഉണ്ട്?.......................................................................

13. സഭയിലേക്കു പ്രവേശിക്കുന്നതിനുള്ള ഉപാധികൾ ഏവ?..........

..........................................................................................

14. ക്രിസ്തുവിനോടും സഭയോടും ഒരാൾ എങ്ങനെ ചേരുന്നു?...

..........................................................................................

15. ആരാധനയിൽ എന്തെല്ലാം ഉൾപ്പെടുന്നു?.......................................

..........................................................................................

16. സഭയുടെ ഉപദേശം എന്ത്?...............................................................

..........................................................................................

17. ഓരോ ഇടവകക്കും ഉണ്ടാകേണ്ടതു എന്തെല്ലാം?........................

..........................................................................................

18. സഭയുടെ മൂന്നു പ്രവർത്തികൾ എഴുതുക?.......................................

..........................................................................................

..........................................................................................

19. ഒരു ക്രിസ്ത്യാനി എങ്ങനെയുള്ള ജീവിതം നയിക്കണം?......

..........................................................................................

20. ആർക്കാണ് ജീവകിരീടം ലഭിക്കുന്നത്?.........................

..........................................................................................

21. മനുഷ്യൻ തുടങ്ങിവെച്ചതായ സഭ ക്രിസ്തുവിന്റേതാകുമോ?........................................................................

22. യെരുശലേമിൽ ആരംഭിക്കാത്ത സഭ ക്രിസ്തുവിന്റേതാകുമോ?........................................................................

23. എ. ഡി. 33നു ശേഷം തുടങ്ങിയ സഭ ക്രിസ്തുവിന്റേതാകുമോ?........................................................................

24. അതിലെ അംഗങ്ങൾ ക്രിസ്തുവിന്റെ നാമം ധരിക്കുന്നില്ലെങ്കിൽ ആ സഭ ക്രിസ്തുവിന്റേതാകുമോ?..........................................

25. നിങ്ങൾ രക്ഷിക്കപ്പെടുമ്പോൾ ക്രിസ്തു നിങ്ങളെ ഏതു സഭയിലേക്കാണ് ചേർക്കുന്നത്?........................................................

........................................................................................................

പാഠം 5

# സഭയുടെ പേർ

വചനത്തിൽ പറയുന്ന പേരുള്ള സഭയാണെങ്കിൽ തിരുവെഴുത്തിൻ പ്രകാരമുള്ള സഭയെന്നു പറയാം. മനുഷ്യനിർമ്മിതമായ ധാരാളം സഭകൾ ഇന്നുണ്ട്. അവയ്ക്കെല്ലാം പേരിട്ടിരിക്കുന്നതു മനുഷ്യരാണ് – ചിലതു, അതു കണ്ടെത്തിയ ആളിന്റെ പേരിനാൽ അറിയപ്പെടുന്നു. ഉദാഹരണമായി ലൂഥറൻ. വേറെ ചിലതു ഉപദേശത്തിന്റെ പേരിൽ അറിയപ്പെടുന്നു. അവരെ ബാപ്റ്റിസ്റ്റ് എന്നു വിളിക്കുന്നു. പ്രത്യേക രീതികൾ സ്വീകരിച്ചിരിക്കുന്നതുകൊണ്ടു മെത്തേഡിസ്റ്റ് എന്നറിയപ്പെടുന്നു. ദിവസത്തിന്റെ പേരിൽ അറിയപ്പെടുന്നവരാണ് ശബ്ബത്തുകാർ, പെന്തെകൊസ്തുകാർ എന്നീ കൂട്ടങ്ങൾ. ദൈവവചനത്തിൽ ഇല്ലാത്ത നാമം എടുക്കുന്നതുകൊണ്ടു അവർ ദൈവനാമ മഹത്വം എടുത്തുകളയുകയാണ് ചെയ്യുന്നത്.

അനേകകാരണങ്ങളാൽ മനുഷ്യനിർമ്മിത പേരുകൾ തെറ്റു എന്നു പറയാം. ആദ്യമായി അവ ഒരു ഭിന്നതയാകുന്നു. ദൈവം ആഗ്രഹിക്കാത്ത ഒരു വേർപിരിവ് അവർ ജനങ്ങൾക്കിടയിൽ ഉണ്ടാക്കുന്നു. ക്രിസ്തുവിൽ വിശ്വസിക്കുന്നവർ ഒന്നായിതീരണം എന്ന കർത്താവിന്റെ പ്രാർത്ഥനക്കു അവർ എതിരാവുന്നു (യോഹന്നാൻ 17). രണ്ടാമതായി അവയെ വചനത്തിൽ ഖണ്ഡിച്ചിരിക്കയാണ്. മനുഷ്യരുടെ പേരുകൾ സ്വീകരിക്കുന്നതു തെറ്റാണെന്ന് അപ്പൊസ്തലനായ പൌലൊസ് 1 കൊരിന്ത്യർ 1:10–17 വരെയുള്ള വാക്യങ്ങളിൽ പ്രബോധിപ്പിച്ചിരിക്കുന്നു. മൂന്നാമതായി അവർ കർത്താവിന്റെ പേരിനു പകരം മനുഷ്യരുടെ പേരുകൾ എടുത്തിരിക്കുന്നു. പക്ഷെ നാം ബൈബിളിൽ വായിക്കുന്നതു മറ്റൊരു നാമത്തിലും രക്ഷയി

ല്ല, നാം രക്ഷിക്കപ്പെടുവാൻ ആകാശത്തിൻ കീഴിൽ മനുഷ്യരുടെ ഇടയിൽ നല്കപ്പെട്ട വേറൊരു നാമവുമില്ല (പ്രവൃത്തി 4:12). നാലാമതായി മനുഷ്യനിർമ്മിതമായ പേരുകൾ ആളുകളെ തെറ്റിലേക്കു നയിപ്പിക്കുകയും കുഴപ്പത്തിലാക്കുകയും ചെയ്യും. വിശ്വാസികൾക്കിടയിൽ തെറ്റായ പ്രവണതകൾ ധരിപ്പിക്കും. അതു അവിശ്വാസത്തിനുകാരണമാകും. അഞ്ചാമതായി അവർ നിമിത്തം ഈ പേരുകൾ സ്വീകരിച്ച് ക്രിസ്തുവിൽ നിന്നും അകന്നു നഷ്ടപ്പെടുവാൻ ഇടയാകും. ഈ കാരണങ്ങളാൽ അവയെല്ലാം തെറ്റും പാപവുമാണ്.

സഭയെ സംബന്ധിച്ച് ക്രിസ്തു അതിനെ പണിയുമെന്ന് വാഗ്ദാനം ചെയ്തിരുന്നു (മത്തായി 16:18). അവൻ തന്റെ രക്തം കൊടുത്തു സമ്പാദിച്ചിരിക്കകൊണ്ട് അതിന്റെ രക്ഷിതാവും തലയുമാണ് (പ്രവൃത്തി 20:28; കൊലൊസ്യർ 1 :18). അങ്ങനെയിരിക്കെ സഭ കണ്ടെത്തിയ, അതിന്റെ നിർമ്മാതാവും രക്ഷിതാവും തലയുമായ ക്രിസ്തുവിന്റെ പേർ വിളിക്കുന്നതു സ്വാഭാവികമായി നീതിപൂർവ്വകമായിരിക്കും. അതുകൊണ്ട് പൌലൊസ് റോമയിലുള്ള സഭയ്ക്കു ലേഖനം എഴുതുമ്പോൾ മറ്റു ഇടവകകളുടെ വന്ദനം അറിയിച്ചുകൊണ്ട് പറയുന്നു "ക്രിസ്തുവിന്റെ സകല സഭകളും നിങ്ങളെ വന്ദനം ചെയ്യുന്നു (റോമർ 16:16). തുടർന്നു കൊരിന്ത്യർക്കു എഴുതുമ്പോൾ നിങ്ങൾ ക്രിസ്തുവിന്റെ ശരീരവും തമ്മിൽ തമ്മിൽ അവയവങ്ങളും ആകുന്നു (1കൊരിന്ത്യർ 12:27). സഭ ക്രിസ്തുവിന്റെ ശരീരമാകയാൽ അതിനെ ക്രിസ്തുവിന്റെ സഭ എന്നു അറിയപ്പെടുന്നു. ദൈവസഭയെന്നും (പ്രവൃത്തി 20:28; 1 കൊരിന്ത്യർ 1:2). ദൈവരാജ്യമെന്നും (1കൊരിന്ത്യർ 6:9) ക്രിസ്തുവിന്റെ രാജ്യം (എഫെസ്യർ 5:5) പുത്രന്റെ രാജ്യം (കൊലൊസ്യർ 1:13) കർത്താവിന്റെ രാജ്യം (2 പത്രൊസ് 1:11) സഭ (പ്രവൃത്തി 13:1) ജീവനുള്ള ദൈവത്തിന്റെ സഭ (1 തിമൊഥെയൊസ് 3:15) ആദ്യജാതന്മാരുടെ സഭ (എബ്രായർ 12:25) എന്നും അതിനെ വേദപുസ്തകത്തിൽ അറിയപ്പെടുന്നു.

നല്കപ്പെട്ട പേരല്ലാതെ മറ്റൊരു പേർ സഭയ്ക്കു നല്കുന്നതു തെറ്റാണെന്ന് മനസിലായല്ലോ. അതേ സമയം അതു ദൈവത്തിനും ക്രിസ്തുവിനും ഉള്ളതായി നിലനില്ക്കണം. ബൈബിളിൽ പറഞ്ഞിരിക്കുന്ന വിവരങ്ങൾ ക്രിസ്തു പണിത സഭയുടെ വിശേഷണങ്ങൾ എന്ന നിലയിലാണ്. സഭ ക്രിസ്തുവിന്റേതല്ലെങ്കിൽ പിന്നെ അതു ആരുടേത്? മറ്റു പേരുകൾ ഇട്ടുകൊണ്ടു അതു ക്രിസ്തുവിന്റേതു എന്നു പറഞ്ഞാലും നീതീകരിക്കാവുന്നതല്ല. കർത്താവിന്റെ സഭയ്ക്ക് വചനത്തിനു പുറത്തുള്ള പേരിടുമ്പോൾ അവർ വചനത്തിനു പുറത്തുപോകുന്നു എന്നർത്ഥം. പക്ഷെ നാം ബൈബിളിൽ ഉറച്ചുനിന്നു സഭയ്ക്കു ബൈബിളിൽ നല്കിയ പേരായ ക്രിസ്തുവിന്റെ സഭയിൽ തന്നെ ആയാൽ നാം ദൈവ മുൻപാകെ ശരിയായിരിക്കും.

സഭയിലെ അംഗങ്ങളെ അറിയപ്പെടേണ്ട കാര്യത്തിലും തിരുവെഴുത്തു വ്യക്തമാക്കുന്നുണ്ട്. ദൈവജനത്തിനു ദൈവം ഒരു പുതിയ പേർ വിളിക്കും എന്നു യെശയ്യാ പ്രവാചകൻ അരുളിച്ചെയ്തിരുന്നു (യെശയ്യാവ് 62:2). അനേക വർഷങ്ങൾക്കുശേഷം ആ പേര് പൌലോസിനു ലഭിച്ചു (പ്രവൃത്തി 4:15). എന്നാൽ ജാതികൾക്കുകൂടെ ദൈവ വചനം അനുസരിക്കുവാനുള്ള അവസ്ഥ ലഭിക്കുന്നതുവരെ ഇതു വെളിപ്പെടുത്തിയിരുന്നില്ല. അതു നിവർത്തീകരിക്കുന്നതു അന്ത്യോക്യയിൽ വെച്ച് ആദ്യം ശിഷ്യന്മാർക്കു ക്രിസ്ത്യാനികൾ എന്ന പേർ വിളിക്കുന്നതോടെയാണ് (പ്രവൃത്തി 11:26). കുറെനാൾ കഴിഞ്ഞു പൌലൊസ് അഗ്രിപ്പാ രാജാവിനോടു സുവിശേഷം അറിയിച്ചു. അതിനു അഗ്രിപ്പാ പൌലൊസിനോടു: നീ എന്നെ അല്പം കൊണ്ടു ക്രിസ്ത്യാനിയാക്കാൻ ശ്രമിക്കുന്നു" എന്നാണ് (പ്രവൃത്തി 26:28). പത്രൊസ് തന്റെ ലേഖനത്തിൽ നമ്മെ ഉത്തേജിപ്പിക്കുന്നതു: ക്രിസ്ത്യാനിയായിട്ടു കഷ്ടം സഹിക്കേണ്ടിവന്നാൽ ലജ്ജിക്കരുതു, ആ നാമം ധരിച്ചിട്ടു ദൈവത്തെ മഹത്വപ്പെടുത്തുകയത്രെ ചെയ്യേണ്ടതു (1 പത്രൊസ് 4:16).

ആകയാൽ ക്രിസ്തുവിനെ അനുഗമിക്കുന്നവർ ക്രിസ്ത്യാനികൾ എന്നു മാത്രം അറിയപ്പെടുന്നു. കത്തോലിക്കർ എന്നോ യാക്കോബായ എന്നോ മർത്തോമ എന്നു തുടങ്ങിയ നാമധേയ വിഭാഗങ്ങളുടെ പേരിനാൽ അല്ല അറിയപ്പെടേണ്ടതു. ലോകത്തിലുള്ള മറ്റുള്ളവരിൽ നിന്നു ക്രിസ്തുവിന്റെ ശിഷ്യനെ വേർതിരിച്ചുകാണിക്കുന്ന നാമമാണ് ക്രിസ്ത്യാനി എന്നതു.

സഭയുടെയും അംഗങ്ങളുടെയും പേർ ക്രിസ്തുവിനോടു കൂടി അറിയപ്പെടണം എന്നു പറയുമ്പോൾ ക്രിസ്തുവിന്റെ നാമത്തെ ഉയർത്തി കാണിക്കുന്നു. അതു കുടുംബപേരാണ് (എഫെസ്യർ 3:14,15) സകല നാമത്തിലും മേലായ നാമമാണതു (ഫിലിപ്പിയർ 2:9–11). രക്ഷ സ്ഥിതിചെയ്യുന്ന നാമവും അതുമാത്രം (പ്രവൃത്തി 4:11–12). അതുകൊണ്ടു നാം യേശുവിന്റെ നാമത്തിൽ വിശ്വസിക്കുന്നു (1 യോഹന്നാൻ 5:13). ആ നാമത്തിലാണ് നമ്മെ അറിയുന്നതു (2 തിമൊഥെയൊസ് 2:19). മാനസാന്തരപ്പെട്ടു സ്നാനമേല്ക്കുന്നതും അവന്റെ നാമത്തിലാണ് (പ്രവൃത്തി 2:38). നാം ആരാധനക്കു കൂടി വരുന്നതും അവന്റെ നാമത്തിൽ (മത്തായി 19:20). വാക്കിനാലും ക്രിയയാലും എല്ലാം ചെയ്യേണ്ടതു അവന്റെ നാമത്തിൽ (കൊലൊസ്സ്യർ 3:17). നിത്യജീവനും അവന്റെ നാമം മുഖാന്തരം ലഭിക്കുന്നു (യോഹന്നാൻ 20:31).

## *ചോദ്യങ്ങൾ*

### *വിട്ടവരികൾ പൂരിപ്പിക്കുക*

1. സഭയ്ക്കു വചനപ്രകാരം ഒരു.....................................ഉണ്ടായിരിക്കണം.
2. മനുഷ്യനിർമ്മിത പേരുകൾ എല്ലാം.....................................ആണ്
3 .............................ന്റെ പ്രാർത്ഥന........................................................ വേണ്ടിയായിരുന്നു.

4. ഇപ്പോൾ നിങ്ങൾ ഓരോരുത്തൻ..................................................

5. ദൈവം തന്റെ ജനത്തിനു..............................................വിളിക്കും

***ശരിയോ തെറ്റോ എന്നെഴുതുക*** (✓) (X)

1. വചനപ്രകാരമുള്ള സഭക്കു വചനപ്രകാരമുള്ള ഒരു പേർ ഉണ്ടായിരിക്കും?
2. മനുഷ്യനിർമ്മിത പേരുകൾ തെറ്റാണ്?
3. രക്ഷ ക്രിസ്തുവിന്റെ നാമത്തിലാണ്?
4. ഇന്നു നമ്മൾ എല്ലാവരും ഒരേ പേരിൽ അറിയപ്പെടണമെന്നാണ് ആഗ്രഹിക്കുന്നത്?
5. ദൈവനാമം ധരിക്കാതെ ഒരാൾക്കു ദൈവത്തെ മഹത്വപ്പെടുത്തുവാൻ കഴിയും?

***ശരിയായ ഉത്തരം നല്കുക***

1. എങ്ങനെയാണ് ചില മനുഷ്യനിർമ്മിതമായ പേരുകൾ വരാനിടയായതു?..................................................................................

.....................................................................................................

2. മനുഷ്യ നിർമ്മിത പേരുകൾ തെറ്റാണെന്നുള്ളതിനുള്ള ചില കാരണങ്ങൾ എഴുതുക?.......................................................................

.....................................................................................................

3. ക്രിസ്തു എന്തിനുവേണ്ടി പ്രാർത്ഥിച്ചു........................................................

.....................................................................................................

4. തന്റെ സഹോദരന്മാർ പക്ഷം പിടിച്ച് ഭിന്നിപ്പ് ഉണ്ടാക്കിയപ്പോൾ പൌലൊസ് എന്തു ചെയ്യുന്നു?..........................................

..........................................................................................

5. എന്തുകൊണ്ടു സഭ ക്രിസ്തുവിന്റെ നാമം ധരിക്കണം?..........................................................................

..........................................................................................

6. റോമർ 16:16 എഴുതുക..........................................................

..........................................................................................

7. ക്രിസ്തുവിന്റെ ശരീരം എന്നാൽ എന്ത്? ( 1 കൊരിന്ത്യർ 12:27)..........................................................................

..........................................................................................

8. സഭയെ വിളിക്കപ്പെട്ട മറ്റുവചന നാമങ്ങൾ?................................

..........................................................................................

9. സഭ, ക്രിസ്തുവിന്റേതല്ലെങ്കിൽ പിന്നെ ആരുടേത്?...............

..........................................................................................

10. സഭാംഗങ്ങളെ എന്തുപേരിൽ അറിയപ്പെടുന്നു?.............................

..........................................................................................

11. ക്രിസ്ത്യാനികൾ എന്നു വിളിക്കുന്ന മൂന്നു വേദഭാഗങ്ങൾ എഴുതുക?.........................................................................

..........................................................................................

12. നമ്മെക്കുറിച്ച് കർത്താവ് ഇന്ന് ആഗ്രഹിക്കുന്നതു എന്ത്?.........

..........................................................................................

13. ഏതെങ്കിലും ഒരു തരത്തിലുള്ള ക്രിസ്ത്യാനിയായാൽ മതിയോ?..........................................................................

..............................................................................................................

14. എന്തുകൊണ്ടു നാം ക്രിസ്തുവിന്റെ നാമത്തെ ഉയർത്തികാണിക്കുന്നു?

..............................................................................................................

15. ക്രിസ്തുവിന്റെ നാമത്തിൽ നാം എന്തുചെയ്യണം?..............

..............................................................................................................

## പാഠം 6

# സഭയുടെ ഘടന

ക്രിസ്തു ആണ് സഭ സ്ഥാപിച്ചതു (മത്തായി 16:18). ലോകത്തിൽ നിന്നു വിളിച്ച് വേർതിരിച്ചിരിക്കുന്നവരുടെ കൂട്ടമാണ് ആ സഭ (കൊലൊസ്യർ 1:13-14). രക്ഷിക്കപ്പെടുന്നവരെയാണ് അതിലേക്കു ചേർക്കുന്നതു (പ്രവൃത്തി 2:47). അതു ക്രിസ്തുവിന്റെ ആത്മീയ ശരീരമാണ് (കൊലൊസ്യർ 1:18). അതു ഒന്നുമാത്രമാണുള്ളതു (എഫെസ്യർ 4:4).

സഭ, സാർവ്വദേശീയമാകയാൽ നൂറുകണക്കിനും ആയിരക്കണക്കിനും ഇടവകകൾ കാണും. ഓരോ ഇടവകയിലും ധാരാളം വ്യക്തികളെയും അംഗങ്ങളെയും കാണാം. എന്നാൽ സഭയുടെ ഭരണം ദേശീയമോ അന്തർദ്ദേശീയമോ ആയിട്ടല്ല നടക്കുന്നത്. മറിച്ച് പ്രാദേശികമായിട്ടാണ്. മറ്റൊരർത്ഥത്തിൽ പറഞ്ഞാൽ കർത്താവിന്റെ സഭയ്ക്കു ഭൗമികമായ ഒരു തലയോ തലസ്ഥാനമോ ഇല്ല.

തിരുവെഴുത്ത് നമ്മെ പഠിപ്പിക്കുന്നത് ക്രിസ്തുവാണ് സഭയുടെ തല എന്നാണ്. താഴെ പറയുന്ന വേദഭാഗങ്ങൾ വായിക്കുക. "സർവ്വവും അവന്റെ കാൽകീഴാക്കിവെച്ചു അവനെ സർവ്വത്തിനും മീതെ തലയാക്കി എല്ലാം നിറെക്കുന്നവന്റെ നിറവായിരിക്കുന്ന അവന്റെ ശരീരമായ സഭെക്കു കൊടുക്കുകയും ചെയ്തിരിക്കുന്നു (എഫെസ്യർ 1:22-23). ക്രിസ്തു ശരീരത്തിന്റെ രക്ഷിതാവായി സഭെക്കു തലയാകുന്നതുപോലെ ഭർത്താവു ഭാര്യക്കു തലയാകുന്നു (എഫെസ്യർ 5:23). അവൻ സഭ എന്ന ശരീരത്തിന്റെ തലയും ആകുന്നു; സകലത്തിലും താൻ മുമ്പനാകേണ്ടതിനു അവൻ ആരംഭവും മരിച്ചവരുടെ ഇടയിൽ നിന്നു ആദ്യനായി എഴു

ന്നേറ്റവനും ആകുന്നു (കൊലൊസ്യർ 1:18). ഈ വാക്യങ്ങൾ എല്ലാം എന്തു പഠിപ്പിക്കുന്നു? സഭ എന്ന ശരീരത്തിന്റെ തലയാണ് ക്രിസ്തു. അവനല്ലാതെ മറ്റൊരു തലയില്ല. അതുകൊണ്ടു ഭൗതികമായ ഒരു തല ആവശ്യമില്ല.

സാർവ്വദേശീയമായ സഭ അനേക ഇടവകകളാൽ ചേർക്കപ്പെടുന്നതാണ്. സഭയുടെ തല ക്രിസ്തു ആയിരിക്കെ ഓരോ പ്രാദേശിക ഇടവകയുടേയും തല ക്രിസ്തുവാണ്. വ്യക്തികളായ അംഗങ്ങളുടെ തല ക്രിസ്തുവാണ്. ഇതു മനസിലാക്കിക്കൊണ്ടാണ് പൌലൊസ് പറഞ്ഞത്: എന്നാൽ ഏതു പുരുഷന്റേയും തല ക്രിസ്തു, സ്ത്രീയുടെ തല പുരുഷൻ, ക്രിസ്തുവിന്റെ തല ദൈവം എന്നു നിങ്ങൾ അറിയേണം എന്നു ഞാൻ ആഗ്രഹിക്കുന്നു (1 കൊരിന്ത്യർ 11:3).

അടുത്തതായി ഓരോ ഇടവകക്കും അതിന്റേതായ ഘടനയുണ്ടായിരിക്കണം. ക്രിസ്തു തലയായി അംഗങ്ങളിൽ നിന്നും നിയോഗിക്കപ്പെടുന്ന അദ്ധ്യക്ഷന്മാർ (മൂപ്പന്മാർ), ശുശ്രൂഷകന്മാർ എന്നിവർ സഭയുടെ ആത്മിയവും ഭൗതികവുമായ കാര്യങ്ങൾ വചനപ്രകാരം നടത്തുന്നു. മൂപ്പന്മാർ അംഗങ്ങളുടെ ആത്മാക്കളെക്കുറിച്ച് കരുതൽ ഉള്ളവരായിരിക്കണം (എബ്രായർ 13:17). ശുശ്രൂഷകന്മാർ ഭൗതികമായ ശുശ്രൂഷ ചെയ്യുന്നവരാണ് (പ്രവൃത്തി 6). ഒരു അദ്ധ്യക്ഷനോ ഒരു ശുശ്രൂഷകനോ ആയിരിക്കരുത് ഇതിൽ ഭരണം നടത്തേണ്ടതു. വചനത്തിൽ ഒന്നിലധികംപേരെയാണ് പറഞ്ഞിരിക്കുന്നത്. ഒരു ഇടവകയിലെ മൂപ്പന്മാർക്കോ ശുശ്രൂഷകന്മാർക്കോ മറ്റു ഇടവകയെയോ ഇടവകകളെയോ നിയന്ത്രിക്കാൻ പാടുള്ളതല്ല. അതേ സമയം ഇടവകകൾക്കു തമ്മിൽ കൂട്ടായ്മ ആകാം. ഒന്നിനുമേൽ മറ്റൊന്നു അധികാരം ചെലുത്താവുന്നതല്ല.

മൂപ്പൻ, അദ്ധ്യക്ഷൻ, ഇടയൻ, മേയ്ക്കുന്നവൻ എന്നെല്ലാം പറയുന്നതു ഒരേ ഉദ്യോഗസ്ഥരെ സൂചിപ്പിക്കുന്നതിനാണ്.

അങ്ങനെ മൂപ്പൻ, അദ്ധ്യക്ഷൻ എന്നു പറയുന്ന ആൾക്കു ചില യോഗ്യതകളും ബൈബിളിൽ പറയുന്നുണ്ട്. "ഞാൻ ക്രേത്തയിൽ നിന്നെ വിട്ടേച്ചു പോന്നതു ഞാൻ നിന്നോടു ആജ്ഞാപിച്ചതു പോലെ പട്ടണം തോറും മൂപ്പന്മാരെ ആക്കിവെക്കേണ്ടതിനു തന്നേ. മൂപ്പൻ കുറ്റമില്ലാത്തവനും, ഏകഭാര്യയുള്ളവനും, ദുർന്നടപ്പിന്റെ ശ്രുതിയോ അനുസരണക്കേടോ ഇല്ലാത്ത വിശ്വാസികളായ മക്കൾ ഉള്ളവനും ആയിരിക്കണം. അദ്ധ്യക്ഷൻ ദൈവത്തിന്റെ ഗൃഹവിചാരകനായിരിക്കണം അനിന്ദ്യനായിരിക്കേണം. തന്നിഷ്ടക്കാരനും, കോപിയും, മദ്യപ്രിയനും തല്ലുകാരനും ദുർല്ലാഭമോഹിയും അരുതു. അതിഥിപ്രിയനും സൽഗുണ പ്രിയനും സുബോധശീലനും നീതിമാനും നിർമ്മലനും ജിതേന്ദ്രിയനും പത്ഥ്യോപദേശത്താൽ പ്രബോധിപ്പിച്ചു വിരോധികൾക്കു ബോധം വരുത്തുവാനും ശക്തനാകേണ്ടതിനു ഉപദേശപ്രകാരമുള്ള വിശ്വാസ്യവചനം മുറുകെ പിടിക്കുന്നവനും ആയിരിക്കേണം" തിത്തൊസ് 1:5-9). ഈ യോഗ്യതകൾ 1 തിമൊഥെയോസ് 3:1-7 വരെയുള്ള വാക്യങ്ങളിലും പ്രസ്താവിച്ചിട്ടുണ്ട്. അതുകൊണ്ടു സഭയിലെ എല്ലാവർക്കും മൂപ്പൻ ആകാൻ സാദ്ധ്യമല്ല. യോഗ്യതകൾ വേണം, ഒന്നിലധികം പേർ ഉണ്ടായിരിക്കണം. അങ്ങനെ ഒരു ആൾ ഇല്ലെങ്കിൽ യോഗ്യതയുള്ളവർ ഉണ്ടാകുന്നതുവരെ അവിടെയുള്ള പുരുഷന്മാർ കൂടി ഈ പ്രവർത്തികൾ ചെയ്യണം.

മൂപ്പന്മാരോടുകൂടെ ശുശ്രൂഷചെയ്യുവാൻ ശുശ്രൂഷകന്മാരെയും നിയമിക്കാവുന്നതാണ്. അവർ ദാസന്മാരായി മൂപ്പന്മാരുടെ നിയന്ത്രണത്തിൽ ശുശ്രൂഷ നടത്തണം. അവർക്കും നിശ്ചിത യോഗ്യതകൾ ആവശ്യമാണ്. "അവ്വണ്ണം ശുശ്രൂഷകന്മാർ ഘനശാലികളായിരിക്കേണം; ഇരുവാക്കുകാരും മദ്യപന്മാരും ദുർല്ലാഭമോഹികളും അരുത്. അവർ വിശ്വാസത്തിന്റെ മർമ്മം ശുദ്ധമനസാക്ഷിയിൽ വെച്ചു കൊള്ളുന്നവർ ആയിരിക്കേണം. അവരെ ആദ്യം പരീക്ഷിക്കേണം, അനിന്ദ്യരായി കണ്ടാൽ അവർ ശുശ്രൂഷ ചെയ്യട്ടെ. ശുശ്രൂഷകന്മാരുടെ ഭാര്യമാരായ സ്ത്രീകൾ ഘനശാ

ലികളായി ഏഷണി പറയാതെ നിർമ്മദമാരും എല്ലാറ്റിലും വിശ്വസ്ഥരുമായിരിക്കേണം. ശുശ്രൂഷകന്മാർ ഏക ഭാര്യയുള്ള ഭർത്താക്കന്മാരും മക്കളെയും സ്വന്ത കുടുംബങ്ങളെയും നന്നായി ഭരിക്കുന്നവരും ആയിരിക്കേണം. നന്നായി ശുശ്രൂഷ ചെയ്തിട്ടുള്ളവർ തങ്ങൾക്കു നല്ലനിലയും ക്രിസ്തു യേശുവിങ്കലുള്ള വിശ്വാസത്തിൽ വളരെ പ്രാഗത്ഭ്യവും സമ്പാദിക്കുന്നു" (1 തിമൊഥെയോസ് 3:8–13)

ഇതാണ് സഭയുടെ ദൈവിക ഘടന. ക്രിസ്തുതലയായും ഓരോ ഇടവകയിലും തനതായ മൂപ്പന്മാരും ശുശ്രൂഷകന്മാരും ഉണ്ടായിരിക്കണം. മൂപ്പന്മാരുടെ മേൽനോട്ടത്തിൽ ആയിരിക്കും ഉപദേഷ്ടാക്കന്മാരും സുവിശേഷകന്മാരും. ഇതാണ് കർത്താവിന്റെ വഴി. ഒരു ഇടവക തെറ്റിൽ അകപ്പെട്ടാലും മറ്റുള്ളവ വിശ്വസ്ഥമായി തുടരാൻ ഇങ്ങനെ കഴിയുന്നു. ഒന്നൊഴിച്ച് മറ്റെല്ലാ ഇടവകകളും വിശ്വാസത്തിൽ നിന്നും അഥവാ വചനത്തിൽ നിന്നും അകന്നുപോയാലും ആ ഒരു ഇടവകക്ക് ദൈവത്തിലും വചനത്തിലും വിശ്വസ്ഥമായി തുടരാം. കർത്താവിന്റെ പദ്ധതി അനുസരിച്ചു സംഘടിപ്പിച്ചിരിക്കുന്ന ഓരോ ഇടവകക്കും സ്വയം ഭരണത്തിനു സ്വാതന്ത്ര്യമുണ്ട്. മനുഷ്യനിർമ്മിതമായ ചട്ടങ്ങളാൽ അവയെ തമ്മിൽ ബന്ധിപ്പിച്ചിട്ടില്ല. എന്നാൽ സ്നേഹത്തിൽ അന്യോന്യം കൂട്ടായ്മ ആചരിക്കാം. ഒരുമിച്ചു പ്രവർത്തിക്കാം. എല്ലാവരും ക്രിസ്തുവിൽ ഒന്നത്രെ. ക്രിസ്തുവിന്റെ വഴി മോടി പിടിപ്പിക്കേണ്ട ആവശ്യമില്ല.

പത്രോസോ, അപ്പൊസ്തലന്മാരിൽ മറ്റാരെങ്കിലുമോ ഏതൊരു മനുഷ്യനോ സഭയുടെ തലയായി ബൈബിളിൽ ഒരിടത്തും വായിക്കാൻ സാദ്ധ്യമല്ല. ഒരു ഇടവകയുടെ അദ്ധ്യക്ഷൻ ഏക വ്യക്തിയായി പാസ്റ്ററായി തിരുവെഴുത്തിൽ ഒരിടത്തും നാം വായിക്കുന്നില്ല. അൻമേനികളെന്നോ, തിരുമേനികളെന്നോ ബൈബിളിൽ വായിക്കാൻ കഴിയുന്നില്ല. ദൈവം സംഘടിപ്പിച്ച സഭ

യിൽ നിന്നു ഇന്നത്തെ മതപരമായ ആളുകൾ അധികവും അക ന്നുപോയിരിക്കുന്നു. അക്കാരണത്താലാണ് ഇന്നു ക്രിസ്തീയ ഗോളത്തിൽ ഇത്രയും ഭിന്നിപ്പും നാമധേയ വിഭാഗങ്ങളും ഉള്ള തു. ആകയാൽ നമുക്ക് തിരുവെഴുത്തിൽ ദൈവം രൂപപ്പെടുത്തിയ സത്യസഭയുടെ ഘടനയിലേക്കു നമുക്ക് എല്ലാവർക്കും മടങ്ങിവ രാം. അതിൽ ദൈവം പ്രസാദിക്കും.

## ചോദ്യങ്ങൾ

താഴെ കൊടുത്തിരിക്കുന്നവയ്ക്കു ശരിയായ ഉത്തരങ്ങൾ എഴു തുക.

1. ആരാണ് സഭ സ്ഥാപിച്ചത്? ..........................................................

2. സഭ എന്നാൽ എന്ത് ? ..........................................................

3. ക്രിസ്തുവിന്റെ ശരീരം എന്നു പറയുന്നതു ഭൗതികമോ ആത്മി കമോ ?..........................................................
..........................................................

4. എത്ര സഭകൾ ഉണ്ട് ? ..........................................................

5. സഭയെ എല്ലായിടത്തുമുള്ളതെന്ന അർത്ഥത്തിൽ പറഞ്ഞിരി ക്കുന്ന സ്വഭാവം ? ..........................................................
..........................................................

6. നൂറുകണക്കിനു ആയിരക്കണക്കിനു എന്തു ഉൾപ്പെടുന്നതാണ് സഭ ?..........................................................

7. സഭയുടെ ഭരണം ദേശീയമോ, പ്രാദേശിയമോ, അന്തർദേശീ

യമോ ?..........................................................................................................

..........................................................................................................

8. കർത്താവിന്റെ സഭക്കു ഭൗമികമായ തലയോ തലസ്ഥാനമോ ഉണ്ടോ ?..........................................................................................................

9. സഭയുടെ തല ആർ ?..........................................................................................................

10. പ്രാദേശിക ഇടവകയിലെ നായകന്മാർ ആരെല്ലാം ?

..........................................................................................................

..........................................................................................................

11. അദ്ധ്യക്ഷന്മാരുടേയും ശുശ്രൂഷകന്മാരുടേയും പ്രവൃത്തികൾ എന്ത് ?..........................................................................................................

..........................................................................................................

12. ഓരോ ഇടവകയിലും എത്ര മൂപ്പന്മാരും ശുശ്രൂഷകന്മാരും ഉണ്ടായിരിക്കണം ?..........................................................................................................

..........................................................................................................

13. മൂപ്പന്മാരെ മറ്റേതെല്ലാം പേരുകളിൽ അറിയപ്പെടുന്നു ?..........................................................................................................

..........................................................................................................

14. മൂപ്പന്മാരുടെ യോഗ്യതകളെ ബൈബിളിൽ എവിടെ വിവരിക്കുന്നു ?..........................................................................................................

..........................................................................................................

15. ശുശ്രൂഷകന്മാരുടെ യോഗ്യതകൾ എവിടെ പറയുന്നു ?..........................................................................................................

..........................................................................................................

16. യോഗ്യതകളുള്ള പുരുഷന്മാർ ഒരു ഇടവകയിൽ ഇല്ലെങ്കിൽ അവിടെ മൂപ്പന്മാരും ശുശ്രൂഷകന്മാരും വേണ്ടേ ?..........................................................................................................

........................................................................................................

17. അങ്ങനെയെങ്കിൽ സഭയെ നടത്തേണ്ടതു ആർ ?..........................

........................................................................................................

18. ഇടവകകൾ തമ്മിൽ എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നു ?..........................

........................................................................................................

19. ദൈവത്തിന്റെ ഘടനാ മാതൃകയെ നാം മോടി പിടിപ്പിക്കാമോ?. ..........

........................................................................................................

20. വചന പ്രകാരം പത്രോസ് സഭയുടെ തലയാണോ ?..................

........................................................................................................

21. ഒന്നിലധികം ഇടവകകൾക്കു ഒരു ബിഷപ്പിനെ നാം വേദപുസ്തകത്തിൽ വായിക്കുന്നുണ്ടോ ?..........................................................

........................................................................................................

22. ഒരു പാസ്റ്റർ സഭയുടെ ഭരണം നടത്തുന്നതു ബൈബിൾ അനുസരിച്ചോ? ........................................................................................

23. അൻമേനി, തിരുമേനി എന്നിവ തിരുവചനത്തിൽ കാണുന്നുവോ?

........................................................................................................

24. ഇന്നു ലോകത്തിൽ ഇത്രയും ഭിന്നത കാണുന്നതെന്തുകൊണ്ട് ?

........................................................................................................

........................................................................................................

25. ഓരോ ഇടവകയുടേയും ഘടനയുടെ മാതൃക നമുക്ക് എവിടെ കണ്ടെത്താം.?........................................................................

........................................................................................................

പാഠം 7

# സഭയിലേക്കുള്ള പ്രവേശനം

ഇതുവരെയുള്ള നമ്മുടെ പഠനങ്ങളിൽ സഭയുടെ പ്രാധാന്യമാണ് നാം പഠിച്ചത്. ഇതു വചനത്തിൽ വെളിപ്പെടുത്തിയിട്ടുള്ള വസ്തുതകളുടെ ബലത്തിലാണ് സൂചിപ്പിച്ചത്. ക്രിസ്തു തന്റെ സഭയ്ക്കു വേണ്ടി മരിച്ചു (എഫെസ്യർ 5:25), സ്വന്ത രക്തത്താൽ അതിനെ സമ്പാദിച്ചു (പ്രവൃത്തി 20:28), അവനാണ് അതിന്റെ രക്ഷിതാവ് (എഫെസ്യർ 5:23). താഴെ പറയുന്ന ചോദ്യങ്ങൾ ചോദിക്കാവുന്നതാണ്. അപ്രധാനമായ ഒന്നിനുവേണ്ടി ക്രിസ്തു മരിക്കുമോ? വിലയില്ലാത്ത ഒന്നിനെ സമ്പാദിക്കുവാൻ അവൻ രക്തം ചിന്തുമോ? സഭക്കു പുറത്തു ഒരാൾക്കു രക്ഷപ്രാപിക്കാൻ കഴിയുമെങ്കിൽ ക്രിസ്തു എന്തിനു സഭയുടെ രക്ഷകനായി? ഇതിനെല്ലാം ശരിയായ ഉത്തരം കണ്ടെത്തിയാൽ നിങ്ങൾക്കു സത്യം മനസിലാകും. പിന്നെ ആളുകൾ എന്തുകൊണ്ടു സഭ ഏതായാലെന്താ? സഭയിൽ അംഗമാകാതെയും രക്ഷപ്രാപിക്കാൻ കഴിയും എന്നു പറയുന്നു? അവർ തെറ്റിദ്ധരിക്കപ്പെട്ടിരിക്കുകയാണ്; വഞ്ചിതരായിതീർന്നിരിക്കയാണ്.

സഭ ആരെയെങ്കിലും രക്ഷിക്കുന്നു എന്നു ബൈബിൾ പഠിപ്പിക്കുന്നില്ല. എന്നാൽ രക്ഷപെടുവാൻ സഭയിൽ അംഗമായിതീരണം. ജലപ്രളയത്തിൽ നിന്നും നോഹയും കുടുംബവും രക്ഷപ്പെട്ടതു പെട്ടകത്തിൽ കയറിയതുകൊണ്ടാണ്. അതു തന്നെയല്ല; രക്ഷിക്കപ്പെടുന്നവരെ കർത്താവ് സഭയിലേക്കു ചേർക്കുന്നു. പെന്തെക്കൊസ്തു നാളിൽ ആദ്യം സുവിശേഷം കേട്ടു, വിശ്വസിച്ചു അനുസരിച്ചവരും അതിനുശേഷം അപ്രകാരം ചെയ്തവരും രക്ഷിക്കപ്പെട്ടതായി നാം വായിക്കുന്നു. അങ്ങനെയുള്ളവരെ കർത്താവ് ഓരോരുത്തരുടെ വഴിക്ക് വിട്ടുകളയുന്നില്ല. അവർ ഹൃദയ പര

മാർത്ഥതയും ഉല്ലാസവും പൂണ്ടു ദൈവത്തെ സ്തുതിക്കയും സകല ജനത്തിന്റേയും കൃപ അനുഭവിക്കുകയും ചെയ്തു. കർത്താവ് രക്ഷിക്കപ്പെടുന്നവരെ ദിനമ്പ്രതി സഭയോടു ചേർത്തു കൊണ്ടിരുന്നു (പ്രവൃത്തി 2:47). അതുകൊണ്ടു ഒരാൾ രക്ഷിക്കപ്പെട്ടുവെങ്കിൽ അയാൾ കർത്താവിന്റെ സഭയിൽ ആയിരിക്കും. ഒരാൾ കർത്താവിന്റെ സഭയിൽ അംഗമായിട്ടില്ലെങ്കിൽ ആ വ്യക്തി രക്ഷിക്കപ്പെട്ടിട്ടില്ല. വേറൊരർത്ഥത്തിൽ പറഞ്ഞാൽ സഭക്കു പുറത്തുരക്ഷയില്ല എന്നർത്ഥം. ഒരു നാമധേയ വിഭാഗത്തിൽ അംഗമാകാതെ ഒരാൾക്കു രക്ഷ പ്രാപിക്കാൻ കഴിയും. പക്ഷെ ക്രിസ്തുവിന്റെ സഭയിൽ അംഗമാകാതെ രക്ഷപ്രാപിക്കുവാൻ സാദ്ധ്യമല്ല.

ഒരാൾക്കു കർത്താവിന്റെ സഭയിലേക്കു ചേരുവാൻ കഴിയുന്നതല്ല. കാരണം രക്ഷിക്കപ്പെടുന്നവരെ കർത്താവു സഭയോടു ചേർക്കുകയാണ് ചെയ്യുന്നത്. അപ്പോൾ സഭ എന്നു പറയുന്നതു രക്ഷിക്കപ്പെട്ടവരുടെ കൂട്ടമാണ്. കർത്താവു നോക്കുന്നതു ഹൃദയങ്ങളാണ്. ഒരാൾ ആത്മാർത്ഥമായിട്ടാണോ അനുസരിക്കുന്നതെന്നു കർത്താവിനു അറിയാം. പരമാർത്ഥതയോടെ അനുസരിക്കുന്നവരെ ദൈവം സഭയോടു ചേർക്കുന്നു, പുറമെയുള്ള കല്പനകൾ അനുസരിക്കുന്നവർ ഉള്ളിൽ ആത്മാർത്ഥതയില്ലായെങ്കിൽ കർത്താവു ചേർക്കുകയില്ല. ഒരു പക്ഷെ നാം അവരെ അംഗീകരിക്കുമെങ്കിലും അന്തരംഗം അറിയുന്നതു ദൈവമാണ്. ചേരാൻ കഴിയുന്ന ഒന്നാണ് സഭയെങ്കിലും അവരുടെ ഉദ്ദേശം എന്തെന്നു അറിയാത്തതുകൊണ്ട് മാനുഷികമായി സാധിക്കും. പക്ഷെ ദൈവപദ്ധതിയനുസരിച്ച് ചേർക്കുന്ന ഉത്തരവാദിത്വം ക്രിസ്തുവിനാണ് ഉള്ളതു. ആരാണ് യഥാർത്ഥത്തിൽ രക്ഷിക്കപ്പെട്ടതു എന്നു കർത്താവിനു അറിയാവുന്നതുകൊണ്ട് അവനു തെറ്റു പറ്റുകയില്ല.

ക്രിസ്തു സഭയുടെ രക്ഷിതാവായിരിക്കെ അവനാണ് രക്ഷിക്കപ്പെട്ടവരെ സഭയോടു ചേർക്കുന്നതു എന്നിരിക്കെ എങ്ങനെ സഭ

യിൽ പ്രവേശിക്കണമെന്നാണ് ദൈവം ആഗ്രഹിക്കുന്നതെന്ന് അറിഞ്ഞിരിക്കണം. അതു ദൈവവചനത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. പ്രത്യേകിച്ച് പ്രവൃത്തികളുടെ പുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന വിവിധ പരിവർത്തനങ്ങൾ വ്യക്തമാക്കുന്നുണ്ട്. എന്നാൽ സഭയിൽ പ്രവേശിക്കുന്നതിനുള്ള നിബന്ധനകൾ ശ്രദ്ധിക്കുക.

1. **ഒരാൾ കേൾക്കുന്നു.** ആകയാൽ വിശ്വാസം കേൾവിയാലും കേൾവി ക്രിസ്തുവിന്റെ വചനത്താലും വരുന്നു (റോമർ 10:17).

2. **ദൈവത്തിലും ക്രിസ്തുവിലും വിശ്വസിക്കുന്നു.** നിങ്ങളുടെ ഹൃദയം കലങ്ങിപോകരുതു ദൈവത്തിൽ വിശ്വസിപ്പിൻ എന്നിലും വിശ്വസിപ്പിൻ (യോഹന്നാൻ 14:1).

3. **തന്റെ പാപത്തിൽ നിന്നും മാനസാന്തരപ്പെടണം.** അല്ല ല്ലാ, മാനസാന്തരപ്പെടാഞ്ഞാൽ നിങ്ങൾ എല്ലാവരും അങ്ങനെതന്നെ നശിച്ചുപോകും (ലൂക്കൊസ് 13:3).

4. **ക്രിസ്തു ദൈവപുത്രനാണെന്നു ഏറ്റു പറയണം.** മനുഷ്യരുടെ മുമ്പിൽ എന്നെ ഏറ്റു പറയുന്ന ഏവരേയും സ്വർഗ്ഗസ്ഥനായ എന്റെ പിതാവിന്റെ മുമ്പിൽ ഞാൻ ഏറ്റു പറയും (മത്തായി 10:32)

5. **പാപമോചനത്തിനായി സ്നാനം ഏല്ക്കണം.** ഈ സ്നാനം വെള്ളത്തിലുള്ള അടക്കമാണ് (റോമർ 6:3–4); പ്രവൃത്തി 8:36–39). വിശ്വസിക്കയും സ്നാനം ഏല്ക്കുകയും ചെയ്യുന്നവർ രക്ഷിക്കപ്പെടും; വിശ്വസിക്കാത്തവൻ ശിക്ഷാവിധിയിൽ അകപ്പെടും (മർക്കൊസ് 16:16). പത്രൊസ് യഹൂദന്മാരോടു പറഞ്ഞു: നിങ്ങൾ മാനസാന്തരപ്പെട്ടു നിങ്ങളുടെ പാപങ്ങളുടെ മോചനത്തിനായി ഓരോരുത്തൻ യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നാനം

ഏല്പിൻ; എന്നാൽ പരിശുദ്ധാത്മാവ് എന്ന ദാനം ലഭിക്കും (പ്രവൃത്തി 2:38) എന്നത്രെ.

ഈ പാഠത്തിന്റെ ആരംഭത്തിൽ നാം പഠിച്ചതെന്താണ്? കർത്താവ് രക്ഷിക്കപ്പെടുന്നവരെ സഭയോടു ചേർക്കുന്നു എന്നത്രെ. അതായതു ഒരാൾ ദൈവത്തെ അവന്റെ ഇഷ്ടപ്രകാരം അനുസരിക്കുമ്പോൾ ആണ് ഒരാൾ രക്ഷിക്കപ്പെടുന്നതും സ്വാഭാവികമായും സഭയോടു ചേർക്കപ്പെടുന്നതും. സത്യം കേട്ടു, വിശ്വസിച്ച്, മാനസാന്തരപ്പെട്ട്, ക്രിസ്തുവിനെ ഏറ്റു പറഞ്ഞു അടക്കമൊകുന്ന സ്നാനമേല്ക്കുന്ന ഒരാളെ കർത്താവു രക്ഷിക്കുന്നു. അങ്ങനെ രക്ഷിക്കപ്പെടുന്നവരെ ക്രിസ്തു തന്റെ സഭയോടു ചേർക്കുന്നു.

വേറൊരു രീതിയിൽ നോക്കിയാൽ ദൈവരാജ്യത്തിൽ ഒരാൾക്കു പ്രവേശിക്കുന്നതിനുള്ള ഏക വഴി വെള്ളത്താലും ആത്മാവിനാലും ഉള്ള ജനനമാണ് (യോഹന്നാൻ 3:3–5). എന്നാൽ എന്താണീ രാജ്യം? അതു സഭയാണ് (മത്തായി 16: 18–19). ഒരാൾക്കു സഭയിൽ പ്രവേശിക്കുവാൻ കർത്താവ് രണ്ടു വഴികൾ വെച്ചിട്ടുണ്ടോ? തീർച്ചയായും ഇല്ല. അതുകൊണ്ടു ഒരാൾ വിശ്വസിച്ചു സ്നാനം ഏല്ക്കുമ്പോൾ ആത്മാവിന്റെ ഉപദേശമാകുന്ന വചനം അനുസരിക്കയാണ്. അപ്പോൾ ആത്മാവിനാലുള്ള ജനനം നടക്കുന്നു. അങ്ങനെ അയാൾ ദൈവരാജ്യം, ഭവനം, സഭ എന്നീ പേരുകളിൽ അറിയപ്പെടുന്ന ബൈബിളിലെ ആലയത്തിലേക്കു പ്രവേശിക്കുകയാണ് ചെയ്യുന്നത്.

വീണ്ടും പൌലൊസ് പറയുന്നു: നാം സ്നാനമേല്ക്കുമ്പോൾ ഏക ശരീരമായി മാറുന്നു (1 കൊരിന്ത്യർ 12:13). പക്ഷെ ശരീരം എന്താണ്? അതു സഭയാണ് (കൊലൊസ്യർ 1:18). എത്രയുണ്ട്? ഒന്നുമാത്രം (എഫെസ്യർ 4:4). ഒരാൾ എങ്ങനെ അതിൽ പ്രവേശിക്കും? അതാണ് കൊരിന്ത്യയിലുള്ളവർ ചെയ്തത് (പ്ര

വൃത്തി 18:8). ആകയാൽ ഒരാൾ ഇങ്ങനെ സ്നാനമേല്ക്കുമ്പോൾ ഏക സഭയോടു ചേർക്കപ്പെടുന്നു; അയാൾ അതിൽ അംഗമായി തീരുന്നു.

രക്ഷിക്കപ്പെടുവാൻ ഏക രീതിയാണ് ഉള്ളത്. കർത്താവാണ് രക്ഷിക്കയും സഭയോടു ചേർക്കുകയും ചെയ്യുന്നതു എന്നു നാം കണ്ടു കഴിഞ്ഞു. നിങ്ങൾ ബൈബിളിൽ വായിക്കുന്ന ഒരു സഭയിലെ അംഗമാണോ? ഇല്ലെങ്കിൽ നിങ്ങൾ രക്ഷിക്കപ്പെട്ടിട്ടില്ല. പരിശോധിക്കുക, വചനം വായിച്ച് മനസിലാക്കി കർത്താവിനെ അനുസരിക്കുക. എന്നാൽ അവൻ നിങ്ങളെ വ്യക്തിപരമായി രക്ഷിച്ച് അവന്റെ സഭയോട് ചേർക്കും.

## ചോദ്യങ്ങൾ

***ശരിയായ ഉത്തരങ്ങൾ എഴുതുക***

1. ഈ പാഠത്തിൽ സഭയെക്കുറിച്ചു കണ്ടത് ചുരുക്കി എഴുതുക?......................................................................................
......................................................................................
2. സഭക്കുവേണ്ടി മരിച്ചത് ആർ?......................................................................................
......................................................................................
3. എന്തുകൊടുത്താണ് സഭ സമ്പാദിച്ചത്?......................................................................................
......................................................................................
4. സഭയുടെ രക്ഷിതാവ് ആർ?......................................................................................
......................................................................................
5. സഭ പ്രാധാന്യമുള്ളതാണെന്ന് എങ്ങനെ അറിയാം?......................
......................................................................................
6. സഭ അപ്രധാനമെന്നു ചില ആളുകൾ പറയുന്നതെന്തുകൊണ്ട്?......................................................................................
......................................................................................

7. സഭ രക്ഷിക്കുമോ?..............................................................................
..........................................................................................................
8. രക്ഷിക്കപ്പെടുവാൻ ഒരാൾ സഭയിൽ അംഗമായിതീരണോ?..............................................................
..........................................................................................................
9. ജലപ്രളയത്തിൽ നിന്നും രക്ഷപ്രാപിക്കുവാൻ നോഹ് എവിടെ പ്രവേശിക്കേണ്ടതായിരുന്നു?..........................................
..........................................................................................................
10. പെട്ടകത്തിനു പുറത്തു രക്ഷയുണ്ടായിരുന്നോ?..............................
..........................................................................................................
11. രക്ഷിക്കപ്പെട്ടവരെ ആരാണ് സഭയോടു ചേർക്കുന്നത്?..................
..........................................................................................................
12. രക്ഷിക്കപ്പെടുന്നവരെ ആർ ചേർക്കുന്നു എന്നു കാണിക്കുന്ന വാക്യം?..............................................................
..........................................................................................................
13. ഒരാൾ വാസ്തവത്തിൽ രക്ഷിക്കപ്പെടുമ്പോൾ ആ വ്യക്തിസ്വാഭാവികമായും ഏതു സഭയിലെ അംഗമായിതീരും?..................
..........................................................................................................
14. കർത്താവിന്റെ സഭയിൽ നിങ്ങൾക്കു ചേരാൻകഴിയുമോ?.......
..........................................................................................................
15. സഭയിൽ പ്രവേശിക്കുന്നതിനുള്ള നിബന്ധനകൾ ഏവ?.......
..........................................................................................................
16. ഈ നിബന്ധനകൾ അനുസരിക്കാതെ ആർക്കെങ്കിലും രക്ഷപെടാൻ കഴിയുമോ?..............................................................
..........................................................................................................
17. സ്നാനം എന്നാൽ എന്ത്?..............................................................
..........................................................................................................
18. സ്നാനത്തിന്റെ ഉദ്ദേശം എന്ത്?..................................................
..........................................................................................................
19. രാജ്യം എന്നാൽ എന്ത്?..............................................................

..........................................................................................................

20. രാജ്യത്തിൽ പ്രവേശിക്കുന്നതിനുള്ള ഏക വഴി എന്താണ്?........

..........................................................................................................

21. ശരീരം എന്നാൽ എന്താണ്?..........................................................................

..........................................................................................................

22. എത്ര ശരീരം ഉണ്ട്?..................................................................................

..........................................................................................................

23. ശരീരത്തിൽ ഒരാൾ പ്രവേശിക്കുന്നതെങ്ങനെ?...........................

..........................................................................................................

24. രക്ഷിക്കപ്പെടുവാൻ എത്ര വഴികൾ ഉണ്ട്?.......................................

..........................................................................................................

25. സഭയിൽ പ്രവേശിക്കുന്നതിനു എത്ര വഴികൾ ഉണ്ട്?...................

..........................................................................................................

പാഠം 8

# സഭയുടെ ആരാധന

രക്ഷിക്കപ്പെട്ടവരുടെ സമൂഹമാണ് സഭ. അതിന്റെ ഉദ്ദേശം യേശുക്രിസ്തു മുഖാന്തരം ദൈവത്തെ ആരാധിക്കയും സേവിക്കയും ചെയ്ക എന്നതാണ്. "വാക്കിനാലോ ക്രിയയാലോ എന്തു ചെയ്താലും സകലവും കർത്താവായ യേശുവിന്റെ നാമത്തിൽ ചെയ്തും അവൻ മുഖാന്തരം പിതാവായ ദൈവത്തിനു സ്തോത്രം പറഞ്ഞും കൊണ്ടിരിപ്പിൻ" (കൊലൊസ്യർ 3:17).

മൂന്നു വിധത്തിലുള്ള ആരാധനയെ പുതിയനിയമം എടുത്തുകാണിക്കുന്നു. പൌലൊസ് അഥേനയിലായിരുന്നപ്പോൾ അവിടെ ബിംബങ്ങൾ നിറഞ്ഞിരുന്നതായി കണ്ടു.. അപ്പോൾ അവൻ പറഞ്ഞത്: "ഞാൻ ചുറ്റും നടന്നു നിങ്ങളുടെ പൂജാസ്ഥാനങ്ങളെനോക്കുമ്പോൾ 'അജ്ഞാത ദേവന്നു' എന്നു എഴുത്തുള്ള ഒരു വേദിക്കല്ലു കണ്ടു; എന്നാൽ നിങ്ങൾ അറിയാതെ പൂജിക്കുന്നതു തന്നേ ഞാൻ നിങ്ങളോടു അറിയിക്കുന്നു എന്നത്രെ (പ്രവൃത്തി 17:23). അന്നു അറിവില്ലാതെ ദൈവത്തെ ആരാധിച്ചിരുന്നതുപോലെ ഇന്നും ആളുകൾ അജ്ഞതയിൽ ദൈവത്തെ ആരാധിക്കുന്നുണ്ട്. കോടിക്കണക്കിനു ആളുകൾ വിഗ്രഹങ്ങളുടെ മുൻപിൽ വീണുവണങ്ങുന്നു. അതുപോലെ കോടിക്കണക്കിനു ആളുകൾ തിരുവെഴുത്തുകളെകുറിച്ചു ജ്ഞാനമില്ലാതെ തെറ്റായ മതപരമായ ആചാരങ്ങൾ അന്ധമായി ചെയ്യുന്നു.

രണ്ടാമതു, വെറുതെ ആരാധിക്കുന്നവർ ഉണ്ട്. അങ്ങനെ ആരാധിക്കുന്നവരെകുറിച്ച് കർത്താവു പറയുന്നതു: "മാനുഷകല്പനകളായ ഉപദേശങ്ങളെ അവർ പഠിപ്പിക്കുന്നതുകൊണ്ടു എന്നെ വ്യർത്ഥമായി ഭജിക്കുന്നു" എന്നത്രെ (മത്തായി 15:9). ഇന്നു

ഭൂരിഭാഗം ആളുകളും ഈ രീതിയിലാണ് ദൈവത്തെ ആരാധിക്കുന്നതു. അവർ ദൈവത്തെയാണ് ആരാധിക്കുന്നതു എന്നതു വാസ്തവം തന്നെ. പക്ഷെ അവർ പഠിപ്പിക്കുന്നതും ആചരിക്കുന്നതും ദൈവഹിതത്തിനു വിപരീതമായ മാനുഷകല്പനകളും സമ്പ്രദായങ്ങളും വെച്ചുകൊണ്ടാണ്. അതു ദൈവത്തിനിഷ്ടമല്ല.

മൂന്നാമതായി സത്യത്തിലുള്ള ആരാധന. ദൈവവചനം ഈ സത്യാരാധനയെ വ്യക്തമാക്കുന്നുണ്ട്. അതു സത്യത്തിലും ആത്മാവിലും ഉള്ള ആരാധനയാണ്. ക്രിസ്തുവിന്റെ പ്രസ്താവന നമുക്കു വായിക്കാം. ദൈവം ആത്മാവാകുന്നു: അവനെ നമസ്ക്കരിക്കുന്നവർ സത്യത്തിലും ആത്മാവിലും നമസ്ക്കരിക്കേണം (യോഹന്നാൻ 4:24). ദൈവത്തിനു സ്വീകാര്യമായ ഒരേ ഒരു ആരാധന ഇതു മാത്രമാണ്. അതു ക്രിസ്തുവിന്റെ കാലയളവിലും ഇന്നും അതുതന്നെയാണ് സത്യം. ദൈവ നിർദ്ദേശപ്രകാരം വിനയത്തോടെ ഗ്രഹിച്ചുകൊണ്ടുള്ള ആരാധനയാണിതു. ദൈവം ആരെയും നിർബ്ബന്ധിച്ച് ആരാധിപ്പിക്കുന്നില്ല. എന്നാൽ അവനെ നമസ്ക്കരിക്കുന്നവൻ എങ്ങനെ ചെയ്യണം എന്നു പറഞ്ഞിരിക്കുന്നു.

1. അവർ പഠിക്കാൻകൂടി വരുന്നു. ബാല്യം മുതൽ തിരുവെഴുത്തു പഠിച്ചിരുന്ന യുവ ഉപദേഷ്ടാവായിരുന്നു തിമൊഥെയോസ് എങ്കിലും പൌലൊസ് അവനെ പ്രബോധിപ്പിക്കുന്നുണ്ട് (2 തിമൊഥെയോസ് 3:15). "സത്യവചനത്തെ യഥാർത്ഥമായി പ്രസംഗിച്ചുകൊണ്ടു ലജ്ജിപ്പാൻ സംഗതിയില്ലാത്ത വേലക്കാരനായി ദൈവത്തിനു കൊള്ളാവുന്നവനായി നില്പാൻ ശ്രമിക്ക (2 തിമൊഥെയോസ് 2:15). എല്ലാ ക്രിസ്ത്യാനികൾക്കും ഇതു ബാധകമാണ്. പ്രത്യേകിച്ച് ആരാധനക്കായി കൂടിവരുമ്പോൾ ശ്രദ്ധിക്കേണ്ടതുമാണ്. കാരണം ദൈവം ഇന്നു മനുഷ്യരോടു സംസാരിക്കുന്നതു തന്റെ വചനത്തിൽകൂടെയാണ് (പ്രവൃത്തി 20:7). തിരുവെഴുത്തുകളെ പഠിപ്പിക്കുന്നതിനു പൌലൊസ് ഒരിക്കൽ പാതിര വരെ പ്രസംഗിക്കുന്നതായി നാം വായിക്കുന്നു.

2. അവർ പ്രാർത്ഥിക്കുന്നു. പെന്തെകൊസ്തു നാളിൽ സുവിശേഷം അനുസരിച്ചശേഷം നാം ഇപ്രകാരം വായിക്കുന്നു. അവർ അപ്പൊസ്തലന്മാരുടെ ഉപദേശം കേട്ടും കൂട്ടായ്മ ആചരിച്ചും അപ്പം നുറുക്കിയും പ്രാർത്ഥന കഴിച്ചും പോന്നു (പ്രവൃത്തി 2:42). പ്രാർത്ഥിക്കുമ്പോൾ, മക്കൾ, സ്വർഗ്ഗസ്ഥനായ പിതാവിനോടു സംസാരിക്കുകയാണ്. സഹക്രിസ്ത്യാനികളുമായി കൂടി 'വരുമ്പോൾ' അവർ പ്രാർത്ഥിക്കുന്നില്ലെങ്കിൽ അവരുടെ ചിന്തയിൽ എന്തായിരിക്കും എന്നോർക്കുക. നമ്മുടെ ആവശ്യങ്ങൾ ദൈവത്തോടു തുറന്നു പറയുവാൻ നാം തയ്യാറാകണം.

3. അവർ ദൈവത്തെ പാടി പുകഴ്ത്തുന്നു. "സങ്കീർത്തനങ്ങളാലും സ്തുതികളാലും ആത്മിക ഗീതങ്ങളാലും തമ്മിൽ സംസാരിച്ചും നിങ്ങളുടെ ഹൃദയങ്ങളിൽ കർത്താവിനു പാടിയും കീർത്തനം ചെയ്തും നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ നാമത്തിൽ ദൈവവും പിതാവുമായവന്നു എല്ലായ്പ്പോഴും എല്ലാററിനുവേണ്ടിയും സ്തോത്രം ചെയ്തുകൊൾവിൻ" (എഫെസ്യർ 5:19–20). കൊലൊസ്യർ 3:16; എബ്രായർ 13:15 എന്നീവാക്യങ്ങളും വായിക്കുക. വാച്യമായതും യാന്ത്രികമായതും ആയ രണ്ടുവിധം സംഗീതം നാം ഇന്നു കേൾക്കുന്നുണ്ട്. ദൈവം ആഗ്രഹിക്കുന്നതു ഏതു തരം സംഗീതമാണ്? വാച്യമായ കീർത്തനമാണ്. പൌലൊസ് പറഞ്ഞിരിക്കുന്നത്, നാം കർത്താവിനു ഹൃദയത്തിൽ പാടുവാനാണ്. അപ്പോൾ ഉപകരണങ്ങൾ ഉപയോഗിച്ചാൽ ദൈവത്തിന് ഇഷ്ടമല്ല എന്നു വരുന്നു. പ്രാരംഭ ക്രിസ്ത്യാനികൾ പാടി ദൈവത്തെ പുകഴ്ത്തി; ഹൃദയത്തിൽ നിന്നും വരുന്ന വാചകംകൊണ്ട് ഗീതങ്ങൾ ആലപിച്ചിരുന്നു. എന്നാൽ നൂറ്റാണ്ടുകൾ കഴിഞ്ഞപ്പോൾ മനുഷ്യർ ഉപകരണങ്ങൾ കൂടെ കൂട്ടിച്ചേർത്തു. പക്ഷെ ദൈവം അതിനു അനുമതി നല്കിയിട്ടില്ല; അംഗീകരിക്കയുമില്ല. ക്രിസ്ത്യാനികൾക്കു ദൈവ വചനത്തോടു കൂട്ടുചേർത്തു ഉപകരണങ്ങൾ ഉപയോഗിച്ച് പാട്ടു പാടാവുന്നതല്ല.

**4. കർത്താവിന്റെ മേശയിൽ നിന്നു പങ്കിടുവാൻ അവർ കൂടി വരുന്നു.** പ്രവൃത്തി 20:7 നമുക്കൊരു മാതൃകയാണ്. യേശു ക്രിസ്തുവിന്റെ ശരീരത്തിന്റെ ഓർമ്മയ്ക്കായി അപ്പത്തിൽ നിന്നു ഭക്ഷിക്കുകയും അവന്റെ രക്തത്തിന്റെ ഓർമ്മയ്ക്കായി പാനപാത്രത്തിൽ നിന്നു കുടിക്കുകയും ചെയ്യണം. ഇന്നും ഇതു നാം ചെയ്യണം.

**5. ധർമ്മം ശേഖരിച്ചു കൊടുക്കുന്നു.** വിശുദ്ധന്മാർക്കു വേണ്ടിയുള്ള ധർമ്മശേഖരത്തിന്റെ കാര്യത്തിൽ ഞാൻ ഗലാത്യ സഭയോടു ആജ്ഞാപിച്ചതുപോലെ നിങ്ങളും ചെയ്വിൻ. ഞാൻ വന്ന ശേഷം മാത്രം ശേഖരം ഉണ്ടാകാതിരിക്കേണ്ടതിനു ആഴ്ച്ചവട്ടത്തിൽ ഒന്നാം നാൾതോറും നിങ്ങൾ ഓരോരുത്തൻ തനിക്കു കഴിവുള്ളതു ചരതിച്ചു തന്റെ പക്കൽവെച്ചുകൊള്ളട്ടെ (1 കൊരിന്ത്യർ 16:1–2; 2 കൊരിന്ത്യർ 9:7).

ആദ്യ ക്രിസ്ത്യാനികൾ ദൈവത്തെ ആരാധിക്കുവാൻ ആഴ്ച്ചവട്ടത്തിന്റെ ഒന്നാം നാൾ കൂടി വന്നു (പ്രവൃത്തി 20:7; 1 കൊരിന്ത്യർ 16:1–2). സഭായോഗം മുടക്കരുതെന്നും, അന്യോന്യം പ്രബോധിപ്പിക്കണമെന്നും, നാൾ സമീപിക്കുന്നു എന്നു കാണുന്തോറും അതു അധികം ചെയ്യേണ്ടതാണെന്നും മുന്നറിയിച്ചിട്ടുണ്ട്. വളരെ ലളിതമായ ഒന്നാണ് ഈ ആരാധന എങ്കിലും പലരും ഇതിൽ ഇടറിവീഴുന്നു. ക്രിസ്ത്യാനികൾ ഇന്നും ആഴ്ച്ചവട്ടത്തിന്റെ ഒന്നാം ദിവസം മുടങ്ങാതെ ദൈവത്തെ ആരാധിക്കണം. ചിലർ വിചാരിക്കും എന്നും പോയി ആരാധിക്കേണ്ട ആവശ്യമില്ല എന്ന്. അവർ ദൈവവചനത്തെ തുച്ഛീകരിക്കയാണ്. ദൈവം കല്പിച്ചിരിക്കുന്ന ആരാധനയെ മാനിക്കാതെ, അനുസരിക്കാതെ, അതിനോടുകൂട്ടുകയോ കുറക്കുകയോ ചെയ്തു ദൈവത്തെ നമസ്കരിച്ചാൽ ദൈവകോപവും ശാപവുമായിരിക്കും ഫലം. ദൈവം കല്പിച്ചിട്ടുള്ള രീതിയിൽ തന്നെ ദൈവത്തെ അനുസരിച്ച് ആരാധിക്കണം.

## ചോദ്യങ്ങൾ

***ശരിയായ ഉത്തരങ്ങൾ നല്കുക***

1. സഭയെ എങ്ങനെ രൂപപ്പെടുത്തിയിരിക്കുന്നു?..........................

...........................................................................................

2. സഭയുടെ ഉദ്ദേശം എന്ത്?..............................................................

...........................................................................................

3. കർത്താവിന്റെ നാമത്തിൽ എന്താണ് ചെയ്യേണ്ടത്?.......................

...........................................................................................

4. ബൈബിളിൽ എത്ര തരം ആരാധനയെ നാം വായിക്കുന്നു?....

...........................................................................................

5. പൌലൊസ് അനേകം ബിംബങ്ങളെ കണ്ടതു എവിടെവെച്ച്?..

...........................................................................................

6. അവരുടെ ആരാധന എങ്ങനെയുള്ളതെന്നാണ് പൌലൊസ് പറഞ്ഞത്?...................................................................................

...........................................................................................

7. ഇന്നും ആളുകൾ ഈ വിധത്തിൽ ആരാധിക്കുന്നുണ്ടോ?.........

...........................................................................................

8. അവർ ദൈവത്തെ വ്യർത്ഥമായി ഭജിക്കുന്നു എന്നു പറഞ്ഞത് ആർ?...................................................................................

...........................................................................................

9. എന്തുകൊണ്ടു അവരുടെ ആരാധന വ്യർത്ഥം?............................

...........................................................................................

10. അങ്ങനെ പറയുന്ന വാക്യം ഏത്?..............................................

...........................................................................................

11. ഇന്നും വ്യർത്ഥമായി കർത്താവിനെ ആരാധിക്കുന്നവർ ഉണ്ടോ?..............................................................................................

12. സത്യത്തിലുള്ള ആരാധന എന്താണ്?......................................

..............................................................................................

13. യോഹന്നാൻ 4:24 ഉദ്ധരിക്കുക?.............................................

..............................................................................................

14. ആത്മാവിൽ ദൈവത്തെ നമസ്ക്കരിക്കുക എന്നു പറഞ്ഞാലെന്ത്?..............................................................................................

..............................................................................................

15. സത്യത്തിൽ ദൈവത്തെ നമസ്ക്കരിക്കുക എന്നു പറഞ്ഞാലെന്ത്?..............................................................................................

..............................................................................................

16. ദൈവം തന്റെ ജനങ്ങളിൽ നിന്നു ആവശ്യപ്പെടുന്ന ആരാധന ഏത്?..............................................................................................

..............................................................................................

17. കർത്താവിന്റെ ജനങ്ങൾ ദൈവത്തെ ആരാധിച്ചിരുന്ന രീതി നാം എവിടെ വായിക്കുന്നു?.............................................

..............................................................................................

18. ആരാധനയിൽ ഉൾപ്പെടുന്ന അഞ്ചു കാര്യങ്ങൾ എഴുതുക?......

..............................................................................................

19. ഇന്നു ദൈവം മനുഷ്യനോട് എങ്ങനെ സംസാരിക്കുന്നു?.......

..............................................................................................

20. ദൈവമക്കൾ ദൈവത്തോടു സംസാരിക്കുന്നതു എങ്ങനെ?....

..............................................................................................

21. രണ്ടു തരത്തിലുള്ള സംഗീതം എങ്ങനെയുള്ളതാണ്?.............

..........................................................................................................................

22. ദൈവം ആഗ്രഹിക്കുന്ന ഗീതം എങ്ങനെയുള്ളത്?......................

..........................................................................................................................

23. കർത്തൃമേശ എന്താണ്?...............................................................................

..........................................................................................................................

24. ക്രിസ്ത്യാനികൾ കൂടിവന്നു നമസ്ക്കരിക്കേണ്ടതു ഏതു ദിവസം?..........................................................................................

..........................................................................................................................

25. ദൈവത്തിന്റെ ആരാധനാ പദ്ധതിയോടു കൂട്ടുവാനോ അതിൽ നിന്നു എന്തെങ്കിലും എടുത്തുമാറ്റുവാനോ പാടുണ്ടോ?..........

..........................................................................................................................

പാഠം 9

# സഭയുടെ പ്രവൃത്തി

എന്തുകൊണ്ടു സഭ നിലനില്ക്കുന്നു? അതിന്റെ ഉദ്ദേശമെന്ത്? അതിന്റ പ്രവർത്തികൾ എന്ത് എന്നിവക്ക് ഉത്തരങ്ങൾ കണ്ടെത്താൻ നമുക്കു തിരുവെഴുത്തിലേക്കു നോക്കാം.

ആദ്യമായി സഭ ലൗകികമല്ലാത്തതുകൊണ്ടു അതിനു ലൗകിക സ്ഥാപനങ്ങളായ സ്കൂളുകളോ ആസ്പത്രികളോ നടത്താവുന്നതല്ല. പണമുണ്ടാക്കുന്ന രീതിയിൽ പുസ്തക പ്രകാശനമോ വില്പനയോ നടത്തുന്നില്ല. ഇവയെല്ലാം നല്ലതും വ്യക്തികൾ ആയ ക്രിസ്ത്യാനികൾക്കു ചെയ്യാവുന്നതുമാണ്. പക്ഷെ അതു സഭയുടെ പ്രവൃത്തിയല്ല. എന്നാൽ ഇന്നു മതപരമായ ലോകത്തിൽ അത്തരം സ്ഥാപനങ്ങൾ വർദ്ധിച്ച് വന്നതുകൊണ്ടു അവർ ദൈവപദ്ധതിയിലുള്ള ലക്ഷ്യവും ഉദ്ദേശവും പ്രവർത്തിയും മാറ്റികളഞ്ഞിരിക്കുന്നു.

1.സുവിശേഷപ്രസംഗം. യേശു, തന്റെ ഉയിർപ്പിനുശേഷവും സ്വർഗ്ഗാരോഹണത്തിനു മുൻപും തന്റെ ശിഷ്യന്മാരെ പഠപ്പിച്ചതു ഇതാണ്. ആകയാൽ നിങ്ങൾ പുറപ്പെട്ടു, പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ സ്നാനം കഴിപ്പിച്ചും ഞാൻ നിങ്ങളോടു കല്പിച്ചതു ഒക്കെയും പ്രമാണിപ്പാൻ തക്കവണ്ണം ഉപദേശിച്ചും കൊണ്ടു സകലജാതികളേയും ശിഷ്യരാക്കി കൊൾവിൻ; ഞാനോ ലോകാവസാനത്തോളം എല്ലാ നാളും നിങ്ങളോടു കൂടെ ഉണ്ടു എന്നു അരുളിച്ചെയ്തു (മത്തായി 28: 19 –20). പിന്നെ അവൻ അവരോടു: നിങ്ങൾ ഭൂലോകത്തിൽ ഒക്കെയും പോയി സുവിശേഷം പ്രസംഗിപ്പിൻ. വിശ്വസിക്കയും

സ്നാനം ഏല്ക്കുകയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും; വിശ്വസിക്കാത്തവൻ ശിക്ഷാവിധിയിൽ അകപ്പെടും (മർക്കൊസ് 16:15–16). പൌലൊസ്, യുവാവായിരുന്ന തിമൊഥെയോസിനെ പ്രബോധിപ്പിക്കുന്നതു, വചനം പ്രസംഗിക്ക, സമയത്തിലും അസമയത്തിലും ഒരുങ്ങി നില്ക്ക; സകല ദീർഘക്ഷമയോടും ഉപദേശത്തോടും കൂടെ ശാസിക്ക; തർജ്ജനം ചെയ്ക, പ്രബോധിപ്പിക്ക എന്നത്രെ (2 തിമൊഥെയോസ് 4:2). സുവിശേഷം പഠിപ്പിക്കേണ്ടതിനെക്കുറിച്ച് അടിസ്ഥാനപരമായ ഈ വാക്യങ്ങൾ മതിയാകുമല്ലോ.വേറെയും അനവധി വാക്യങ്ങൾ ഉണ്ട്.

അപ്പൊസ്തലന്മാരുടെ കാലയളവിൽ സഭ എന്താണ് ചെയ്തിരുന്നത്? കർത്താവു അംഗങ്ങളിൽ നിന്നു ആവശ്യപ്പെട്ടിരുന്നതു അവർ ചെയ്തു. അവർ വചനം സംസാരിച്ചു. അപ്പൊസ്തല പ്രവൃത്തികൾ മുഴുവൻ ഇതിനു ഉദാഹരണമാണ്. ഈ പരിവർത്തന സംഭവങ്ങളിലെല്ലാം ഒരു സുവിശേഷകൻ കർത്താവിന്റെ ഹിതം വെളിപ്പെടുത്തികൊടുക്കുന്നുണ്ട്. പ്രവൃത്തി 2,8,9,10,16 എന്നീ അദ്ധ്യായങ്ങൾ വായിക്കുക. ഈ സുവിശേഷീകരണവും ഉപദേശവും നിർവ്വഹിച്ചതു ആരായിരുന്നു എന്നു നോക്കുക. ചിതറിപോയവർ വചനം സംസാരിച്ചുകൊണ്ടു അവിടവിടെ സഞ്ചരിച്ചു (പ്രവൃത്തി 8:4).

അവർ എന്താണ് പ്രസംഗിച്ചത്? ചുരുക്കി പറഞ്ഞാൽ യേശുവിന്റെ ദൈവികത്വമാണ് അവർ പ്രസംഗിച്ചത്. ഒരാൾ രക്ഷിക്കപ്പെടാൻ എന്തു ചെയ്യണം; സഭയുടെ പ്രാധാന്യം, ആരാധനയിൽ അടങ്ങിയിരിക്കുന്ന കാര്യങ്ങൾ, ക്രിസ്തീയ ജീവിതത്തിന്റെ പ്രാധാന്യം തുടങ്ങിയവയെല്ലാം ഉൾപ്പെട്ടിരുന്നു. എന്നാൽ ക്രൂശിന്റെ വചനം നശിച്ചുപോകുന്നവർക്കു ഭോഷത്വവും രക്ഷിക്കപ്പെടുന്ന നമുക്കോ ദൈവശക്തിയും ആകുന്നു (1 കൊരിന്ത്യർ 1:18).

തന്റെ വചനം പ്രസംഗിക്കുവാൻ കർത്താവ് ആജ്ഞ കൊടുത്തു. കാരണം ഒരാൾക്കു വിശ്വാസം ഉണ്ടാകേണ്ടതു

ക്രിസ്തുവിന്റെ വചനം കേട്ടിട്ടായിരിക്കണം (റോമർ 10:17). അതു കൊണ്ടാണ് ക്രിസ്തു: "സത്യം നിങ്ങൾ അറിയും; സത്യം നിങ്ങളെ സ്വതന്ത്രരാക്കും" എന്നു പറഞ്ഞത് (യോഹന്നാൻ 8:32). കർത്താവിന്റെ നാമം വിളിച്ചപേക്ഷിക്കുന്നവൻ ഏവനും രക്ഷിക്കപ്പെടും. എന്നാൽ അവർ വിശ്വസിക്കാത്തവനെ എങ്ങനെ വിളിച്ചപേക്ഷിക്കും? അവർ കേട്ടിട്ടില്ലാത്തവനിൽ എങ്ങനെ വിശ്വസിക്കും? പ്രസംഗിക്കുന്നവൻ ഇല്ലാതെ എങ്ങനെ കേൾക്കും? ആരും അയക്കാതെ എങ്ങനെ പ്രസംഗിക്കും? (റോമർ 10:14). മനുഷ്യർ പാപം ചെയ്തു തങ്ങളെത്തന്നെ നഷ്ടപ്പെടുത്തിയതുകൊണ്ടാണ് ഇതെല്ലാം വേണ്ടിവരുന്നത് (റോമർ 6:23; 3:23). ദൈവസ്നേഹം നിമിത്തം ഒരു രക്ഷകനെ നമുക്കായി ഒരുക്കി. ആ രക്ഷകന്റെ ചട്ടങ്ങൾ നാം അനുസരിക്കണം (മർക്കൊസ് 16:16; റോമർ 1:16). ദൈവത്തെ അറിയാത്തവരും സുവിശേഷം അനുസരിക്കാത്തവരും നഷ്ടപ്പെട്ടു പോകും (2 തെസലൊനിക്യർ 1:7-9)

ദരിദ്രരെ സഹായിക്കുക. സഹായം ആവശ്യമുള്ളവരെ സംബന്ധിച്ച് സഭ കരുതലുള്ളവരായിരിക്കണം എന്ന മാതൃക കർത്താവിന്റെ വചനത്തിൽ നാം കാണുന്നുണ്ട്. സഹായിക്കുന്നതിനു ആവശ്യമായതു ശേഖരിക്കയും ചെയ്യേണ്ടതായിട്ടുണ്ട്. വിശ്വസിച്ചവർ എല്ലാവരും ഒരുമിച്ചിരുന്നു സകലവും പൊതുവക എന്നു എണ്ണുകയും ജന്മഭൂമികളും വസ്തുക്കളും വിറ്റു അവനവനു ആവശ്യം ഉള്ളതുപോലെ എല്ലാവർക്കുംപങ്കിട്ടു (പ്രവൃത്തി 2:45). ശിഷ്യന്മാർ പെരുകിയപ്പോൾ ദിനമ്പ്രതിയുള്ള അവരുടെ ശുശ്രൂഷകളിൽ യവനഭാഷക്കാരെ എബ്രായഭാഷക്കാർ ഉപേക്ഷയായി വിചാരിക്കുന്നു എന്ന പരാതി വന്നപ്പോൾ അപ്പൊസ്തലന്മാർ, ശിഷ്യന്മാരിൽ നിന്നു യോഗ്യതകൾ ഉള്ള ഏഴു പുരുഷന്മാരെ അതിനായി തിരഞ്ഞെടുത്തു. അവർ സഭയുടെ പ്രവൃത്തി ചെയ്തു വന്നു.

ദരിദ്രരായ സഹോദരന്മാരെ സഹായിക്കേണ്ടതിനു പൌലൊസ് യെരുശലേമിൽ പോകുന്നുണ്ട്. അതിനെക്കുറിച്ച്

പൌലൊസ് പറയുന്നതു ശ്രദ്ധിക്കുക. യെരുശലേമ്മിലെ വിശുദ്ധന്മാരിൽ ദരിദ്രരായവർക്കു ഏതാനും ധർമ്മോപകാരം ചെയ്‌വാൻ മക്കെദോന്യയിലും അഖായയിലും ഉള്ളവർക്കു ഇഷ്ടം തോന്നി (റോമർ 15:26). പൌലൊസ് കൊരിന്ത്യാ സഭക്കു എഴുതുമ്പോൾ ഓർമ്മിപ്പിക്കുന്നതു എന്തെന്നാൽ വിശുദ്ധന്മാർക്കുവേണ്ടിയുള്ള ധർമ്മശേഖരത്തിന്റെ കാര്യത്തിലോ ഞാൻ ഗലാത്യസഭകളോടു ആജ്ഞാപിച്ചതുപോലെ നിങ്ങളും ചെയ്‌വിൻ. ഞാൻ വന്നശേഷംമാത്രം ശേഖരം ഉണ്ടാകാതിരിക്കേണ്ടതിനു ആഴ്ച്ചവട്ടത്തിൽ ഒന്നാം നാൾ തോറും നിങ്ങളിൽ ഓരോരുത്തൻ തനിക്കുകഴിവുള്ളതു ചരതിച്ചു തന്റെ പക്കൽ വെച്ചുകൊള്ളണം (1 കൊരിന്ത്യർ 16:1–2).

ആരെയാണ് സഹായിക്കേണ്ടതു? സഭയിലെ ആവശ്യമുള്ളവർക്കാണ് നാം സഹായം ആദ്യമായി ചെയ്യേണ്ടതു. അതായതു ദരിദ്രർ, പ്രായാധിക്യത്തിലെത്തിയവർ, വിധവമാർ, അനാഥർ തുടങ്ങിയവരാണ് അവർ. " ആകയാൽ അവസരം കിട്ടുംപോലെ നാം എല്ലാവർക്കും വിശേഷാൽ സഹവിശ്വാസികൾക്കും നന്മ ചെയ്യുക" (ഗലാത്യർ 6:10). സ്വയമായി അദ്ധ്വാനിക്കാൻ കഴിയാത്തവരും ബന്ധുക്കൾ ആരും സഹായിക്കാത്തവരും ആയ നിരാലംബരായ ആളുകളെ ചിലപ്പോൾ തുടർച്ചയായി സഹായിക്കേണ്ടതായി വന്നേക്കാം. അതേ സമയം അയാൾ വിശ്വസ്ഥനായ ക്രിസ്ത്യാനിയായിരിക്കണം. ചോദിക്കുന്ന എല്ലാവർക്കും കൊടുക്കുവാൻ വേണ്ടിയുള്ളതല്ല കർത്താവിന്റെ പണം. അതു ശരിയായിമാത്രമെ വിനിയോഗിക്കാവു.

സഭയ്ക്കു കഴിയുമെങ്കിൽ സഭയിലുള്ളവരെ മാത്രമല്ല, പുറത്തുള്ളവരായ ആവശ്യക്കാരെയും സഹായിക്കാം. യാക്കൊബ് 1:27; യാക്കൊബ് 2–ാം അദ്ധ്യായം വായിക്കുക. സുവിശേഷം ആളുകളിൽ എത്തിക്കുവാനുള്ള അവസരവും ഇതു മുഖാന്തരം കിട്ടും.

പക്ഷെ ഇങ്ങനെ സഹായിക്കാൻ പണം എവിടെ നിന്നുണ്ടാകും? അവയവങ്ങളാകുന്ന അംഗങ്ങളിൽ നിന്നു വരുന്നതാണ്

അതു (1 കൊരിന്ത്യർ 16:1–2; 2 കൊരിന്ത്യർ 9:6–7). അതിന്റെ അർത്ഥമോ, ക്രിസ്ത്യാനികൾ സഭക്കു കൊടുക്കുന്നതിൽ പരാജയപ്പെട്ടാൽ ആവശ്യമുള്ളവരെ സഹായിക്കുക ദുഷ്ക്കരമായിരിക്കും.

3. **സഭയെ ഉന്നതിയിൽ എത്തിക്കുക.** സഭയിലെ അംഗങ്ങളെ ആത്മീയമായി ഉത്തേജിപ്പിച്ച്, സഹായിച്ച് വളർത്തി, ശക്തിയെടുത്തു പണിയുന്നതിനെയാണ് ഉന്നതിയിൽ എത്തിക്കുക എന്നു പറഞ്ഞാൽ. സഭയുടെ അഭിവൃദ്ധിക്കു ആവശ്യമായ കാര്യങ്ങൾ എന്തെല്ലാം? ദൈവവചനം, കൂട്ടായ്മ, ആരാധനയിൽ പങ്കെടുക്കുക, ഓരോരുത്തർക്കും ആവശ്യമുള്ള സഹായം നല്കുക, സൽപ്രവൃത്തി ചെയ്യുക, സ്നേഹിക്കുക തുടങ്ങിയവയാണ് അവയിൽ ചിലതു (പ്രവൃത്തി 9:31; റോമർ 14:19; 1 കൊരിന്ത്യർ 8:1; 1 തെസലോനിക്യർ 5:11; 1 കൊരിന്ത്യർ 14:26; 2 കൊരിന്ത്യർ 12:19; എഫെസ്യർ 4:12 എന്നീ വാക്യങ്ങൾ വായിക്കുക.

ചുരുക്കി പറഞ്ഞാൽ ഇതെങ്ങനെ സാധിക്കും എന്നു സംശയിക്കുന്നവർ ഉണ്ട്. ലോകപ്രകാരമുള്ള സംഘടനയോ, ഒരു മാനുഷികതലയോ കേന്ദ്രസ്ഥാനമോ പ്രത്യേക പണപ്പിരിവോ ഇല്ലാതെ എങ്ങനെ പ്രവർത്തനങ്ങൾ നടക്കും എന്നതാണ് അവരുടെ ഉള്ളിൽ. എന്നാൽ ദൈവവേലക്കു ദൈവത്തിന്റെ ഏകമാർഗ്ഗമാണ് ഏറ്റവും നല്ല വഴി. അങ്ങനെ നാം ഇവിടെ ആയിരിക്കുന്നതിന്റെ ഉദ്ദേശം അവന്റെ ഇഷ്ടപ്രകാരം നിറവേറ്റാം. ക്രിസ്തു സഭയുടെ തലയായിരിക്കെ ഓരോ ഇടവകയും ഓരോ അംഗവും അതാതു പങ്കു വഹിക്കണം. സഭയുടെ പ്രവർത്തനം അഭംഗുരം നടക്കുവാൻ അവയവങ്ങൾ ഓരോരുത്തരും തങ്ങൾക്കുള്ളതു ദൈവ വേലക്കായി കൊടുക്കണം.

സുവിശേഷപ്രസംഗം, ആവശ്യമുള്ളവരെ സഹായിക്കൽ, സഭാംഗങ്ങളെ പ്രോത്സാഹിപ്പിക്കൽ എന്നിവയുടെ എല്ലാം അന്തിമ ലക്ഷ്യം ആത്മാക്കളുടെ രക്ഷയും ദൈവനാമ മഹത്വവും ആയിരി

ക്കണം. ദൈവവചനത്തിനു അന്യമായതാണ്, സഭ രാഷ്ട്രീയവും വ്യാവസായികവുമായ പ്രവർത്തനങ്ങളിലും സാമൂഹ്യസേവനങ്ങളിലും മാത്രം നിലകൊള്ളുക എന്നതു. കർത്താവിന്റെ സഭ ഒരു ആത്മീയ സംഘടനയാണ്. അതു ലോകത്തിലാണ് പക്ഷെ ലോകത്തിനു കീഴ്പ്പെടുകയല്ല, ക്രിസ്തുവിനു കീഴ്പ്പെട്ടിരിക്കയാണ് വേണ്ടതു. ദൈവത്തെ അനുസരിക്കുകയും മനുഷ്യരെ സേവിക്കുകയും എല്ലാവരുടേയും നിർമ്മലവും പരിശുദ്ധവുമായ ആത്മാവിന്റെ രക്ഷക്കുവേണ്ടി പ്രവർത്തിച്ച് സൃഷ്ടികർത്താവായ ദൈവത്തിനു പുകഴ്ച്ച കൊടുക്കണം. ഇതാണ് കർത്താവിന്റെ സഭ, അതിന്റെ പ്രവർത്തനം, ഘടന എന്നിവ.

### *ചോദ്യങ്ങൾ*

*ദയവായി ശരിയായ ഉത്തരങ്ങൾ എഴുതുക.*

1. കർത്താവിന്റെ സഭ എന്തു ചെയ്യരുത്?..............................................

..................................................................................................

2. മതവിഭാഗങ്ങൾ വിവിധതരത്തിലുള്ള വ്യാപാരങ്ങളിൽ ഏർപ്പെടുന്നതുകൊണ്ടു അവർ തെറ്റുകാരാണോ?..............................................

..................................................................................................

3. സഭയുടെ പ്രവർത്തനം എന്താണ്?..............................................

..................................................................................................

4. മത്തായി 28:19,20, മർക്കൊസ് 16:15-16 എന്നീ വാക്യങ്ങളിൽ കർത്താവിന്റെ കല്പന എന്ത്?..............................................

..................................................................................................

5. പ്രാരംഭ ക്രിസ്ത്യാനികൾ ചിതറി പോയപ്പോൾ അവർ എന്തു ചെയ്തു?..............................................

.......................................................................................................

6. അവരുടെ പ്രസംഗത്തിലെ ചില വിഷയങ്ങൾ എന്തായിരുന്നു?

.......................................................................................................

.......................................................................................................

7. വിശ്വാസം എങ്ങനെ വരുന്നു?..................................................

.......................................................................................................

8. നമ്മെ സ്വതന്ത്രമാക്കുന്നതു എന്ത്?.......................................

.......................................................................................................

9. മനുഷ്യൻ എങ്ങനെ രക്ഷപ്രാപിക്കുന്നു?...................................

.......................................................................................................

10. ആരാണ് നഷ്ടപ്പെടുന്നവർ?....................................................

.......................................................................................................

11. സഹായം ആവശ്യമുള്ളവരെകുറിച്ച് സഭ കരുതണോ?.........

.......................................................................................................

12. യെരുശലേമിലെ ദരിദ്രരായ വിശുദ്ധന്മാരെ സഹായിക്കുവാൻ ആരാണ് ധർമ്മശേഖരം നടത്തിയത്?.........................................

.......................................................................................................

13. എല്ലാവരേയും സഹായിക്കേണ്ടതുണ്ടോ?..................................

.......................................................................................................

14. ഏതു കൂട്ടരെയാണ് ആദ്യം സഹായിക്കേണ്ടത്?..................

.......................................................................................................

15. സഹായം ചെയ്യുന്നതിലുള്ള പരിധി വിവരിക്കുക?..................

.......................................................................................................

16. സഭയ്ക്കു പുറത്തുള്ളവരേയും സഹായിക്കണോ?..................

................................................................................................

17. ആവശ്യമുള്ളവരെ സഹായിക്കാൻ പണം എവിടെ നിന്നു കിട്ടും?..........................................................................

................................................................................................

18. എപ്പോഴാണ് പണം ശേഖരിക്കേണ്ടത്?........................................

................................................................................................

19. പ്രബുദ്ധമാക്കുക എന്നതിനെ നിർവ്വചിക്കുക?....................

................................................................................................

20. നമ്മെ പ്രബുദ്ധമാക്കുന്ന കാര്യങ്ങൾ എഴുതുക?..................

................................................................................................

21. എങ്ങനെ ദൈവത്തിനു പുകഴ്ച്ചയും മഹത്വവും കൊടുക്കും?

................................................................................................

22. സഭയുടെ തല ആർ?............................................................................

................................................................................................

23. സഭയുടെ പ്രവർത്തനത്തിന്റെ ഉദ്ദേശം എന്ത്?..........................

................................................................................................

24. സഭ, ലോകത്തിനു കീഴ്പ്പെടുമോ?..................................................

................................................................................................

25. സഭയ്ക്കു ചെയ്യാവുന്ന പ്രവർത്തിയും ചെയ്യരുതാത്തവയും എഴുതുക?..................................................................................

................................................................................................

# പാഠം 10
# സഭയുടെ ഐക്യം

സഭയുടെ ഐക്യത്തിനു വേണ്ടി മറ്റെന്തിനേക്കാളും ദാഹിക്കുന്നവരാണ് മത വിഭാഗങ്ങൾ. എല്ലായിടത്തുമുള്ള മനുഷ്യരുടെ സങ്കല്പങ്ങളാണ് എക്യൂമെനിക്കൽ പ്രസ്ഥാനം. ഇതിന്റെ കാരണം ഏറി വരുന്ന ഭിന്ന വിഭാഗങ്ങളാൽ ആളുകൾ ക്ഷീണിതരായി തീർന്നു. എങ്കിലും അവർക്കു ഐക്യത പ്രായോഗികമാക്കാൻ കഴിഞ്ഞിട്ടില്ല. അതു അവർ വിയോജിപ്പുകളിൽ നിന്നുകൊണ്ടു യോജിച്ച് നിലകൊള്ളാൻ ശ്രമിക്കുന്നതുകൊണ്ടാണ്. അതുകൊണ്ട് എന്താണ് ഇതിനുള്ള ഉത്തരം? ഉത്തരം ബൈബിളിൽ കിടക്കുന്നു. മനുഷ്യർ തങ്ങളുടെ മാനുഷിക ഉപദേശങ്ങളും, ആചാരങ്ങളും, പേരുകളും സഭകളും പ്രമാണങ്ങളും എല്ലാം മാറ്റി നിർത്തി നിഷ്പ്പക്ഷമായി ബൈബിൾ വായിച്ച് ശരിയായ ഐക്യതയിലേക്കുവരണം. തിരുവെഴുത്തു വിശ്വസിച്ച്, അനുസരിച്ച്, അതിൻപ്രകാരം ആരാധിച്ച് പോകാൻ തയ്യാറായാൽ അതു സാദ്ധ്യമാകും. എല്ലാവരും വചനം പഠിപ്പിക്കുന്നതു സ്വീകരിക്കണം, അതുമാത്രം വിശ്വസിക്കയും പഠിപ്പിക്കയും വേണം. അങ്ങനെയായാൽ യോഹന്നാൻ 17-ാം അദ്ധ്യായത്തിൽ യേശു പ്രാർത്ഥിച്ചതുപോലെ എല്ലാവരും ഒന്നായിരിക്കുകയും പ്രവർത്തിക്കയും സ്വർഗ്ഗത്തിൽ പോകയും ചെയ്യും. യഥാർത്ഥമായ ഐക്യത ഇതാണ്.

ഭിന്നതയെ തിരുവചനം ഖണ്ഡിക്കുന്നു. സഹോദരന്മാർക്കിടയിൽ വഴക്കുണ്ടാക്കുന്നവരേയും ഭിന്നിപ്പ് ഉണ്ടാക്കുന്നവരെയും ദൈവം വെറുക്കുന്നു (സദൃശവാക്യങ്ങൾ 6:10). കൊരിന്ത്യസഭയിൽ ഭിന്നത കടന്നുവന്നപ്പോൾ അതു മുളയിലേ നുള്ളികളയുവാൻ അപ്പൊസ്തലനായ പൌലൊസ് ലേഖനം എഴുതുന്നു

(1 കൊരിന്ത്യർ 1) "സഹോദരന്മാരേ, നിങ്ങൾ എല്ലാവരും ഒന്നു തന്നെ സംസാരിക്കയും നിങ്ങളുടെ ഇടയിൽ ഭിന്നത ഭവിക്കാതെ ഏക മനസിലും ഏകാഭിപ്രായത്തിലും യോജിച്ചിരിക്കയും വേണം എന്നു ഞാൻ നിങ്ങളെ നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ നാമം ചൊല്ലി പ്രബോധിപ്പിക്കുന്നു" എന്നത്രെ. അവരുടെ ഭിന്നിപ്പ് തെറ്റാണെന്നു ബോധ്യപ്പെടുത്തുവാൻ മൂന്നു ചോദ്യങ്ങൾ ചോദിക്കുന്നു. 1. ക്രിസ്തു വിഭജിക്കപ്പെടുന്നുവോ? പൌലൊസ് നിങ്ങൾക്കു വേണ്ടി ക്രൂശിക്കപ്പെട്ടുവോ? നിങ്ങൾ പൌലൊസിന്റെ നാമത്തിലോ സ്നാനമേറ്റത്? ഇതിനെല്ലാം ഇല്ല എന്ന ഉത്തരം മാത്രമെ അവർക്കു നല്കുവാനുണ്ടായിരുന്നുള്ളു. അതുകൊണ്ട് അവർക്കു ഭിന്നത മൂലം ലജ്ജിക്കേണ്ടിവന്നു.

റോമയിലെ സഹോദരന്മാർക്കു അതേ പൌലൊസ് ലേഖനമെഴുതുമ്പോൾ സഹോദരന്മാരേ, നിങ്ങൾ പഠിച്ച ഉപദേശത്തിനു വിപരീതമായ ദ്വന്ദ്വപക്ഷങ്ങളെയും ഇടർച്ചകളെയും ഉണ്ടാക്കുന്നവരെ സൂക്ഷിച്ചുകൊള്ളണമെന്നു ഞാൻ നിങ്ങളെ പ്രബോധിപ്പിക്കുന്നു. അവരോടു അകന്നു മാറുവിൻ. അങ്ങനെയുള്ളവർ നമ്മുടെ കർത്താവായ ക്രിസ്തുവിനെ അല്ല, തങ്ങളുടെ വയറ്റിനെയത്രെ സേവിക്കുകയും ചക്കരവാക്കും മുഖസ്തുതിയും പറഞ്ഞു സാധുക്കളുടെ ഹൃദയങ്ങളെ വഞ്ചിച്ചുകളകയും ചെയ്യുന്നു എന്നു രേഖപ്പെടുത്തിയിരിക്കുന്നു (റോമർ 16:17–18). നിങ്ങൾ ക്രിസ്തുവിനോടുകൂടെ ലോകത്തിന്റെ ആദ്യപാഠങ്ങൾ സംബന്ധിച്ചു മരിച്ചു എങ്കിൽ ലോകത്തിൽ ജീവിക്കുന്നവരെ പോലെ മാനുഷകല്പനകൾക്കും ഉപദേശങ്ങൾക്കും അനുസരണമായി, പിടിക്കരുത്, രുചിക്കരുത്, തൊടരുത് എന്നുള്ള ചട്ടങ്ങൾക്കു കീഴ്പ്പെടുന്നതു എന്ത്? ഇതെല്ലാം ഉപയോഗത്താൽ നശിച്ചുപോകുന്നതത്രെ ( കൊലൊസ്യർ 2:20–22).

ഇതെല്ലാം തെളിയിക്കുന്നതു, മാനുഷകല്പനകളും ഉപദേശങ്ങളും ബൈബിളിനപ്പുറമായി എഴുതപ്പെട്ട വിശ്വാസ പ്രമാണങ്ങൾ എന്നിവയെല്ലാം ഭിന്നതയാണ് വരുത്തി തീർക്കുന്നത്. യേശു

ക്രിസ്തുവിന്റെ കല്പനപ്രകാരം അവനെ പിൻപറ്റുമ്പോഴേ ശരിയായ ഐക്യത വരുന്നുള്ളു. യേശുക്രിസ്തുവിന്റെ അവസാന പ്രാർത്ഥന ശ്രദ്ധിക്കുക. "അപ്പൊസ്തലന്മാരുടെ വചനത്താൽ ക്രിസ്തുവിൽ വിശ്വസിപ്പാനിരിക്കുന്നവർക്കു വേണ്ടിയും ക്രിസ്തു അപേക്ഷിക്കുന്നു. പിതാവ് ക്രിസ്തുവിനെ അയച്ചു എന്നു ലോകം വിശ്വസിപ്പാൻ അവർ എല്ലാവരും ഒന്നാകേണ്ടതിനു പിതാവേ നീ എന്നിലും ഞാൻ നിന്നിലും ആകുന്നതുപോലെ അവരും നമ്മിൽ ആകേണ്ടതിന്നു തന്നേ" (യോഹന്നാൻ 17:20–21).

ക്രിസ്തു അസാദ്ധ്യമായതിനുവേണ്ടിയാണോ പ്രാർത്ഥിച്ചത്? അല്ല തീർച്ചയായും ഐക്യതയുണ്ടാകും. എപ്പോൾ? നാം ക്രിസ്തുവിനെ പിൻപറ്റുമ്പോൾ. മനുഷ്യരുടെ ഉപദേശങ്ങൾ നമ്മെ വിഭജിക്കുമെങ്കിൽ ബൈബിൾ ഉപദേശം നമ്മെ യോജിപ്പിക്കും.

എഫെസ്യർ 4:1–6 വരെയുള്ള വാക്യങ്ങളിൽ ഐക്യതക്കുള്ള ഒരു വ്യവസ്ഥ കാണാം "കർത്തൃസേവ നിമിത്തം ബദ്ധനായിരിക്കുന്ന ഞാൻ പ്രബോധിപ്പിക്കുന്നതു: നിങ്ങളെ വിളിച്ചിരിക്കുന്ന വിളിക്കു യോഗ്യമാംവണ്ണം പൂർണ്ണവിനയത്തോടും സൗമ്യതയോടും ദീർഘക്ഷമയോടും കൂടെ നടക്കയും സ്നേഹത്തിൽ അന്യോന്യം പൊറുക്കുകയും ആത്മാവിന്റെ ഐക്യത സമാധാനബന്ധത്തിൽ കാപ്പാൻ ശ്രമിക്കയും ചെയ്വിൻ. നിങ്ങളെ വിളിച്ചപ്പോൾ ഏക പ്രത്യാശക്കായി നിങ്ങളെവിളിച്ചതുപോലെ ശരീരം ഒന്നു, ആത്മാവു ഒന്ന്, കർത്താവ് ഒരുവൻ, വിശ്വാസം ഒന്ന്, സ്നാനം ഒന്ന്, എല്ലാവർക്കും മീതെയുള്ളവനും, എല്ലാവരിലും കൂടി വ്യാപരിക്കുന്നവനും എല്ലാവരിലും ഇരിക്കുന്നവനുമായ എല്ലാവർക്കും ദൈവവും പിതാവുമായവൻ ഒരുവൻ" വാസ്തവത്തിൽ ഐക്യതയ്ക്കുവേണ്ടിയുള്ള അപേക്ഷയാണിത്.

ഞാൻ എന്റെ സഭ പണിയും എന്ന ക്രിസ്തുവിന്റെ പ്രസ്താവനയിൽ ഐക്യത അടങ്ങിയിരിക്കുന്നു (മത്തായി 16:18). അവന്റെ ആത്മീയ ശരീരം ഒന്നുമാത്രം (1 കൊരിന്ത്യർ 12:27). ക്രിസ്തു

വാണ് ആ സഭയുടെ തല. രണ്ടു തലയോ, രണ്ടു ശരീരമോ ഉള്ളതായി ക്രിസ്തുവിനെ ആരും കുറ്റപ്പെടുത്തുകയില്ല. ദൈവത്തിന്റെ ആലയവും ഭവനവുമായിട്ടാണ് സഭയെ വിവരിച്ചിരിക്കുന്നത് ( 1 തിമൊഥെയോസ് 3:15). എത്ര ഭവനങ്ങളും ആലയങ്ങളും ഉണ്ട്? ഒന്നുമാത്രം. ക്രിസ്തു രാജാവായിട്ടുള്ള ഏക രാജ്യമാണ് കർത്താവിനുള്ളതു (യോഹന്നാൻ 3:3–5; കൊലൊസ്യർ 4:11; 1 തിമൊഥെയോസ് 6:15). രാജ്യവും രാജാവും ഒന്നു മാത്രം.

നാമധേയ വിഭാഗങ്ങൾ എന്ന ചിന്ത തന്നെ ബൈബിളിനു വിരുദ്ധമാണ്. ബൈബിളോ ഐക്യതയും, വിശുദ്ധിയും, തികവും പൂർണ്ണതയും നമ്മെ കാണിക്കുന്നു. ഏതും വിശ്വസിക്കാം, എന്തും ആചരിക്കാം, എങ്ങനെയും ആരാധിക്കാം എന്ന രീതിയിലുള്ളകൂട്ടങ്ങൾക്ക് ഒന്നും കർത്താവിന്റെ അംഗീകാരം ലഭിക്കയില്ല. ക്രിസ്തുവിനുള്ളവർ ആകുവാൻ ആഗ്രഹിക്കുന്നവർ അവന്റെ ഉപദേശത്തിൽ വിശ്വസിച്ച്, രക്ഷിക്കപ്പെട്ട്, സത്യത്തിലും ആത്മാവിലും ആരാധിക്കയും യോജിച്ചിരിക്കയും ചെയ്യും. ക്രിസ്തു വിഭജിക്കപ്പെട്ടിട്ടില്ല, സഭയും വിഭജിക്കപ്പെട്ടിട്ടില്ല. വിഭജിക്കപ്പെട്ട് ഒന്നും കർത്താവിന്റേതല്ല, ക്രിസ്തുവിന്റെ പ്രാർത്ഥനക്കു വിരോധമാണ് ഭിന്നത.

### ചോദ്യങ്ങൾ

*ശരിയായ ഉത്തരങ്ങൾ നല്കുക.*

1. സഭയുടെ ഐക്യതക്കുവേണ്ടി എന്തെങ്കിലും അപേക്ഷയുണ്ടോ?..........................................................................

2. ഐക്യതക്കുവേണ്ടിയുള്ള ഇത്രയും താല്പര്യത്തിനു കാരണം എന്ത്?..........................................................................

..........................................................................

3. വിയോജിപ്പിൽ യോജിപ്പുള്ള നാമധേയ വിഭാഗങ്ങൾക്കു അങ്ങനെ യോജിക്കാൻ കഴിയുമോ?...................................................................

.......................................................................................................

4. ഐക്യതക്കുള്ള ഉത്തരം എന്ത്?..................................................

.......................................................................................................

5. ഐക്യതക്കായി മനുഷ്യർ വിട്ടുകളയേണ്ടതു എന്ത്?.................

.......................................................................................................

6. നാം ഒന്നായി തീരേണ്ടതിനു ആരാണ് പ്രാർത്ഥിച്ചത്?..............

.......................................................................................................

7. ഐക്യതയുടെ ഫലം എന്തായിരുന്നു?.........................................

.......................................................................................................

8. തിരുവെഴുത്തു ഭിന്നതയെ ഖണ്ഡിക്കുന്നുണ്ടോ?.........................

.......................................................................................................

9. കർത്താവു വെറുക്കുന്നതു ആരെ?..............................................

.......................................................................................................

10. 1 കൊരിന്ത്യർ 1:10 എഴുതുക?..................................................

.......................................................................................................

11. കൊരിന്ത്യ സഭയോടു പൌലൊസ് ചോദിച്ച മൂന്നു ചോദ്യ ങ്ങൾ ഏവ?...........................................................................................

12. ഏതു തരം ആളുകളെയാണ് സൂക്ഷിക്കേണ്ടത്?........................

.......................................................................................................

13. അവർ ആരെയാണ് സേവിക്കുന്നത്?...........................................

.......................................................................................................

14. നാം അവയെ ഉപേക്ഷിക്കണോ?.................................................

.......................................................................................................

15. കർത്താവിനെ വെറുതെ ആരാധിക്കുന്നതു ആരാണ്?..................

..........................................................................................

16. ക്രിസ്തു പ്രാർത്ഥിച്ചതു എന്തിനുവേണ്ടി?...................................

..........................................................................................

17. അസാദ്ധ്യമായതിനാണോ ക്രിസ്തു പ്രാർത്ഥിച്ചത്?..................

..........................................................................................

18. ഐക്യതക്കുള്ള വ്യവസ്ഥ എന്ത്?..............................................

19. അവ എല്ലാം എത്ര എന്നു പറഞ്ഞിരിക്കുന്നു?..........................

..........................................................................................

20. യേശുക്രിസ്തു എത്ര സഭ പണിതു?..............................................

..........................................................................................

21. സഭ എന്താണ്?..........................................................................

..........................................................................................

22. അതിന്റെ തല ആരാണ്?..............................................................

..........................................................................................

23. ക്രിസ്തുവിനു ഒന്നിലധികം ശരീരമോ തലയോ ഉണ്ടോ?.........

..........................................................................................

24. കർത്താവിനു എത്ര ഭവനങ്ങൾ ഉണ്ട്?...................................

..........................................................................................

25. ദൈവവചനം നമ്മെ യോജിപ്പിക്കയാണോ ഭിന്നിപ്പിക്കയാണോ?

..........................................................................................

## പാഠം 11

# സഭയുടെ തത്വസംഹിത

മതപരമായ വിശ്വാസസംഹിതയാണ് ഈ തത്വസംഹിത എന്നതിന്റെ നിർവ്വചനം. അപ്പൊസ്തൊലിക സുന്നഹദോസ്, നിഖ്യാസുന്നഹദോസ് എന്നിവയാണ് ഇതു കേൾക്കുമ്പോൾ ഒരാളുടെ ചിന്തയിൽ വരുന്നത്. എങ്ങനെയായാലും ഇതു രണ്ടും ബൈബിളിനു അന്യമാണ്. നാമധേയ വിഭാഗങ്ങളിൽ എല്ലാം മനുഷ്യനിർമ്മിത വിശ്വാസപ്രമാണങ്ങൾ അവരുടെ അച്ചടക്കത്തിനും വിശ്വാസം ഏറ്റു പറയുന്നതിനും ഭരണസംവിധാനത്തിനുമായി ഉണ്ടായിട്ടുണ്ട്. ഇതെല്ലാം ദൈവവചനത്തിൽ മായം കലർത്തുന്നതിനു തുല്ല്യമാണ്.

ബൈബിളിനപ്പുറമായി കാണപ്പെടുന്ന ഏതൊരു വിശ്വാസ സംഹിതത്വവും അധികപ്പറ്റാണ്. ബൈബിളിൽ പ്രതിപാദിക്കുന്നതിനുകുറവുള്ള തത്വസംഹിതവും ദൈവ സന്നിധിയിൽ കുറവുള്ളതു തന്നെ. ബൈബിളിൽ ഉള്ളതല്ലാതെ മറ്റൊന്നും ഇല്ലാത്ത വിശ്വാസപ്രമാണമാണെങ്കിൽ അതിന്റെ ആവശ്യം തന്നെ ഉദിക്കുന്നില്ല. കാരണം നമുക്കു ബൈബിൾ ഉണ്ടല്ലൊ. നാം ബൈബിളിനോടു കൂട്ടുവാനോ അതിൽ നിന്നും ഒന്നും എടുത്തുമാറ്റുവാനോ പാടില്ല (ഗലാത്യർ 1:6–9; വെളിപ്പാട് 22:18–19). ബൈബിൾ പൂർണ്ണതയുള്ളതാകയാൽ അതിനു പകരമായി മറ്റൊന്നില്ല (2 തിമൊഥെയോസ് 3: 16–17; യാക്കൊബ് 1:25). നാം ദൈവത്തിന്റെ അരുളപ്പാട് മാത്രമെ പ്രസ്താവിക്കാവു (1 പത്രൊസ് 4:11). അതുകൊണ്ടു ആധികാരികമായ മറ്റൊരു പുസ്തകത്തിന്റെ ആവശ്യമില്ല.

ഇന്നു മതപരമായ ആളുകൾ വിഭജിക്കപ്പെട്ടിരിക്കുന്നതു അവർ ബൈബിൾ സ്വീകരിച്ചതുകൊണ്ടല്ല; പിന്നെയോ അവർ മനു

ഷ്യനിർമ്മിതസംഗതികൾ കൈക്കൊണ്ടതിനാലാണ്. ഓരോ സഭയ്ക്കു അതിന്റേതായ നിയമാവലികളും ചട്ടക്കൂടും ഉണ്ട് എന്നു പറഞ്ഞു കേൾക്കാറുണ്ട്. അവർ തിരുവചനം വിട്ടുപോയി എന്നു സമ്മതിക്കുന്നതിന്റെ തെളിവാണിത്. എത്ര ഖേദകരമാണെന്നു നോക്കു. ആകയാൽ ഞങ്ങളുടെ അപേക്ഷ എന്തെന്നാൽ എല്ലാവരും ഇത്തരം വിശ്വാസതത്വസംഹിതകൾ ഉപേക്ഷിച്ചു ബൈബിളിലേക്കു മടങ്ങിവരുവാനാണ്. ദൈവവചനം ഒരിക്കലും നമ്മെ ഭിന്നിപ്പിക്കുന്നില്ല. അതു നമ്മെ ക്രിസ്തുവിൽ യോജിപ്പിക്കയത്രെ ചെയ്യുന്നത്.

കർത്താവിന്റെ സഭയിലെ വിശ്വാസസംഹിത എന്തു? ക്രിസ്തു അല്ലാതെ നമുക്ക് ഒരു രക്ഷകനോ ബൈബിൾ അല്ലാതെ മറ്റൊരു വിശ്വാസപ്രമാണമോ ഇല്ല. മതപരമായി നമുക്കുള്ള അഭിപ്രായങ്ങളും വിലയില്ലാത്തതാണ്. നമുക്കു സ്വയമായ ബൈബിൾ വ്യാഖ്യാനമില്ല. അതിലെ ഉപദേശങ്ങൾ ഞങ്ങൾ അനുസരിക്കയും മറ്റുള്ളവർക്കു അതു ചൂണ്ടികൊടുക്കുകയും ചെയ്യുന്നു. എല്ലാവരും തിരുവെഴുത്തു തുറന്നു വായിച്ച് പഠിക്കണമെന്നാണ് ഞങ്ങളുടെ അപേക്ഷ (യോഹന്നാൻ 5:39; 2 തിമൊഥെയോസ് 2:15). അതു പഠിപ്പിക്കുന്നതുപോലെ ചെയ്യുവാനാണ് എല്ലാ സ്ഥലത്തുമുള്ള എല്ലാവരോടും ആവശ്യപ്പെടുന്നത്.

ഞങ്ങൾക്കു മറ്റു പുസ്തകമോ പുസ്തകങ്ങളോ അനുസരിക്കുവാനായിട്ടില്ല. ബൈബിളിനു തുല്ല്യമായി പുസ്തകങ്ങൾ എഴുതുവാൻ ജീവിച്ചിരിക്കുന്ന മനുഷ്യനു കഴിയുകയില്ല എന്നതാണ് ഞങ്ങൾ വിശ്വസിക്കുന്നത്. അത്തരം പുസ്തകങ്ങൾ എഴുതുവാൻ കർത്താവ് ഒരു മനുഷ്യനും കല്പന കൊടുത്തിട്ടില്ല. പരിശുദ്ധാത്മനിയോഗം പ്രാപിച്ച ആരും ഇന്നു അത്തരം എഴുത്തുകൾക്കായിട്ടില്ല.

ദൈവവചനമാണ് ദൈവത്തിൽ നിന്നും ഉത്ഭവിച്ചത്. നിത്യവചനം ദൈവശ്വാസിയമാണ്. അതിനു നമ്മെ രക്ഷിക്കാൻ കഴി

യുന്നു. ഇതേ വചനമാണ് അന്ത്യനാളിൽ നമ്മെ ന്യായം വിധിക്കു ന്നത് (യോഹന്നാൻ 12:48). സത്യത്തിന്റെ ഉറവിടം മനസിലാകാതെ അതു സത്യമാണോ എന്നു വിശ്വസിക്കാൻ പ്രയാസം നേരിടും. സത്യം വിശ്വസിക്കണമെങ്കിൽ അതു കേൾക്കണം (റോമർ 10:17). ഭൂരിഭാഗം പേരും മതപരമായി വഞ്ചിക്കപ്പെട്ടിരിക്കയാണ്. മനുഷ്യൻ തന്റെ സഹായത്തിനു കർത്താവിനെ സമീപിക്കുന്നതിനു പകരം മനുഷ്യരിലേക്കു തിരിയുന്നു. ഫലമോ കലക്കമാകുന്നു. ദൈവ ത്തിന്റെ ഉപദേശത്തേക്കാൾ മനുഷ്യരുടെ ഉപദേശത്തെ ആളുകൾ കാര്യമായി എടുക്കുന്നു. തൽഫലമായി ഭിന്നത ഉടലെടുക്കുന്നു. അതുകൊണ്ട് തീർച്ചയായും മനുഷ്യർ എല്ലാവരും രക്ഷ പ്രാപി ക്കുവാൻ വേദപുസ്തകത്തിലേക്കു മടങ്ങിവരണം.

സഭയെക്കുറിച്ചുള്ള സത്യാവസ്ഥ മനസിലാക്കുവാൻ ആളു കൾ വായിച്ചു പഠിക്കുവാനാണ് ഞങ്ങൾ ഉദ്ദേശിക്കുന്നത്. ഒരു പോലെ തോന്നുന്നവയും അല്ലാത്തവയുമായ ധാരാളം സഭകൾ ലോകത്തുണ്ട്. ഏതാണ് ശരി? ഒരാൾ ഇവ ഓരോന്നും പോയി പഠിക്കേണ്ടതുണ്ടോ?. ഇല്ല, സഭയെക്കുറിച്ചു സത്യം പ്രസ്താവി ക്കുന്ന വചനത്തിൽ നോക്കുകയാണ് വേണ്ടത്. ഒരിക്കൽ അയാൾ കർത്താവിന്റെ വചനത്തിൽ നിന്നും സത്യം മനസിലാക്കിയാൽ സഭയെ സംബന്ധിച്ച് അയാൾക്ക് തെറ്റു പറ്റാനിടയില്ല. ബൈബിൾ അനുസരിച്ചുപോകുന്ന സഭയെ തിരിച്ചറിയാനും ബുദ്ധിമുട്ട് അനു ഭവപ്പെടുകയില്ല.

രക്ഷിക്കപ്പെടുവാൻ എന്തു ചെയ്യണമെന്ന് അറിയുവാൻ സത്യമായ വചനം പരിശോധിക്കുവാനാണ് ഞങ്ങൾ ജനങ്ങളെ പ്രോത്സാഹിപ്പിക്കുന്നത്. മനുഷ്യരുടെ ഉപദേശങ്ങൾ അനുസരി ച്ചാണെങ്കിൽ രക്ഷപ്രാപിക്കുവാൻ അനേക വഴികൾ ഉണ്ട്. എന്നാൽ ഒരാൾ ദൈവത്തിന്റെ പുസ്തകത്തിൽ നോക്കിയാൽ അവിടെ ലളി തമായി പ്രതിപാദിച്ചിരിക്കുന്നതു, ഒരാൾ സത്യം കേൾക്കുക, വിശ്വ സിക്കുക, തന്റെ പാപങ്ങളിൽ നിന്നു മാനസാന്തരപ്പെടുക,

ക്രിസ്തുവിനെ ഏറ്റു പറയുക, പാപങ്ങളുടെ മോചനത്തിനായി സ്നാനമേൽക്കുക എന്നിവയാണ് (മർക്കൊസ് 16:15–16; പ്രവൃത്തി 2:38). മനുഷ്യർ പറയുന്നതിൽ നിന്നും എത്ര വ്യത്യസ്ഥമാണ് ദൈവത്തിന്റെ അരുളപ്പാട് എന്ന് അറിവിൻ. കർത്താവാണ് നമ്മുടെ രക്ഷിതാവ്. അതുകൊണ്ട് അവൻ പറയുന്നതു കേട്ടു അനുസരിച്ചാൽ യഥാർത്ഥമായി രക്ഷിക്കപ്പെടും.

ഒരാൾ ദൈവത്തെ എങ്ങനെ ആരാധിക്കണം എന്ന സത്യം അറിയുവാനും ബൈബിൾ പരിശോധിക്കുവാനുമാണ് ഞങ്ങൾ ആവശ്യപ്പെടുന്നത്. അനേക രീതികളിലുള്ള ആരാധനയാണ് മനുഷ്യർ പഠിപ്പിക്കുന്നതെങ്കിൽ ദൈവം കല്പിച്ചിരിക്കുന്നതു ഒരേ ഒരു ആരാധനാരീതിയാണ്. അതു വചനത്തിൽ നിങ്ങൾക്കു വായിക്കാം (യോഹന്നാൻ 4:24).

രക്ഷയ്ക്കായാലും, ജീവനും ഭക്തിക്കായാലും ഏതു കാര്യത്തിലും നാം സത്യം അറിയണമെങ്കിൽ വേദപുസ്തകത്തിൽ തന്നെ നോക്കണം. ബൈബിൾ വായിച്ചാൽ എല്ലാവർക്കും ഒരുപോലെ മനസിലാകുകയില്ല എന്നതു ശരിയല്ല. പിശാച് മനുഷ്യനെ നഷ്ടപ്പെടുത്തുവാൻ ബൈബിളിൽ നിന്നും അകറ്റി നിർത്തുകയാണ്. മതപരമായ കാര്യങ്ങളിൽ ദൈവം പറഞ്ഞിട്ടുള്ളത് കേട്ടു വിശ്വസിച്ച് അനുസരിച്ചാൽ നമുക്കു ഏവർക്കും രക്ഷയുണ്ട്. കാരണം നമ്മുടെ ശരിയായ സഹായി ബൈബിൾ മാത്രമാണ്.

നമ്മുടെ തത്വസംഹിത എന്താണ്? യേശുക്രിസ്തുവും അവന്റെ വചനവുമാണ്. ക്രിസ്തു ദൈവ പുത്രനാണെന്നും അവന്റെ വചനം ആണ് പരമാധികാരമായിട്ടുള്ളതെന്നും നാം വിശ്വസിക്കണം. അതു നാം കൈക്കൊണ്ടു അതുമാത്രം അനുസരിച്ച് ജീവിക്കണം. എല്ലാവരും അതുതന്നെ ചെയ്യണമെന്നാണ് ഞങ്ങൾ അപേക്ഷിക്കുന്നത്. മനുഷ്യരുടെ വിശ്വാസപ്രമാണങ്ങളായ തത്വസംഹിത അവരെ നരകത്തിലേക്കു മാത്രമെ നയിക്കു. "ഞാൻ

തന്നെ വഴിയും സത്യവും ജീവനും ആകുന്നു. ഞാൻ മുഖാന്തരം അല്ലാതെ ആരും പിതാവിന്റെ അടുക്കൽ എത്തുന്നില്ല (യോഹന്നാൻ 14:6).

## ചോദ്യങ്ങൾ

***ദയവായി ശരിയായ ഉത്തരം എഴുതുക***

1. തത്വസംഹിത എന്നതിനെ നിർവ്വചിക്കുക?..............................

.........................................................................................

2. മനുഷ്യനിർമ്മിതമായ എല്ലാ നാമധേയ വിഭാഗങ്ങളിലും ഉള്ളതെന്ത്?.........................................................................

.........................................................................................

3. ദൈവ വചനത്തോടു കൂട്ടുകയും അതിൽ നിന്നു എടുത്തു കളയുകയും ചെയ്യുവന്നവർക്കു എന്തു സംഭവിക്കും?...........

.........................................................................................

4. തിരുവെഴുത്തു പൂർണ്ണമാണോ?...............................................

5. തികവുള്ളതു എന്നു പറഞ്ഞാൽ എന്ത്?.................................

6. നാം എങ്ങനെ പ്രസ്താവിക്കണം?...........................................

7. ആധികാരികമായി മറ്റു പുസ്തകങ്ങൾ ആവശ്യമുണ്ടോ?.......

.........................................................................................

8. എന്തുകൊണ്ട് ഇന്നത്തെ മതങ്ങൾ വിഭജിച്ചിരിക്കുന്നു?..........

.........................................................................................

9. ബൈബിൾ നമ്മെ വിഭജിക്കുമോ?..........................................................................

10. കർത്താവിന്റെ സഭയുടെ തത്വസംഹിത എന്ത്?..........................................

11. നമ്മുടെ വ്യക്തിപരമായ ആശയങ്ങളും അഭിപ്രായങ്ങളും വില യുള്ളതാണോ?..............................................................................................

12. സ്വയമായ വ്യാഖ്യാനം നല്കുവാൻ നമുക്ക് അവകാശമുണ്ടോ?

..........................................................................................................

13. ബൈബിളിനോടു തുല്ല്യമായ പുസ്തകമെഴുതാൻതക്ക ഒരു മനുഷ്യൻ ജീവിച്ചിരിപ്പുണ്ടോ?..........................................................

14. ബൈബിളിനോടു തുല്ല്യമായ പുസ്തകമെഴുതാൻ കർത്താവു ആർക്കെങ്കിലും അധികാരം നല്കിയിട്ടുണ്ടോ?.....................................

15. വചനം എവിടെ നിന്നു വന്നു?..................................................................

..........................................................................................................

16. ഏതു വചനമാണ് അന്ത്യനാളിൽ നമ്മെ ന്യായം വിധിക്കുന്നത്?

..........................................................................................................

17. സത്യം എന്നാൽ എന്ത്?.............................................................................

18. സഹായത്തിനു മനുഷ്യർ പോയിരിക്കുന്നത് ആരുടെ അടുക്കൽ?..........................................................................................................

19. സഭയെ സംബന്ധിച്ച സത്യം അറിയുവാൻ മനുഷ്യർ ഏതു പുസ്തകത്തിൽ നോക്കണം?......................................................................

20. രക്ഷിക്കപ്പെടുവാൻ അനേക വഴികൾ ഉണ്ടോ?...........................................

21. രക്ഷിക്കപ്പെടുവാൻ ഒരാൾ എന്തു ചെയ്യണമെന്നാണ് ബൈബിൾ പഠിപ്പിക്കുന്നത്?.........................................................................

...............................................................................................................

22. ദൈവത്തെ എങ്ങനെ ആരാധിക്കണമെന്നു കർത്താവ് ബൈബിളിൽ വെളിപ്പെടുത്തിയിട്ടുണ്ടോ?...............................

23. ബൈബിൾ മനസിലാകുമോ?...............................................................

24. ബൈബിൾ എല്ലാവർക്കും ഒരുപോലെ മനസിലാകുമോ?........

...............................................................................................................

25. സ്വർഗ്ഗത്തിലേക്കുള്ള ഏക വഴി ആരാണ്?....................................

പാഠം 12

# സഭയുടെ ചരിത്രം

ദൈവരാജ്യം അഥവാ കർത്താവിന്റെ സഭയുടെ സ്ഥാപനം അല്ലെങ്കിൽ ഉത്ഭവം എങ്ങനെയായിരുന്നു എന്നറിയുന്നതിനു പ്രവൃത്തി 2–ാം അദ്ധ്യായം വായിച്ചാൽ മതി. യെരുശലേമിൽ കൂടിയിരുന്ന അപ്പൊസ്തലന്മാരുടെ മേൽ പരിശുദ്ധാത്മാവ് പകരുകയും അവർ ദൈവത്തിന്റെ വൻ കാര്യങ്ങൾ അത്ഭുതകരമായി അറിയിക്കാനും തുടങ്ങി. സകലദേശക്കാരും ഭാഷക്കാരുമായ യെഹൂദന്മാർ അവിടെ പെന്തെക്കൊസ്തു പെരുന്നാൾ ആഘോഷിക്കുന്നതിനുകൂടി വന്നിരുന്നു. യോവേൽ പ്രവാചകൻ പ്രവചിച്ചതു നിറവേറുന്നതാണ് ഇതെന്നു അപ്പൊസ്തലനായിരുന്ന പത്രൊസും മറ്റു അപ്പൊസ്തലന്മാരും പ്രസ്താവിച്ചു. മാനസാന്തരവും പാപമോചനവും പ്രസംഗിക്കപ്പെട്ടു. മൂവായിരം ആത്മാക്കൾ സുവിശേഷം കേട്ടു വിശ്വസിച്ചു, മാനസാന്തരപ്പെട്ടു സ്നാനപ്പെട്ടു. അവർ രക്ഷിക്കപ്പെട്ടതുകൊണ്ട് കർത്താവ് അവരെ സഭയോടു ചേർത്തുകൊണ്ടിരുന്നു. യെരുശലേമിൽ തുടങ്ങിയ സുവിശേഷ പ്രസംഗം യെഹൂദ്യ, ശമര്യാ തുടങ്ങി ലോകത്തിലെ എല്ലാ ദിക്കിലും ആകാശത്തിൻ കീഴിൽ സകല മനുഷ്യരുടേയും ഇടയിൽ ഘോഷിച്ചു (പ്രവൃത്തി 1:8; മത്തായി 28:19–20; മർക്കൊസ് 16: 15–16; കൊലൊസ്യർ 1:23).

അപ്പൊസ്തലന്മാരുടെ കാലയളവിൽ സഭ, ധൃതഗതിയിൽ വ്യാപിച്ചു വളർന്നു. പൌലൊസ്, തന്റെ പരിവർത്തനത്തിനു ശേഷം മൂന്നു മിഷനറിയാത്ര നടത്തി യെഹൂദന്മാരോടും ജാതികളോടും സുവിശേഷം അറിയിച്ചു. അതിന്റെ ഫലമായി ധാരാളം

പരിവർത്തനങ്ങൾ നടക്കുകയും ആസ്യയിലും യൂറോപ്പിലും കർത്താവിന്റെ സഭയുടെ നിരവധി ഇടവകകൾ സ്ഥാപിതമാകയും ചെയ്തു. ഉപദ്രവം നേരിട്ട സാഹചര്യത്തിൽ ഇതത്ര എളുപ്പമല്ലായിരുന്നു. ആദ്യം സഭക്കു ഉപദ്രവം നേരിട്ടതു യെരുശലേമിൽ ആയിരുന്നു. പിന്നീട് അംഗങ്ങൾ വിദൂരദേശങ്ങളിലേക്കു ചിതറിപോയി. അവർ അവിടെയെല്ലാം വചനം പ്രസംഗിച്ചുകൊണ്ടിരുന്നു (പ്രവൃത്തി 8:1–4). കുറെ കഴിഞ്ഞപ്പോൾ റോമാക്കാർ തങ്ങളുടെ കുഴപ്പങ്ങൾക്കു കാരണം ക്രിസ്ത്യാനികളാണെന്നു പറഞ്ഞു കുറ്റപ്പെടുത്താൻ തുടങ്ങി. പൌലൊസിനെ അവർ തടവിലാക്കി വിചാരണക്കായി റോമിലേക്കുകൊണ്ടുപോയി. ചരിത്രം പറയുന്നതു അപ്പൊസ്തലന്മാരിൽ യോഹന്നാൻ ഒഴിച്ചു മറ്റെല്ലാവരും കർത്താവിനു വേണ്ടി രക്തസാക്ഷിത്വം വഹിച്ചു എന്നാണ്. കോടിക്കണെക്കിനു ക്രിസ്ത്യാനികളുടെ ജീവൻ അവർ അപഹരിച്ചു.

ഉപദ്രവമല്ല സഭയെ തളർത്തിയത്. പിന്നീട് സഭയ്ക്കകത്തുണ്ടായ പ്രശ്നങ്ങളാണ് സഭയെ തളർത്തിയതു. അപ്പൊസ്തലനായിരുന്ന പൌലൊസ് മുന്നറിയിച്ചത് ചിലർ വിശ്വാസം ത്യജിച്ചുതെറ്റിപോകും എന്നായിരുന്നു. അതു നമുക്കു പരിശോധിക്കാം. "ഇനി സഹോദരന്മാരേ, നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ പ്രത്യക്ഷതയും അവന്റെ അടുക്കലുള്ള നമ്മുടെ സമാഗമനവും സംബന്ധിച്ചു ഞങ്ങൾ നിങ്ങളോടു അപേക്ഷിക്കുന്നതു: കർത്താവിന്റെ നാൾ അടുത്തിരിക്കുന്നു എന്നു വെച്ചു നിങ്ങൾ വല്ല ആത്മാവിനാലോ വചനത്താലോ ഞങ്ങൾ എഴുതി എന്ന ഭാവത്തിലുള്ള ലേഖനത്താലോ സുബോധം വിട്ടു വേഗത്തിൽ ഇളകുകയും ഞെട്ടിപ്പോകയുമരുത്. ആരും ഏതുവിധേനയും നിങ്ങളെ ചതിക്കരുത്; ആദ്യമെ വിശ്വാസ ത്യാഗം സംഭവിക്കയും നാശയോഗ്യനും അധർമ്മമൂർത്തിയുമായവൻ വെളിപ്പെടുകയും വേണം. അവൻ ദൈവാലയത്തിൽ ഇരുന്നുകൊണ്ടു ദൈവം എന്നു നടിച്ചു ദൈവം എന്നോ പൂജാവിഷയം എന്നോ പേരുള്ള സകലത്തിനും

മീതെ തന്നെത്താൻ ഉയർത്തുന്ന എതിരാളിയത്രെ. നിങ്ങളോടു കൂടെ ഇരിക്കുമ്പോൾ തന്നെ ഞാൻ ഇതു നിങ്ങളോടു പറഞ്ഞു എന്നു ഓർക്കുന്നില്ലയോ? അവൻ സമയത്തിനുമുമ്പെ വെളിപ്പെടാതിരിക്കേണ്ടതിനു ഇപ്പോൾ തടുക്കുന്നതു എന്തു എന്നു നിങ്ങൾ അറിയുന്നു. അധർമ്മത്തിന്റെ മർമ്മം ഇപ്പോഴും വ്യാപരിക്കുന്നുണ്ട്; ഇതുവരെ തടുക്കുന്നവൻ വഴിയിൽ നിന്നു നീങ്ങിപ്പോകമാത്രം വേണം. അപ്പോൾ അധർമ്മമൂർത്തി വെളിപ്പെട്ടുവരും. അവനെ കർത്താവായ യേശു തന്റെ വായിലെ ശ്വാസത്താൽ ഒടുക്കി തന്റെ പ്രത്യക്ഷതയുടെ പ്രഭാവത്താൽ നശിപ്പിക്കും (2 തെസലൊനിക്യർ 2:1–8).

അധർമ്മ മൂർത്തിയുടെ പ്രത്യക്ഷത നശിച്ചുപോകുന്നവർക്കു സാത്താന്റെ വ്യാപാരശക്തിക്കു ഒത്തവണ്ണം വ്യാജമായ സകലശക്തിയോടും അടയാളങ്ങളോടും അത്ഭുതങ്ങളോടും അനീതിയുടെ സകല വഞ്ചനയോടും കൂടെ ആയിരിക്കും, അവർ രക്ഷിക്കപ്പെടുവാൻ തക്കവണ്ണം സത്യത്തെ സ്നേഹിച്ചു കൈക്കൊള്ളായ്കയാൽ തന്നേ അങ്ങനെ ഭവിക്കും. സത്യത്തെ വിശ്വസിക്കാതെ അനീതിയിൽ രസിക്കുന്ന ഏവർക്കും ന്യായവിധി വരേണ്ടതിനു ദൈവം അവർക്കു ഭോഷ്കു വിശ്വസിക്കുമാറു വ്യാജത്തിന്റെ വ്യാപാരശക്തി അയക്കുന്നു (2 തെസലൊനിക്യർ 2:9–12).

എഫേസോസിലുള്ള സഭയിലെ മൂപ്പന്മാരോടു പൌലൊസ് പറഞ്ഞതു: നിങ്ങളെത്തന്നെയും താൻ സ്വന്ത രക്തത്താൽ സമ്പാദിച്ചിരിക്കുന്ന ദൈവത്തിന്റെ സഭയെ മേയ്പാൻ പരിശുദ്ധാത്മാവു നിങ്ങളെ അദ്ധ്യക്ഷരാക്കിവെച്ച ആട്ടിൻകൂട്ടം മുഴുവനെയും സൂക്ഷിച്ചുകൊൾവിൻ. ഞാൻ പോയശേഷം ആട്ടിൻകൂട്ടത്തെ ആദരിക്കാത്ത കൊടിയ ചെന്നായ്ക്കൾ നിങ്ങളുടെ ഇടയിൽ കടക്കും എന്നു ഞാൻ അറിയുന്നു. ശിഷ്യന്മാരെ തങ്ങളുടെ പിന്നാലെ വലിച്ചു കളവാനായി വിപരീതോപദേശം പ്രസ്താവി

ക്കുന്ന പുരുഷന്മാർ നിങ്ങളുടെ ഇടയിൽ നിന്നു എഴുന്നേൽക്കും. അതുകൊണ്ട് ഉണർന്നിരിപ്പിൻ. ഞാൻ മൂന്നു സംവത്സരം രാപ്പകൽ ഇടവിടാതെ കണ്ണുനീർ വാർത്തുംകൊണ്ടു ഓരോരുത്തന്നു ബുദ്ധിപറഞ്ഞുതന്നതു ഓർത്തുകൊൾവിൻ (പ്രവൃത്തി 20:28–31).

പൌലൊസ് മുന്നറിയിച്ചതുപോലെ സഭയ്ക്കുള്ളിൽ നിന്നു തന്നെ ചിലർ എഴുന്നേറ്റു ക്രിസ്തുവിന്റെ ശിഷ്യന്മാരെ തങ്ങളുടെ പിന്നാലെ വലിച്ചിഴച്ചുകൊണ്ടുപോയി. ലോകചരിത്രം വെളിപ്പെടുത്തുന്നതു: സഭയുടെ ഭരണതലത്തിലുള്ള ആക്രമണത്തെ തുടർന്നാണ് വിശ്വാസത്യാഗം സംഭവിച്ചതു എന്നാണ്. ഓരോ പ്രാദേശിക ഇടവകയും സ്വയം ഭരണാവകാശത്തിൽ അതതിന്റെ മൂപ്പന്മാർക്കും ശുശ്രൂഷകന്മാർക്കും കീഴ്പ്പെട്ടിരിക്കണം എന്നാണ്. കാലം കടന്നുപോയപ്പോൾ അനേക ഇടവകകളിന്മേൽ ഒരു ബിഷപ്പ് ആധിപത്യം നടത്തുവാൻ തുടങ്ങി. അങ്ങനെ ഒരു അദ്ധ്യക്ഷൻ പല ഇടവകകളെ ഭരിക്കാൻ ആരംഭിച്ചു. അതിന്റെ ഫലമോ സാർവ്വലൗകികമായി എല്ലാ സഭകളെയും ഒരു അദ്ധ്യക്ഷന്റെ കീഴിൽ കൊണ്ടുവന്നു. ഇതു പെട്ടെന്നുണ്ടായ പ്രതിഭാസമായിരുന്നില്ല. അനേക വർഷങ്ങൾ പിന്നിട്ടശേഷം സംഭവിച്ചതാണ്. അങ്ങനെ വിശ്വാസത്യാഗം സംഭവിച്ച സഭയുടെ സാർവ്വദേശീയമായ അദ്ധ്യക്ഷൻ പോപ്പ് ആയി പ്രഖ്യാപിക്കപ്പെട്ടു (എ. ഡി. 606). ഇന്നു അറിയപ്പെടുന്ന കത്തോലിക്കാ സഭ അങ്ങനെ ആരംഭിച്ചതാണ്. പക്ഷെ വിശ്വസ്തരായ കുറെ ആളുകൾ കർത്താവിന്റെ പദ്ധതിക്കു കീഴ്പ്പെട്ടു ജീവിച്ചു വന്നു. അതുകൊണ്ടു തന്റെ രാജ്യം എന്നേക്കും നിലനില്ക്കും എന്ന വാഗ്ദാനം ഉള്ളതുകൊണ്ടു കർത്താവിന്റെ സഭ നില നിന്നു.

മതപരമായലോകത്തെ പിന്നീട് കത്തോലിക്കാസഭ നിയന്ത്രണാധികാരം പുലർത്തി. അത്തരം ഒരു ഭരണത്തെ തുടർന്നു അനേക നൂറ്റാണ്ടുകൾ ഇരുണ്ടയുഗം എന്ന പേരിൽ അറിയാൻ

തുടങ്ങി. സാധാരണജനങ്ങൾക്കു ബൈബിൾ വായിക്കുവാനോ മനസിലാക്കാനോ അവസരം നിഷേധിച്ചതുകൊണ്ടായിരുന്നു അങ്ങനെ അറിയപ്പെട്ടത്. പുരോഹിതന്മാരും അദ്ധ്യക്ഷന്മാരും മാത്രമെ ബൈബിൾ വായിക്കുവാൻ യോഗ്യരായിട്ടുള്ളു, അവർക്കു മാത്രമെ അതു വായിച്ചാൽ മനസിലാകയുള്ളൂ എന്നും അവർ പറഞ്ഞിരുന്നു. ജനങ്ങൾ എന്തു അറിയണമെന്നു അവർ ആഗ്രഹിച്ചുവോ അതുമാത്രമെ അവർ പറഞ്ഞിരുന്നുള്ളു.

ഈ കാലയളവിൽ കത്തോലിക്കാ സഭ, റോമ എന്നും ഗ്രീക്ക് എന്നും രണ്ടു ശാഖകളായി പിരിഞ്ഞു. അതു ഉപകരണങ്ങൾ ഉപയോഗിക്കുന്നതിനെ സംബന്ധിച്ചും, സ്നാനത്തിനു വെള്ളം തളിക്കുന്നതിനെ സംബന്ധിച്ചും ഉള്ള തർക്കഫലമായിരുന്നു. കുറെ കാലംകൂടെ കഴിഞ്ഞപ്പോൾ കത്തോലിക്കാ സഭ, സുന്നഹദോസുകളിലൂടെ ധാരാളം വിപരീതോപദേശങ്ങളും കൂദാശകളും അവരുടെ വ്യവസ്ഥയാക്കി മാറ്റി. 15–ാം നൂറ്റാണ്ടായതോടെ കത്തോലിക്കാ സഭ ഉപദേശത്തിലും ധാർമ്മികതയിലും വളരെയധികം തരം താണുപോയി. അപ്പോഴാണ് മാർട്ടിൻ ലൂഥർ എന്ന മനുഷ്യൻ സഭയെ നവോദ്ധരിക്കാൻ ശ്രമം നടത്തിയത്.

അദ്ദേഹം ഒരു പുരോഹിതനായിരുന്നു. എങ്ങനെയായാലും അയാളെ അവർ സഭയിൽ നിന്നു പുറത്താക്കിയെങ്കിലും അയാൾക്കു ശരി എന്നു തോന്നിയ കാര്യങ്ങൾ ആളുകളെ പഠിപ്പിക്കാൻ തുടങ്ങി. ഇതിന്റെ ഫലമായി ഉടലെടുത്തതാണ് നവോത്ഥാനം അഥവാ പ്രൊട്ടസ്റ്റന്റലിസം. പിൽക്കാലങ്ങളിൽ രൂപാന്തരം പ്രാപിച്ച് ഇന്നു അറിയപ്പെടുന്ന നാമധേയ വിഭാഗങ്ങൾ എല്ലാം സംജാതമായി. ബൈബിളിലേക്കുതിരിച്ചു വരുവാനുള്ള ആ ആഹ്വാനത്തിൽ പൂർണ്ണമായി വിജയിക്കുവാൻ കഴിഞ്ഞില്ല. പരിശ്രമം നല്ല ഉദ്ദേശത്തിനു വേണ്ടിയായിരുന്നു എന്നു സമ്മതിക്കണം.

പതിനെട്ടാം നൂറ്റാണ്ടായപ്പോൾ യൂറോപ്പിലും മറ്റുമുള്ള നല്ല വരായ ചില ആളുകൾക്കു ഈ ഭിന്നതകളും കലക്കങ്ങളും കണ്ടു മടുത്തു. അവരുടെ തെറ്റുകളിൽ നിന്നു വിട്ടുമാറി വേദ പുസ്ത കത്തിലേക്കു പൂർണ്ണമായി മടങ്ങി പോകുവാൻ തീരുമാനിച്ചു. ഒരു പുതിയ സഭ ആരംഭിക്കുവാനല്ല അവർ ആഗ്രഹിച്ചത്. തിരുവെഴു ത്തിൽ വായിക്കുന്ന ഏക സഭയിലേക്കു തിരിച്ചു വരണമെന്നാണ് ആഗ്രഹിച്ചത്. ആ കാലം മുതൽ കോടിക്കണക്കിനു ആളുകൾ പുതിയ നിയമ ക്രിസ്ത്യാനിത്വം സ്വീകരിക്കുകയും ചെയ്തു. ലോകം മുഴുവൻ അങ്ങനെ ആളുകൾ മനുഷ്യരുടെ ഉപദേശ ങ്ങളും ആചാരങ്ങളും വിട്ടു കർത്താവിന്റെ കല്പനകൾ അനു സരിച്ച് കർത്താവിന്റെ സഭയിൽ അംഗങ്ങളായി ക്രിസ്ത്യാനികൾ എന്ന നാമം ധരിക്കുകയും ബൈബിൾ അവരുടെ സഹായിയായി തിരഞ്ഞെടുക്കുകയും ചെയ്തു.

ക്രിസ്ത്യാനികൾ ലോകത്തിൽ എവിടെ പോയാലും അവർ സത്യം സംസാരിക്കയും ആളുകൾ വേദഭാഗങ്ങളിൽ പ്രതിപാദി ച്ചിരിക്കുന്ന കാര്യങ്ങൾ മനസിലാക്കുകയും അനുസരിക്കുകയും ചെയ്തു.. നിർമ്മലമായ സഭ എങ്ങനെ നിലനില്ക്കുന്നു എന്നു ആഫ്രിക്കാ, ഇന്ത്യാ, റഷ്യാ, പോളണ്ട് തുടങ്ങിയ അനേക രാജ്യ ങ്ങളിൽ നേരിട്ടു കണ്ടു മനസ്സിലാക്കാം. ആരംഭം മുതൽ ക്രിസ്തു വിന്റെ സഭ നിലനിലക്കുന്നതുപോലെ ഇന്നും ഉണ്ട്. സഭയുടെ മാതൃക ബൈബിളിൽ ഉണ്ട്. അത് പിൻപറ്റുന്നവർ ബൈബിളിലെ സഭയിൽ ആണ് എന്നു പറയാം ദൈവവചനം വിത്ത് ആണ് (ലൂ ക്കൊസ് 8:11). അപ്പൊസ്തലന്മാരുടെ കാലയളവിൽ അത് എന്തു ഉല്പാദിപ്പിച്ചുവോ അതു തന്നെ ഇന്നും ചെയ്യുന്നു. അതായത് ക്രിസ്ത്യാനികൾ കർത്താവിന്റെ സഭയിലെ അംഗങ്ങളും ആയിതീരുന്നു എന്നർത്ഥം. കർത്താവിന്റെ രാജ്യമാകുന്ന സഭ എന്നേക്കുമുള്ളതാകുന്നു. അതു ഒരു മനുഷ്യനോ പിശാചിനോ നശിപ്പിക്കുവാൻ സാദ്ധ്യമല്ല. അതു ആരംഭം മുതൽ വിജയകര മായി തുടരുന്നു. അവസാനത്തോളം ഉണ്ടാകുകയും ചെയ്യും.

## ചോദ്യങ്ങൾ

*ശരിയായ ഉത്തരങ്ങൾ നല്കുക.*

1. കർത്താവിന്റെ സഭയുടെ സ്ഥാപനത്തെകുറിച്ച് ബൈബിളിൽ എവിടെ പറയുന്നു?......................................................................
2. ഏതു പട്ടണത്തിലായിരുന്നു അതു സ്ഥാപിച്ചത്?..............................
3. ആരംഭത്തിൽ എത്രപേർ കർത്താവിന്റെ സഭയോടു ചേർക്കപ്പെട്ടു?......................................................................
......................................................................
4. മറ്റു ഏതെല്ലാം സ്ഥലങ്ങളിൽ സുവിശേഷം പ്രസംഗിക്കപ്പെട്ടു?
......................................................................
5. പൌലൊസ് എത്ര മിഷനറി യാത്രകൾ നടത്തി?..............................
6. പൌലൊസ് യഹൂദന്മാരോടു മാത്രമാണോ സുവിശേഷം പ്രസംഗിച്ചത്?......................................................................
7. പൌലൊസിന്റെ പ്രവർത്തന ഫലമായി ഏതെല്ലാം രണ്ടു വൻകരകളിൽ സഭ ആരംഭം കുറിച്ചു?....................................
8. ശിഷ്യന്മാർ ഉപദ്രവം നേരിട്ടു ചിതറിപ്പോയപ്പോൾ എന്തു ചെയ്തു?......................................................................
9. കർത്താവിന്റെ സഭയെ ഉപദ്രവിച്ചതു ആർ?..............................
10. അപ്പൊസ്തലന്മാരിൽ എത്രപേർ തങ്ങളുടെ വിശ്വാസം മൂലം കൊല്ലപ്പെട്ടു?......................................................................
11. ഉപദ്രവം ഉണ്ടായിട്ടും സഭ വളർന്നോ?..............................
12. പിന്നീടു എന്തു സംഭവിക്കുമെന്നാണ് പൌലൊസ് മുന്നറിയിച്ചത്?......................................................................

.................................................................................................................

13. സഭയോടുള്ള ആക്രമണം എങ്ങനെ ആരംഭിച്ചു?.........................

.................................................................................................................

14. എ. ഡി. 606–ൽ എന്തു സംഭവിച്ചു?..................................................

15. കർത്താവിന്റെ സഭയ്ക്കു എന്തു സംഭവിച്ചു?...........................

16. തുടർന്നുള്ള അനേക നൂറ്റാണ്ടുകൾ ഇരുണ്ട യുഗം എന്നറിയപ്പെടാൻ കാരണം?.................................................................................

17. കത്തോലിക്കാ സഭയുടെ ആദ്യത്തെ പിരിവുകൾ?.......................

.................................................................................................................

18. റോമൻ കത്തോലിക്കാ സഭ നവീകരിക്കാൻ ശ്രമിച്ചത് ആർ?.....

.................................................................................................................

19. എന്തുകൊണ്ടാണ് അയാൾ അതിനെ നവീകരിക്കാൻ ശ്രമിച്ചത്?

.................................................................................................................

.................................................................................................................

20. ഇതിന്റെ ഫലമായി ഉണ്ടായതെന്ത്?..................................................

21. ബൈബിളിലേക്കു തിരിച്ചുവരുന്നതിൽ അവർ വിജയിച്ചോ?...

.................................................................................................................

22. പതിനേഴാം നൂറ്റാണ്ടിൽ എന്തു സംഭവിച്ചു?............................

23. ബൈബിളിലെ മാതൃകയിലേക്കു തിരിച്ചു വരാൻ ശ്രമിച്ച ഇവർ ഒരു പുതിയ സഭയാണോ ആരംഭിച്ചത്?.........................

24. ബൈബിളിലെ ഈ ഏക സഭ ലോകത്തിൽ മറ്റെവിടെയെങ്കിലും ഉണ്ടോ?.............................................................................................

25. ക്രിസ്തുവിന്റെ സത്യ സഭ ഇന്നു നിലവിൽ ഉണ്ടോ?......................

.................................................................................................................

പാഠം 13

# സഭ ഇന്ന്

കർത്താവിന്റെ സഭ ഏതാണ്ടു 2000 വർഷങ്ങൾക്കു മുൻപ് സ്ഥാപിതമായി. അന്നത്തേതുപോലെ അതു ഇന്നും നിലനില്ക്കുന്നുണ്ട്. അതെങ്ങനെ സാദ്ധ്യമാകും എന്നു നിങ്ങൾ ചോദിച്ചേക്കാം. അതു പുതിയ നിയമത്തിൽ വിവരിക്കുന്ന സഭയുടെ മാതൃക പിൻപറ്റുന്നതിനാലാണ്.

യഥാർത്ഥത്തിൽ ഇന്നത്തെ സഭ അന്നുതുടങ്ങിയ സഭ തന്നെയാണോ എന്നു പരിശോധിച്ചു തെളിയിക്കുവാൻ വർഷങ്ങൾതോറും നടന്നതു പരിശോധിച്ച് പെന്തെകൊസ്തു നാൾ വരെ ചുഴിഞ്ഞുനോക്കേണ്ടതുണ്ട് എന്നു ചില ആളുകൾ പറയുന്നു. അതിന്റെ ആവശ്യമില്ല. നമുക്കു വിശ്വസിക്കാവുന്ന പലതും ബൈബിളിൽ തന്നെയുണ്ട്. ആദ്യമായി കർത്താവ് പറഞ്ഞതു തന്റെ സഭ, രാജ്യം ഒരുനാളും നശിച്ചുപോകയില്ല; എന്നേക്കും നിലനില്ക്കും എന്നായിരുന്നു (ദാനിയേൽ 2:44; ലൂക്കൊസ് 1:33; എബ്രായർ 12:28). അതിന്റെ അർത്ഥം, സഭ തുടങ്ങിയ നാൾ മുതൽ ഇന്നുവരെ ഒരു സ്ഥലത്തല്ലെങ്കിൽ മറ്റൊന്നിൽ ഉണ്ടായിരുന്നു; ഇപ്പോഴും ഉണ്ട്. സഭ എല്ലാ സ്ഥലത്തും എപ്പോഴും ഉണ്ടാകണമെന്നുമില്ല. രണ്ടാമതായി രാജ്യത്തിന്റെ വിത്ത് വചനത്തിൽ സംരക്ഷിക്കപ്പെട്ടിട്ടുണ്ട് (ലൂക്കൊസ് 8:11). അപ്പൊസ്തലന്മാരുടെ കാലത്തു അ വിത്തു ക്രിസ്ത്യാനികളെ മാത്രമാണ് ഉൽപാദിപ്പിച്ചതെങ്കിൽ ഇന്നും അതു മാത്രമാണ് സംഭവിക്കുക. അങ്ങനെ ക്രിസ്ത്യാനികൾ ആകുമ്പോൾ കർത്താവു അവരെ സഭയോടു ചേർക്കും. അപ്പൊസ്തലന്മാരുടെ കാലത്തു സംഭവിച്ചതു അതാണ്. ഇന്നും അതാണ് വാസ്തവം.

തന്റെ ജനത്തിനു പിൻതുടരുവാൻ ദൈവം ഒരു മാതൃക എല്ലായ്പ്പോഴും നല്കിയിട്ടുണ്ട്. പെട്ടകം പണിയുന്നതിനു ദൈവം നോഹക്കു ഒരു മാതൃക കൊടുത്തിരുന്നു (ഉല്പത്തി 6). സമാഗമനകൂടാരം ഉണ്ടാക്കുന്നതിനു ദൈവം മോശെക്കു മുന്നറിയിപ്പോടുകൂടെ ഒരു മാതൃക കൊടുത്തിരുന്നു. കൂടാരം തീർപ്പാൻ മോശെ ആരംഭിച്ചപ്പോൾ 'പർവ്വതത്തിൽ നിനക്കു കാണിച്ച മാതൃകപ്രകാരം സകലവും ചെയ്‌വാൻ നോക്കുക' എന്നു അരുളിച്ചെയ്തിരുന്നു (എബ്രായർ 8:5). അതുപോലെ പുതിയ നിയമത്തിൽ സഭയ്ക്കുള്ള ഒരു മാതൃക കാണിച്ച് തന്നിട്ടുണ്ട്. നോഹയും മോശയും അവൻ കാണിച്ച മാതൃക പിൻതുടർന്നു. അതുപോലെ നമുക്കു കാണിച്ചുതന്ന സഭയുടെ മാതൃക നാം അനുസരിക്കണം. അവർ അന്നു ദൈവിക മാതൃകകണ്ടു കീഴ്പ്പെട്ടതുകൊണ്ട് അതിന്റെ ഫലം അനുഭവിക്കാൻ കഴിഞ്ഞു. നാമും സഭയുടെ ദൈവിക മാതൃക പിൻപറ്റിയാൽ ദൈവ പ്രസാദവും അനുഗ്രഹവും നമുക്കു കിട്ടും. അതിനോടു കൂട്ടുകയോ കുറയ്ക്കുകയോ ചെയ്യാതെ എഴുതിയിരിക്കുന്നതിൽ സംതൃപ്തരാകുക (വെളിപ്പാട് 22:18–19; 1 കൊരിന്ത്യർ 4:6).

സഭയെ തിരിച്ചറിയുന്നതിനുള്ള എല്ലാ അടയാളങ്ങളും പുതിയ നിയമത്തിൽ വ്യക്തമായി രേഖപ്പെടുത്തിയിട്ടുണ്ട്. സഭ എന്നാൽ എന്ത്? ആർ സ്ഥാപിച്ചു, എവിടെ ആരംഭിച്ചു, എപ്പോൾ തുടങ്ങി? അറിയപ്പെടേണ്ട പേർ, അതിൽ അംഗമായിതീരുന്നതെങ്ങനെ? അംഗങ്ങളെ മൊത്തത്തിൽ അറിയപ്പെടേണ്ട നാമം? അതിന്റെ പ്രവർത്തികൾ? അതിന്റെ തല ആർ? അതിന്റെ മറുവില എന്തു, അതിന്റെ രക്ഷകൻ ആർ എന്നിവയെല്ലാം വളരെ സ്പഷ്ടമായി നമ്മുടെ കർത്താവു അരുളിച്ചെയ്തിട്ടുണ്ട്. ദൈവവചനം സ്പടികതുല്ല്യമായി വ്യക്തമാക്കുന്നതുപോലെ സഭയുടെ മാതൃകയും സംശയാതീതമായി വെളിപ്പെടുത്തിയിരിക്കയാണ്.

അതുകൊണ്ട് നാം ശ്രദ്ധിച്ചു ബൈബിൾ വായിച്ച് വേദപുസ്തകത്തിലെ ഏകസത്യസഭ കണ്ടെത്തണം. ആ സത്യം നാം

മനസിലാക്കി പിൻതുടർന്നാൽ നാമും അതിൽ അംഗങ്ങളായിതീരും. ആരംഭത്തിൽ കർത്താവു സ്ഥാപിച്ചതായ അതേ സഭയായി അങ്ങനെ കാണപ്പെടാൻ കഴിയും. ഓരോ വിത്തും അതിന്റെ സസ്യത്തെ ഉല്പാദിപ്പിക്കുന്നതുപോലെ ദൈവവചനം കേട്ടു അനുസരിച്ച് വീണ്ടും ജനിക്കുന്നവർ ക്രിസ്ത്യാനികളായി തീരും. അവർ കർത്താവിന്റെ സഭയായി നിലനില്ക്കും. അതു അന്നും ഇന്നും എന്നും അതു തന്നെയായിരിക്കും പുറപ്പെടുവിക്കുന്ന ഫലം.

ലോകത്തിൽ എല്ലാ ഭാഗത്തും ക്രിസ്തുവിന്റെ സഭ കണ്ടെന്നുവരാം. അതു ഇവിടെയും എവിടെയും ഉണ്ടാകും. മനുഷ്യൻ ബൈബിൾ പറയുന്നതു അനുസരിച്ചു ജീവിക്കുകയാണെങ്കിൽ അവിടെ ഉണ്ടാകും. ദൈവേഷ്ടം ചെയ്യുന്ന ആളുകൾ എവിടെയുണ്ട് അവിടെ കർത്താവിന്റെ സഭയുണ്ട്.

ബൈബിൾ പ്രമാണിച്ചുകൊണ്ടു പോകുന്നതിനാൽ ക്രിസ്തുവിന്റെ സഭ വളർന്നു വ്യാപിച്ചുകൊണ്ടിരിക്കുന്നു. വിഭാഗീയതയെ അതു ഖണ്ഡിക്കുകയും ക്രിസ്തുവിനെ ഉയർത്തി നിർത്തുകയും ചെയ്യുന്നു. ഈ ഏക സഭയാണ് നിങ്ങൾക്കു തിരുവെഴുത്തിൽ വായിക്കാൻ കഴിയുന്നതു. അതു ഒരു നാമധേയ വിഭാഗമോ ഒന്നിലധികം നാമധേയ വിഭാഗങ്ങളുടെകൂട്ടമോ അല്ല. അതു പ്രൊട്ടസ്റ്റന്റ് അല്ല, കത്തോലിക്ക അല്ല, പെന്തെകൊസ്തല്ല, മറ്റൊരു വിഭാഗവുമല്ല. പിന്നെ അതെന്താണ്? അതു കർത്താവിന്റെ സഭ മാത്രമാണ്.

കർത്താവിന്റെ സഭയ്ക്കു ഭൂമിയിൽ ഒരു തലയോ തലസ്ഥാനമോ ഇല്ല. അങ്ങനെ ചെയ്താൽ അതു മനുഷ്യനെ ആയിരിക്കും ഉയർത്തി കാണിക്കുക. പ്രാകൃത ബുദ്ധിയിൽ നിന്നും ഉയരുന്ന ഒരു സംഘടനാ വൈഭവവും അതിനില്ല. ഓരോ പ്രാദേശിക സഭയും സ്വയം ഭരണാവകാശമുള്ള; അദ്ധ്യക്ഷന്മാരാലും, ശുശ്രൂഷകന്മാരാലും, ഉപദേഷ്ടാക്കന്മാരാലും, സുവിശേഷകന്മാരാലും

അംഗങ്ങളാലും ഉൾപ്പെടുന്നതാണ്. ഒരു അംഗം മറ്റൊരു അംഗത്തേക്കാൾ ഉയർന്നതല്ല. അങ്ങനെയുള്ള ഒരു ഔദ്യോഗിക മേധാവിത്വം ഇല്ല.

ക്രിസ്തുവിന്റെ സഭയ്ക്കു എന്നും ശത്രുക്കൾ ഉണ്ടായിരുന്നതുപോലെ ഇന്നും ഉണ്ട്. ഇന്നത്തെ മതസംഘടനകൾ മനുഷ്യനിർമ്മിതമാണ്. അവരുടെ പാരമ്പര്യത്തെ തെറ്റാണെന്നു ചൂണ്ടികാണിക്കുമ്പോൾ കർത്താവിന്റെ സഭയെ അവർ എതിർക്കുകയും ശത്രുതാ മനോഭാവത്തിൽ കാണുകയും ചെയ്യുന്നു. ചിലർ ബൈബിൾ മാത്രം അനുസരിച്ചു ജീവിക്കാൻ ശ്രമിക്കുമ്പോൾ മാനുഷിക പ്രമാണങ്ങൾ അനുസരിക്കുന്നവർക്കു അതു സഹിക്കാതെ വരുന്നു. അപ്പോൾ അവരെ എങ്ങനെയെങ്കിലും താഴ്ത്തി നിർത്തുവാൻ ആഗ്രഹിക്കുന്നു. ബൈബിളിലെ സഭ, ക്രിസ്തുവിനെ ആദരിക്കുന്നു, ക്രിസ്തുവിനു കീഴ്പ്പെട്ടിരിക്കുന്നു. എന്നാൽ സമുദായങ്ങളോ മനുഷ്യരെ ആദരിക്കയും അവർക്കു കീഴ്പ്പെട്ടിരിക്കയും ചെയ്യുന്നു. കർത്താവിന്റെ സഭയോടു അവർക്കു പോരാടുവാനുള്ള ആയുധം സത്യമല്ല. മറിച്ച്, ദുർവ്യാഖ്യാനവും, പാരമ്പര്യവും ദുരഭിമാനവും നിറഞ്ഞതാണ്.

യുഗങ്ങളായി കർത്താവിന്റെ സഭ വിജയിച്ചുതന്നെയാണിരിക്കുന്നത്. ഈ ലോകത്തിലെ ശത്രുക്കൾക്കോ നരകത്തിലെ പിശാചുക്കൾക്കോ അതിനെ തോല്പിക്കാൻ സാദ്ധ്യമല്ല. ഒരു പക്ഷെ ഒരു സ്ഥലത്തുള്ള കർത്താവിന്റെ സഭ എണ്ണത്തിൽ ചുരുക്കമായിരിക്കും. മറ്റുള്ള വിഭാഗങ്ങളുടെ അംഗസംഖ്യ വലുതായിരിക്കും. രക്ഷിക്കപ്പെടുന്നവർ ചുരുക്കമായിരിക്കും (മത്തായി 7:13, 14). ക്രിസ്തുവിനു ഏക സഭയാണുള്ളതു. അവൻ വീണ്ടും തന്റെ സഭയെ ചേർക്കുന്നതിനാണ് വരുന്നത് (എഫെസ്യർ 5:27; യോഹന്നാൻ 14:1–6). അവൻ ആ രാജ്യത്തിന്റെ രാജാവാണ്. വീണ്ടും വരുമ്പോൾ തന്റെ രാജ്യം അവൻ പിതാവായ ദൈവത്തെ ഏല്പിക്കും (1 കൊരിന്ത്യർ 15:24). ക്രിസ്തുവിനു ഒരേ ഒരു മണ

വാട്ടിയാണു ഉള്ളത്. അവൻ തന്റെ മണവാട്ടിയെ സ്വീകരിക്കാനാണ് വീണ്ടും വരുന്നത് (വെളിപ്പാട് 21:9). ബാക്കിയുള്ള സഭകൾക്ക് എന്തു സംഭവിക്കും? അവൻ അവരെ ഒരു നാളും അറിയുന്നില്ല എന്നു പറയും (മത്തായി 7:22). അവൻ അവയെ വേരോടെ പിഴുതുകളയും (മത്തായി 15:13). അവയെല്ലാം കൂട്ടി തീയിലിട്ടു ചുട്ടുകളയും.

പുതിയ നിയമ ക്രിസ്ത്യാനിത്വത്തിനു വേണ്ടിയാണ് ഞങ്ങൾ അപേക്ഷിക്കുന്നത്. ദൈവവചനത്തിലേക്കു മടങ്ങിവരിക. അതായിരിക്കട്ടെ നിങ്ങളുടെ ജീവിതത്തിന്റെ സഹായി. നിങ്ങൾ ബൈബിൾ വായിച്ചാൽ സത്യം മനസിലാകും. അതു പറയുന്നതു നിങ്ങൾ ചെയ്താൽ നിങ്ങൾക്കു പ്രയോജനമുണ്ട്. കർത്താവിന്റെ രക്ഷാപദ്ധതി അനുസരിച്ച് രക്ഷപ്രാപിക്കുക. അപ്പോൾ കർത്താവ് നിങ്ങളെ അവന്റെ സഭയോടു ചേർക്കും.

നിങ്ങൾ ക്രിസ്തുവിന്റെ സഭയിൽ അംഗമായിതീർന്നിട്ടില്ലെങ്കിൽ അംഗമായി തീരുക. ദൈവത്തിൽ വിശ്വസിച്ച്, നിങ്ങളുടെ പാപങ്ങളിൽ നിന്നു മാനസാന്തരപ്പെട്ടു, ക്രിസ്തു ദൈവപുത്രനാണെന്നു ഏറ്റു പറഞ്ഞു പാപമോചനത്തിനായി സ്നാനമേല്ക്കുക. അപ്പോൾ നിങ്ങൾ രക്ഷിക്കപ്പെടും (മർക്കൊസ് 16:16; പ്രവൃത്തി 2:38). അപ്പോൾ കർത്താവു നിങ്ങളെ അവന്റെ സഭയോടു ചേർക്കും (പ്രവൃത്തി 2:47; പ്രവൃത്തി 11:26). അപ്പോൾ നിങ്ങൾ ക്രിസ്ത്യാനികളായി തീർന്നു. നിങ്ങൾ അങ്ങനെ ദൈവേഷ്ടം അനുസരിക്കും എന്നു ഞങ്ങൾ പ്രത്യാശിക്കുന്നു. തുടർന്നു വിശ്വസ്ഥനായി ജീവിച്ച് അവന്റെ രാജ്യത്തിന്റെ വ്യാപ്തിക്കായി പ്രവർത്തിക്കുക.

## ചോദ്യങ്ങൾ

**ദയവായി ശരിയായ ഉത്തരങ്ങൾ എഴുതുക**

1. എപ്പോഴായിരുന്നു സഭ സ്ഥാപിച്ചത്?..............................................

2. സഭ ഇന്നു നിലനില്ക്കുന്നുണ്ടോ?..............................................

3. കർത്താവിന്റെ സഭ തന്നെയാണ് അതെന്ന് അറിയാൻ ഒരാൾ നൂറ്റാണ്ടുകളോളം പിന്നിട്ട് പരിശോധിക്കണോ?..........................

4. രാജ്യം എത്രകാലം നിലനില്ക്കും എന്നാണ് കർത്താവ് പറഞ്ഞത്?..............................................................................

..............................................................................................

5. രാജ്യത്തിന്റെ വിത്ത് എന്താണ്?..............................................

6. ആ വിത്ത് ഇന്നു ഉല്പ്പാദിപ്പിക്കുന്നതെന്ത്?..................................

7. നോഹക്കും മോശെക്കും ദൈവം കൊടുക്കുന്നതെന്ത്?................

..............................................................................................

8. കർത്താവിന്റെ സഭയുടെ മാതൃക എവിടെ?...........................

9. സഭയെ തിരിച്ചറിയാവുന്ന അടയാളങ്ങൾ എവിടെ?....................

..............................................................................................

10. സഭയെ കുറിച്ച് കർത്താവു പറഞ്ഞതെന്ത്?..........................

11. ബൈബിളിലെ ഏക സഭയെ നമുക്ക് എങ്ങനെ അറിയാം?.......

..............................................................................................

12. ക്രിസ്തുവിന്റെ സഭ എവിടെയാണ് ഇന്ന് ഉള്ളത്?........................

13. സഭ ഒരു നാമധേയ വിഭാഗമാണോ?..........................................

14. അതിനു ഭൂമിയിൽ തലയോ തലസ്ഥാനമോ ഉണ്ടോ?................

15. സഭയുടെ ശത്രുക്കൾ ആർ?....................................................

16. അവരുടെ ആയുധങ്ങൾ എന്തെല്ലാം?.........................................

17. യുഗങ്ങളായി സഭ വിജയിക്കുകയായിരുന്നോ?..........................

18. ക്രിസ്തു എന്തിനുവേണ്ടിയാണ് വീണ്ടും വരുന്നത്?......................

..............................................................................................

19. ഞങ്ങളുടെ അപേക്ഷ എന്ത്?...................................................

20. ഒരാൾ ക്രിസ്ത്യാനിയായി കർത്താവിന്റെ സഭയിലെ അംഗമായി തീരുന്നതിനുള്ള നടപടികൾ എന്തെല്ലാം?..............................

..................................................................................................................................

*ശരിയോ തെറ്റോ എന്നു അടയാളപ്പെടുത്തുക (✓) (X)*

1. ക്രിസ്തു പണിത സഭ ഇന്നും നിലനില്ക്കുന്നു.
2. സഭ ഒന്നു മാത്രം.
3. സഭ ധരിക്കേണ്ടതു ക്രിസ്തുവിന്റെ നാമമാണ്.
4. സഭയിലെ അംഗത്വം രക്ഷിക്കപ്പെടുവാൻ ആവശ്യമാണ്.
5. ക്രിസ്തു തന്റെ സഭയ്ക്കായി വീണ്ടും ഒരു നാൾ വരും.